Reg. No. 101, M. 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1126 മേടം 19—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 മേയ് 2 | ലക്കം 35

# പരി. കന്യക വീണ്ടും ഫ്റാൻസിൽ!

(പോൾ തച്ചിൽ എം. എ.)

ഇരുപത്തെട്ടു് സംവത്സരങ്ങൾക്കുള്ളിൽ പരിശുദ്ധ ജനനി നാലുപ്രാവശ്യം ഫ്റാൻസിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. 1830-ൽ പാരീസിൽവച്ചും, 1846-ൽ ലാസലേററിൽവച്ചും പരിതപിക്കാതിരുന്നാൽ വരുവാൻപോകുന്ന വിപത്തുകളെക്കുറിച്ചു് മുന്നറിയിപ്പു നല്കി. "പശ്ചാത്തപിക്കുവിൻ! അനുതപിക്കുവിൻ!" എന്നുള്ള സന്ദേശംതന്നെയായിരുന്നു 1858-ൽ ലൂർദ്ദിൽ ആവർത്തിക്കപ്പെട്ടതു്.

ഫ്റഞ്ചു് ജനതയിൽ കുറേപേർ മാനസാന്തരപ്പെട്ടെങ്കിലും ഭൂരിഭാഗവും പാപമാർഗ്ഗങ്ങളിൽ തുടരുകതന്നെചെയ്തു. ഫലം വിപ്ലവങ്ങളും വിളവുനാശവും ക്ഷാമബാധയുമായിരുന്നു. 1870-ൽ അന്നുവരെ സംഭവിച്ചതിൽ ഏററവും ഭയാനകമായ ഫ്റാൻകോ—പ്രഷ്യൻയുദ്ധം ആരംഭിക്കുകയുണ്ടായി. നെപ്പോളിയൻ തൃതീയനെക്കൊണ്ടു ബിസ്മാർക്കിൻെറ നേതൃത്വത്തിൽ സമരംചെയ്തിരുന്ന പ്രഷ്യാക്കാരെ അഭിമുഖീകരിക്കുവാൻ സാധിച്ചില്ല. ദിനംദിനമെന്നോണം ശത്രുക്കൾ പാരീസിൽ അനുസ്യൂതമായി വലിയതോക്കുപ്രയോഗം നടത്തി. ഏതു നിമിഷത്തിലും ഛിന്നഭിന്നമാക്കപ്പെടുമെന്നുള്ള ഭീതി പാരീസ ജനതയെ ആകുലരാക്കിത്തീർത്തു. ഫ്റാൻസിൻെറ ഇതരഭാഗങ്ങളിലെ ജനങ്ങളും അപ്രതീക്ഷിതമായി ആക്രമിക്കപ്പെടുമെന്നുള്ള ഭയത്തിൽ കഴിഞ്ഞുകൂടി.

വിധിനിർണ്ണായകമായിരുന്ന ആ ഘട്ടത്തിൽ ലക്ഷക്കണക്കിനു് ഫ്റഞ്ചുകാർ അവരുടെ മാതാവും സംരക്ഷകയുമായ മറിയത്തിലേക്കു് പിൻതിരിഞ്ഞു. പാരീസ്, ലാസലേററ്, ലൂർദ്ദ് എന്നീ പുണ്യസ്ഥലങ്ങളിൽ ആളുകൾ ഓടിക്കൂടി അവരുടെ പ്രിയ രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. ദേവാലയങ്ങളിലും ഭവനങ്ങളിലും ഭക്തിയോടുകൂടിത്തന്നെ ജപമാല ചൊല്ലിത്തുടങ്ങി. ഫ്റാൻസിലെ ജനങ്ങളെല്ലാം മാനസാന്തരപ്പെട്ടുവെന്നു ഇതുകൊണ്ടു് അർത്ഥമാക്കേണ്ടതില്ല.

ബ്രിട്ടണിയുടെ പ്രാന്തപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന പോൻററ്മെയിൻ (Pontmain) എന്ന ഗ്രാമത്തിലായിരുന്നു ബർബദെത്താ കുടുംബം വസിച്ചിരുന്നതു്. അന്നു പ്രസ്തുതഗൃഹത്തിൽ മാതാപിതാക്കന്മാരോടുകൂടി യഥാക്രമം പന്ത്രണ്ടും പത്തും വയസ്സായ യൂജീനും ജോസഫും മാത്രമേ ഉണ്ടായിരുന്നുള്ളു. കൃഷികവൃത്തി സ്വീകരിച്ചിരുന്ന അവർ മാതൃകാപരവും ലളിതവുമായ ജീവിതമാണു നയിച്ചിരുന്നതു്.

1871 ജാനുവരി പതിനേഴാം തീയതി ആകസ്മികമായി ജീനററ് ഡെററയിസ് എന്നു പേരായ ഒരു അയൽക്കാരി ബർബെദത്താ കുടുംബാംഗങ്ങളെ സന്ദർശിച്ചു. പിതാവും ആൺകുട്ടികളും കളപ്പുരയിൽ ജോലിചെയ്യുകയായിരുന്നു. സന്ദർഭവശാൽ യൂജെയിൻ പുറത്തേക്കു നോക്കുവാനിടയായി. പെട്ടെന്നു് അവൻ ഏതോ ഒന്നിൽ ശ്രദ്ധ കേന്ദ്രീകരിച്ചു നോക്കിത്തുടങ്ങി.



ഇരുപതു് ഇരുപത്തഞ്ചടി ഉയരത്തിൽ അയൽഗൃഹത്തിനു് ഉപരിയായി പരമസുന്ദരിയായ ഒരു സ്ത്രീയെ അവൻ ദർശിച്ചു. അവരുടെ വസ്ത്രം ആകാശത്തെക്കാൾ കടുത്ത നീലനിറമുള്ളതായിരുന്നു. കുപ്പായം നീണ്ട കൈകളോടുകൂടിയതും അയവുള്ളതും ചുളുക്കുകൾ ഉള്ളതുമായിട്ടാണു് കാണപ്പെട്ടതു്. സ്വർണ്ണവർണ്ണപ്പിത്തകളാൽ ബന്ധിക്കപ്പെട്ട ചെരുപ്പുകൾ ധരിച്ചിരുന്ന അവരുടെ തലയിൽ മൃദുവായ ശിരോവസ്ത്രത്തിനു പുറമെ ഒരു പൊൻകിരീടവും ഉണ്ടായിരുന്നു. അവരുടെ മുഖം ചെറുതും മനോഹരവും ഏകദേശം പതിനെട്ടു് ഇരുപതുവയസ്സു് പ്രായംതോന്നിക്കുന്നതുമായിരുന്നു. കൈകൾ രണ്ടും ഇരുഭാഗത്തേക്കു് നീട്ടിപ്പിടിച്ചുകൊണ്ടു് ആ കുട്ടിയെ നോക്കി അവർ മന്ദസ്മിതംതൂകി. യൂജീൻ പരിഭ്രമത്തോടുകൂടിവിളിച്ചുപറഞ്ഞു: "നോക്കു, ജീനററു്. അഗസ്റ്റിൻ ഗൈഡ്കോക്കിൻെറ വീടിനുമുകളിലായി എന്താണു കാണുന്നതു്?" അവർ ആകാശത്തേക്കു് നോക്കിക്കൊണ്ടു് യാതൊന്നുമില്ലെന്നു ഉത്തരംപറഞ്ഞു.

യൂജീൻ സഹോദരനേയും പിതാവിനേയും വിളിച്ചു. പിതാവിനു യാതൊന്നും വീക്ഷിക്കുവാൻ സാധിച്ചില്ല. എന്നാൽ ജോസഫ് പറഞ്ഞു, "ഓ! ഞാൻ അതിസുന്ദരിയായ ഒരു സ്ത്രീയെ ദർശിക്കുന്നു!" അവൻ അവരുടെ വസ്ത്രധാരണരീതിയെ വ്യക്തമായി വിവരിക്കുവാൻ തുടങ്ങി.

കുട്ടികളുടെ അമ്മ ആ സ്ത്രീക്കു് എന്തു പൊക്കം ഉണ്ടു് എന്നു ചോദിച്ചു. "സിസ്റ്റർ വിററാലിൻെറ ഉയരംതന്നെ" എന്നായിരുന്നു അവരുടെ മറുപടി. അതു പറഞ്ഞപ്പോൾ ആ കുടുംബനായികയ്ക്കു് ഒരു നവീനാശയം തോന്നി. "ശരി, ഞാൻ പോയി ആ സഹോദരിയോടു വരുവാൻ പറയാം. അവർ നിങ്ങളെക്കാൾ ഭേദമാണു്. നിങ്ങൾ എന്തെങ്കിലും കാണുന്നുണ്ടെങ്കിൽ, തീർച്ചയായും അവർക്കും ദൃശ്യമാകാതിരിക്കയില്ല." പക്ഷെ ആ സന്യാസിനിക്കു് അസാധാരണമായി യാതൊന്നും കണ്ടെത്തുവാൻ സാധിച്ചില്ല.

"എന്തുകൊണ്ടാണു് നിങ്ങൾ യാതൊന്നും കാണാത്തതു? ദർശനം അത്രയ്ക്കു വളരെ ശോഭയുള്ളതാണല്ലോ. തിളങ്ങുന്ന ആ മൂന്നു നക്ഷത്രങ്ങളെ കാണുന്നില്ലയോ?" എന്നു യൂജീൻ ചോദിച്ചു.

"ഉവ്വ്, അവയെ എനിക്കു കാണാം."

"എന്നാൽ ഏററവും പൊക്കത്തിലുള്ള നക്ഷത്രം ആ സ്ത്രീയുടെ ശിരസ്സിനു മുകളിലാണു്. മററു രണ്ടും അവരുടെ കൈമുട്ടുകളുടെ ഒപ്പവുമാണു്."

ആ മൂന്നു നക്ഷത്രങ്ങൾ ആ രാത്രിമാത്രം എല്ലാവർക്കും ദൃശ്യമായിരുന്നു.

സിസ്റ്റർ വിററാലിൻ വിദ്യാലയത്തിൽ തിരിച്ചെത്തിയ ഉടനെ ബോർഡിംഗിൽ താമസിച്ചിരുന്ന മൂന്നു ചെറുബാലികമാരെ മാഡംബർബെത്തയുമൊരുമിച്ചു അയച്ചു. ധാന്യപ്പുരയിൽ എത്തുന്നതിനു മുമ്പുതന്നെ പതിനൊന്നുവയസ്സായ ഫ്റാൻകോയിസ് റിച്ചർ "അതാ നോക്കു! അഗസ്റ്റിൻ ഗൈഡ്കോക്കിൻെറ വീടിനു മുകളിലായി എന്തു പ്രകാശം," എന്നു പറഞ്ഞുതുടങ്ങി.

അവർ കളപ്പുരയുടെ വാതുക്കൽ എത്തിയപ്പോൾ ഫ്റാൻകോയിസും ഒൻപതുവയസ്സായ ജീൻ മേരി ലെബോസ്സയും ഒരേസ്വരത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: "ഓ! നീലവസ്ത്രധാരിയും, സ്വർണ്ണവർണ്ണനക്ഷത്രങ്ങളാൽ അലംകൃതയുമായ സൗന്ദര്യവതി!" എന്നു് അവർ കാഴ്ചയെ വിവരിക്കുകയുണ്ടായി. പക്ഷെ മൂന്നാമത്തെ കുട്ടി യാതൊന്നും കാണുകയുണ്ടായില്ല.

ഉടനെ ആ വാർത്ത എങ്ങും പരന്നു. ഏകദേശം എൺപതുപേർ—ഏറക്കുറെ ആ ഗ്രാമത്തിലെ എല്ലാവരുംതന്നെ—അവിടെ സമ്മേളിച്ചിരുന്നു. ആറുവയസ്സായ അനാരോഗ്യവാനായ യൂജീൻ ഫ്റൈററാസ്സും, ടവായിട്ടിൻ എന്നു പേരായ ഒരു ചെരുപ്പുകുത്തിയുടെ രണ്ടുവയസ്സായ പെൺകുട്ടിക്കും ദർശനം കാണുവാൻ സാധിച്ചു.

ആ സ്ത്രീയുടെ ഹൃദയത്തിനു മുകളിലായി ഒരു ചുവന്ന കുരിശു കാണപ്പെട്ടു. ധരിച്ചിരുന്ന വസ്ത്രത്തെക്കാൾ കടും നീലനിറത്തിലുള്ള ഒരു ദീർഘവൃത്തത്താൽ അല്ലെങ്കിൽ "ചട്ട"ത്താൽ അവർ ആവരണം ചെയ്യപ്പെട്ടിരുന്നു. അതിനുള്ളിലായി നാലു മെഴുകുതിരിഘാതങ്ങളും (Sockets) ഓരോന്നിലും കത്തിക്കാത്ത ഓരോ തിരിയും ഉണ്ടായിരുന്നു. നാലു കുട്ടികളും ആത്മാർത്ഥതയോടുകൂടി പറഞ്ഞിരുന്നതിനാൽ ആരും അവരെ സംശയിച്ചിരുന്നില്ല.

മുഖത്തു് ദുഃഖഭാവമാണു് കാണുന്നതെന്നു് അവർ അറിയിച്ചു. "കുട്ടികൾക്കു മാത്രമേ സ്വർഗ്ഗീയദർശനം ഉണ്ടാകുന്നുള്ളുവെങ്കിൽ അവർ നമ്മെക്കാൾ അർഹരായതുകൊണ്ടാണു്," എന്നു് സന്നിഹിതനായിരുന്ന പുരോഹിതൻ അഭിപ്രായപ്പെട്ടു.

അദ്ദേഹത്തിൻെറ നിർദ്ദേശാനുസരണം ജനം ധാന്യപ്പുരയുടെ അകത്തും പുറത്തുമായി മുട്ടുകുത്തി പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. യാതൊരുവനും മഞ്ഞും തണുപ്പും ഗൗനിക്കുന്നതായി അനുഭവപ്പെട്ടില്ല. സിസ്റ്റർ മേരി എഡ്വേർഡ് ജപമാലയുടെ നേതൃത്വം ഏററെടുത്തു.

പെട്ടെന്നു് ആ സ്ത്രീ വളരുവാൻ തുടങ്ങി. "സിസ്റ്റർ വിററലിൻെറ ഇരട്ടി വലിപ്പം ഉണ്ടു് ഇപ്പോൾ," എന്നവർ വിളിച്ചുപറഞ്ഞു. നീലവൃത്തം ആനുപാതികമായി വലുതായി. ആകാശത്തിലെ ന

ക്ഷത്രങ്ങൾ ഇരുവശങ്ങളിലേക്കും മാറി കൊടുത്തു. അതിൻശേഷം അവ വലയത്തിനു പുറമെയായി അവരുടെ പാദങ്ങളുടെ അധോഭാഗത്തു് അണിനിരന്നു. ഏറെക്കുറെ നാല്പതോളം ഉണ്ടായിരുന്ന ആ നക്ഷത്രങ്ങൾ കുട്ടികൾക്കു മാത്രമേ ദൃശ്യമായിരുന്നുള്ളു. കുറെ ദൂരെയായി വേറെയും നക്ഷത്രങ്ങൾ പ്രത്യക്ഷപ്പെട്ടു. ക്രമേണ അവ പ്രസ്തുത സ്ത്രീയുടെ വസ്ത്രത്തെ സ്പർശിച്ചുനിന്നു.

ജപമാലാനന്തരം സിസ്റ്റർ മേരി എഡ്വേർഡ് "Magnificat" എന്നാരംഭിക്കുന്ന ഗീതം തുടങ്ങി. ആദ്യത്തെ പാദം കഴിയുന്നതിനുമുമ്പായിത്തന്നെ "എന്തോ പുതിയതു് വരുന്നുണ്ടു്," എന്നു് ബാലികാബാലന്മാർ അറിയിച്ചു. ഒരു വെളുത്ത ചുരുൾ താനേ നിവർന്നുവന്നു. അതിനു് ഏകദേശം ഒരു വാര വീതിയും, വീടിന്റെ മേൽപ്പുരയുടെ നീളവും ഉണ്ടായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ സാവധാനം അതിൽ ചില സ്വർണ്ണലിപികൾ കാണപ്പെട്ടു. ആരംഭിച്ചിരുന്ന സംഗീതം പൂർത്തിയാകുന്നതിനുമുമ്പുതന്നെ കുട്ടികൾ 'Mais priez, mes enfants' (But pray, my children — എന്നാൽ പ്രാർത്ഥിക്കുക, എന്റെ കുട്ടികളേ) എന്നു വായിച്ചു.

അവിടെ സന്നിഹിതരായിരുന്നവർ ലുത്തിനിയ പാടുകയും, തത്സമയം കൂടുതൽ അക്ഷരങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്തു. പുതിയ സന്ദേശം "Dieu vous exaucera en peu de temps (God will hear you in a little while — ദൈവം അല്പസമയത്തിനുള്ളിൽ നിങ്ങളുടെ പ്രാർത്ഥനകൾ ശ്രവിക്കും) എന്നായിരുന്നു. അതിനുശേഷം Inviolata എന്ന ഗീതം പാടി. അപ്പോൾ രണ്ടാമത്തെ നിര അക്ഷരങ്ങൾ ദൃശ്യമായിത്തുടങ്ങി. വാചകം പൂർത്തിയായപ്പോൾ അതു് ഇപ്രകാരമായിരുന്നു: "Mon fils se laisse toucher" (My son permits Himself to be moved — എന്റെ സുതൻ സ്വയമേവ മനസ്സിളക്കപ്പെടുവാൻ അനുവദിക്കുന്നു.) തുടർന്നു വേറെയും ചില ഗീതങ്ങൾ ആലപിച്ചുകൊണ്ടിരുന്നപ്പോൾ അക്ഷരങ്ങൾ താനെ മറഞ്ഞുപോയി.

തദനന്തരം ആ സ്ത്രീയുടെ അരികിൽ ഒരു ചുവന്ന കുരിശുരൂപം പ്രത്യക്ഷപ്പെട്ടു. അവർ അതു് കൈയിൽ എടുത്തുകൊണ്ടു് കുട്ടികളുടെ നേരെ നീട്ടി. കുരിശിന്റെ മുകളിൽ യേശു ക്രിസ്തു (Jesus Christ) എന്ന ചുവന്ന അക്ഷരങ്ങൾ വെള്ള പശ്ചാത്തലത്തിൽ കാണാമായിരുന്നു. ഒരു നക്ഷത്രം പെട്ടെന്നു പരിശുദ്ധ ജനനിയുടെ കാൽപ്പാദത്തിങ്കൽനിന്നു പൊന്തിവന്നു് ആദ്യം അടിയിൽ ഇടത്തുഭാഗത്തെയും, പിന്നീടു മുകൾഭാഗത്തെയും, ശിരസ്സിനു മുകളിൽക്കൂടി കടന്നു വലത്തുഭാഗത്തെയും മെഴുകുതിരികൾ കത്തിച്ചു. അതു പിന്നെ ഉയർന്നു നീലവൃത്തം കടന്നു മറിയത്തിന്റെ ശിരസ്സിനു മുകളിലായി നിന്നു. കുറച്ചുകഴിഞ്ഞു കുരിശുരൂപം അന്തർദ്ധാനം ചെയ്തു. അനന്തരം ദർശനം അമലോത്ഭവമാതാവിന്റെ രൂപം പ്രാപിച്ചു. ഏകദേശം എട്ടിഞ്ചു വലിപ്പമുള്ള ഓരോ ചെറിയ വെളുത്ത കുരിശു മാതാവിന്റെ ഓരോ തോളിലും കാണപ്പെട്ടു.

ഒരു വെളുത്ത തിരശ്ശീല ക്രമേണ മറിയത്തിന്റെ പാദത്തിങ്കൽ നിന്നു ഉയർന്നുവന്നു. ക്രമശഃ മൂന്നു മണിക്കൂറിലധികം ദീർഘിച്ച ആ കാഴ്ച ആച്ഛാദനം ചെയ്യപ്പെട്ടു.

പ്രഷ്യാക്കാർ പോൻറ്മെയിനിൽ ഒരിക്കലും എത്തിയില്ല. ഏതോ അജ്ഞാതമായ കാരണങ്ങളാൽ അവർ ആ ഗ്രാമത്തിൽ എത്തുന്നതിനുമുൻപു് പിന്തിരിഞ്ഞുപോകുകയാണുണ്ടായതു്.

ജാനുവരി 27-ാംതിയതി, ദർശനം കഴിഞ്ഞു കൃത്യം പത്തുദിവസങ്ങൾക്കുശേഷം, ഇരുകൂട്ടരും തല്ക്കാലസന്ധിക്കു് ഒപ്പുവച്ചു. യുദ്ധത്തിൽ ഫ്രാൻസ് തോല്പിക്കപ്പെട്ടെങ്കിലും, വളരെയധികം നഷ്ടപരിഹാരം ചെയ്യേണ്ടിവന്നെങ്കിലും, രക്തച്ചൊരിച്ചിലിനു വിരാമമിടുവാൻ സാധിച്ചു.

ഇത്തവണ മാതാവു് പ്രത്യക്ഷപ്പെട്ടതു് ജനങ്ങളുടെ പ്രാർത്ഥന ശ്രവിക്കപ്പെട്ടുവെന്നും അവരുടെ അരിഷ്ടതകൾ ഉടനെ അവസാനിക്കുമെന്നും അറിയിക്കുവാനായിരുന്നു. ഇതിൽനിന്നു ഈശോയും മറിയവും നമ്മുടെ പ്രാർത്ഥനകൾ കേൾക്കുവാൻ അതിതല്പരരാണു് എന്നുള്ളതു് വ്യക്തമല്ലയോ?

ഇന്നത്തെ ലോകത്തെ 1871ലെ ഫ്രാൻസിനോടു താരതമ്യപ്പെടുത്താവുന്നതാണു്. ഏകദേശം പകുതിയോളം ഈശ്വരവൈരികൾക്കു് കീഴ്പ്പെട്ടിരിക്കയാണു്. ഇതരഭാഗവും കീഴടക്കപ്പെടുമെന്നുള്ള ഭീതിയിൽ കഴിഞ്ഞുകൂടുന്നു. എന്നാൽ ഫ്രാൻകോ-പ്രഷ്യൻ യുദ്ധത്തിലെന്നതുപോലെതന്നെ മറിയത്തിനു നമ്മുടെ കഷ്ടതകൾക്കും അന്ത്യം വരുത്തുവാൻ സാധിക്കും. ഇത്തവണ നമ്മോടു് മുൻകൂട്ടിത്തന്നെ വാഗ്ദാനംചെയ്തിട്ടുമുണ്ടു്. "എന്റെ അഭ്യർത്ഥന അനുവദിക്കപ്പെടുകയാണെങ്കിൽ റഷ്യ മാനസാന്തരപ്പെടുകയും ലോകത്തിനു സമാധാനം കൈവരുകയും ചെയ്യും."

# സഖാവിന്റെ നാട്ടിൽ

(ആന്റണി ജോസഫ് ഇലഞ്ഞിക്കൽ)

സഖാവു സ്റ്റാലിന്റെയും കൂട്ടാളികളുടെയും "സമത്വസുന്ദര"മായ സോവ്യറ്റു നാട്ടിൽ "ജനകീയ"ഭരണത്തിന്റെ പലപല പുതിയ ഏടുകൾ കാണാൻകഴിയും. പ്രഥമവീക്ഷണത്തിൽ ഏതൊരുവനും റഷ്യയിലെ മാറ്റമില്ലാത്ത പാർട്ടിഭരണത്തിൽ അത്ഭുതപ്പെട്ടേക്കാം. എന്നാൽ ആ ഭരണകൂടത്തിന്റെ ശക്തിമുഴുവനും ജനങ്ങളുടെ വിശ്വാസത്തിലല്ല, നേരെമറിച്ചു് സ്റ്റാലിൻ കൂട്ടാളികളുടെ സേച്ഛാധിപത്യമാകുന്ന ആ മൂർച്ചയേറിയ ഖഡ്ഗത്തിലാണെന്ന പരമാർത്ഥം ലോകമേതാണ്ടു ഗ്രഹിച്ചുകഴിഞ്ഞു. പാർട്ടിയോടു് വിശ്വാസവും ആദരവും കാണിക്കാത്ത ഏതൊരുവന്റെമേലും ആ ഖഡ്ഗം ഇന്നല്ലെങ്കിൽ നാളെ നിപതിക്കുമെന്നുള്ളതു നിശ്ചയം. സോവ്യറ്റു യൂണിയന്റെ കരുപ്പിടുത്തത്തിൽ ലെനിൻ കഴിഞ്ഞാൽ അടുത്ത പങ്കുവഹിച്ചിരുന്ന ട്രോട്സ്കി, സ്റ്റാലിനുമായി അഭിപ്രായവ്യത്യാസമുണ്ടെന്നുള്ള കാരണത്താൽ റഷ്യയിൽനിന്നും പലായനം ചെയ്തതും, 1940-ൽ മെക്സിക്കോയിൽവച്ചു് കമ്മ്യൂണിസ്റ്റ്ചാരന്മാരാൽ നിഷ്ഠുരമായി വധിക്കപ്പെട്ടതും ചരിത്രമുള്ള കാലത്തോളം മറക്കുവാനോ, മാച്ചുവാനോ സാദ്ധ്യമല്ലാത്ത ഒരു പരമാർത്ഥംമാത്രമാണു്. ഇതുപോലെ എത്രയെത്ര നേതാക്കന്മാരും, സാധാരണ പൗരന്മാരും സോവ്യറ്റുനാട്ടിൽനിന്നും വർഷംതോറും, പോരാ നിത്യവും അപ്രത്യക്ഷരാകുന്നു.

സോവ്യറ്റുനാട്ടിൽ കുറ്റം കണ്ടുപിടിക്കുന്നതിനും, വിസ്തരിക്കുന്നതിനും സ്വീകരിച്ചിരിക്കുന്ന നടപടികൾ, ജനകീയഭരണത്തിൽ തഴകി, എക്സിക്യൂട്ടീവിൽനിന്നും നിയമനിർമ്മാണസഭയിൽനിന്നും സ്വതന്ത്രമായി നിലകൊള്ളുന്ന ഒരു ജുഡീഷ്യറിയുടെ തണലിൽ ജീവിക്കുന്ന ജനങ്ങൾക്കു് അത്ഭുതമുളവാക്കിയേക്കാം. അവിടത്തെ നീതിനടത്തൽ നല്ലപോലെ ആസ്വദിച്ചവർ വളരെയുണ്ടു്. എന്നാൽ ആ "മധുര"ഫലം ഭുജിച്ചശേഷം പുറത്തുവരുവാൻ സാധിച്ചിട്ടുള്ളവർ വളരെ ചുരുങ്ങും. അതിലൊരാളാണു് പോളണ്ടുകാരനായ സ്റ്റിപുൾക്കോവ്സ്കി എന്ന ഒരു അഭിഭാഷകൻ. കുറ്റമൊന്നും തെളിഞ്ഞില്ലെങ്കിലും, അദ്ദേഹത്തെ നാലുമാസത്തെ തടവിനു വിധിക്കുകയും, ആ കാലാവധിക്കുശേഷം അദ്ദേഹം ഇംഗ്ലണ്ടിലേക്കു പലായനംചെയ്യുകയുംചെയ്തു. കുറച്ചുനാൾമുൻപു്, റഷ്യയിൽ തനിക്കുണ്ടായ അനുഭവത്തെപ്പറ്റി അദ്ദേഹം ബി. ബി. സി യിൽക്കൂടി ഒരു പ്രക്ഷേപണം നടത്തുകയുണ്ടായി.

നാസികൾക്കെതിരായി പോളണ്ടിൽ നടത്തിയിരുന്ന അട്ടിമറിപ്പൻ പ്രസ്ഥാനത്തിൽ സ്റ്റിപുൾക്കോവ്സ്കി സജീവമായി പങ്കെടുത്തിരുന്നു. ഏറെത്താമസിയാതെ ജർമ്മൻകാർ പോളണ്ടിൽനിന്നും തുരത്തപ്പെടുകയും, റഷ്യ പോളണ്ടിന്റെ ഒരു വിഭാഗം തങ്ങളുടെ അധീനതയിലാക്കുകയും ചെയ്തു. ഈ വിഭാഗത്തിന്റെ ഭാവിയെപ്പറ്റി പര്യാലോചിക്കാൻ തന്നെയും തന്റെ സഹപ്രവർത്തകരെയും ക്ഷണിച്ചുകൊണ്ടുള്ള ഒരു കത്തു് മാർഷൽ സുക്കോവിൽനിന്നും സ്റ്റിപുൾക്കോവ്സ്കിക്കു കിട്ടി. നിർദ്ദിഷ്ട സ്ഥാനത്തുചെന്നപ്പോൾ മാർഷൽ സുക്കോവു വേറൊരു സ്ഥലത്തേക്കു പോയിരുന്നു. ഇങ്ങനെ രണ്ടുമൂന്നു സ്ഥലത്തേക്കു മാറിമാറി പോകേണ്ടിവന്ന അവർ ഭഗ്നാശരായി മടങ്ങാൻ തുടങ്ങുമ്പോഴാണു് ഒരു വിമാനത്തിൽ കയറാൻ നിർബന്ധിതരായിത്തീർന്നതു്. പടിഞ്ഞാറോട്ടു പറക്കുമെന്നു വിചാരിച്ച ആ വിമാനം കിഴക്കോട്ടാണു് പാഞ്ഞുപോയതു്. അന്വേഷണത്തിൽ മാർഷൽ സുക്കോവു് മോസ്കോയിലാണെന്നും തങ്ങൾ അങ്ങോട്ടാണു പോകുന്നതെന്നും അവർക്കു മനസ്സിലായി.

മോസ്കോ വിമാനത്താവളത്തിൽനിന്നും അവരെ കാറിൽ കയറ്റി മാർബിൾനിർമ്മിതമായ ഒരു എടുപ്പിലേക്കാണു് കൊണ്ടുപോയതു്. അവിടെയെത്തിയപ്പോൾ സ്റ്റിപുൾക്കോവ്സ്കിയുടെ കൂടെയുണ്ടായിരുന്ന ഒരു സ്നേഹിതൻ അദ്ദേഹത്തോടു പറയുകയാണു് "നോക്കൂ, മി. സ്റ്റിപുൾക്കോവ്സ്കി, എത്ര മനോഹരമായ ഒരു ഹോട്ടലിലേക്കാണു നമ്മെ ക്ഷണിച്ചിരിക്കുന്നതു്." പക്ഷെ സ്റ്റിപുൾക്കോവ്സ്കിക്കു് ജനലഴികളും, ഭീമമായ മതിൽക്കെട്ടും കണ്ടു കാര്യം വേഗം മനസ്സിലായി. അവർ ചെന്നെത്തിയതു് മോസ്കോയിലെ കുപ്രസിദ്ധമായ ലുബിയാങ്കാ ജയിലിലായിരുന്നു. ഇവിടെവച്ചാണു് സ്റ്റിപുൾക്കോവ്സ്കിയെ എഴുപതു ദിവസത്തിനുള്ളിൽ ഏതാണ്ടു നൂറ്റിനാല്പതു പ്രാവശ്യം ചോദ്യവർഷംകൊണ്ടു് അലട്ടിയതു്. ചിലപ്പോൾ ഈ ചോദ്യവർഷം പതിനഞ്ചുമണിക്കൂറുകൾ നീണ്ടുനിന്നിരുന്നുവെന്നു പറയുമ്പോൾ തടവുപുള്ളി മാനസികമായും ശാരീരികമായും സഹിച്ച കഷ്ടപ്പാടുകൾ എത്രയെന്നു ഊഹ്യമാണല്ലോ. റഷ്യക്കാർക്കെതിരായി അദ്ദേഹം ചെയ്തിട്ടുള്ള അപരാധങ്ങളെല്ലാം സ്വയം ഏറ്റുപറയണമെന്നുള്ളതായിരുന്നു ഇതിന്റെയെല്ലാം ഉദ്ദേശം. എന്നാൽ നമ്മുടെ തടവുപുള്ളി എന്തും സഹിക്കാൻ തയ്യാറായിരുന്നതല്ലാതെ ഒരൊറ്റ കുറ്റംപോലും ഏറ്റുപറയുകയോ, സമ്മതിക്കുകയോ ഉണ്ടായില്ല. കോടതിയിൽവച്ചു് താൻ നിർദ്ദോഷിയാണെന്നു് അദ്ദേഹം ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുനോക്കി; ഫലമൊന്നുമുണ്ടായില്ല. അവസാനം, ചെമ്പടയ്ക്കെതിരായി നടന്ന അട്ടിമറിപ്രസ്ഥാനത്തെപ്പറ്റി യാതൊരു വിവരവും റഷ്യാക്കാർക്കു നൽകിയില്ലെന്നുള്ള കുറ്റം ചുമത്തി സ്റ്റിപുൾക്കോവ്സ്കിയെ നാലുമാസത്തെ തടവിനു വിധിച്ചു. ഈ തടവിനു ശേഷമാണു് അദ്ദേഹം ഇംഗ്ലണ്ടിലേക്കു പലായനം ചെയ്തു് ലുബിയാങ്കാ ജയിലിൽ തനിക്കുണ്ടായ അനുഭവത്തെപ്പറ്റി ബി. ബി. സി. വഴി പ്രക്ഷേപണം ചെയ്തതു്.

ജയിലിൽവച്ചു് സ്റ്റിപുൾക്കോവ്സ്കിയുടെ മേൽ ചൊരിഞ്ഞ ചോദ്യവർഷത്തിന്റെയെല്ലാം ഏകോദ്ദേശം അദ്ദേഹത്തിന്റെ റഷ്യൻവിരുദ്ധമനസ്ഥിതി സ്വയം ഉൽഘോഷിപ്പിക്കുന്നതിനുവേണ്ടിയായിരുന്നുവെന്നു നാം കണ്ടുകഴിഞ്ഞല്ലോ. പോളണ്ടിലെന്നല്ല യൂറോപ്പിന്റെ പല ഭാഗത്തും ഉൽക്കണ്ഠാകുലരായ ജനങ്ങൾ സ്റ്റിപുൾക്കോവ്സ്കിയുടേയും കൂട്ടുകാരുടേയും ഭാവിയെ അത്യാകാംക്ഷയോടെ പ്രതീക്ഷിച്ചിരുന്നതുകൊണ്ടു് അവർ നിഷ്ഠുരമായ മർദ്ദനത്തിൽനിന്നും രക്ഷപെട്ടു. എന്നാൽ പുറത്തു് അറിയപ്പെടാതിരുന്ന ചിലരെ മൃഗീയമായി മർദ്ദിക്കുകയും അതേപടി യമപുരിക്കയക്കുകയും ചെയ്യുന്ന പതിവു് റഷ്യയിൽ സാധാരണയാണു്.

ലുബിയാങ്കാ ജയിലിൽ വന്നു രണ്ടുദിവസം കഴിഞ്ഞപ്പോഴേക്കും സ്റ്റിപുൾക്കോവ്സ്കിയെ കാണണമെന്നു് കമ്മിസ്സാർ—പരിശോധന നടത്തുന്ന മജിസ്ട്രേറ്റ്—ആവശ്യപ്പെട്ടു. ഈ കമ്മിസ്സാറാണു് മുകളിൽ സൂചിപ്പിച്ച ചോദ്യവർഷം അദ്ദേഹത്തിന്റെമേൽ ചൊരിഞ്ഞതു്. ജയിൽമുറിയിൽനിന്നും ജഡ്ജിയുടെ സവിധത്തിലെത്താൻ ഗോവണിപ്പടികളിൽക്കൂടിയും, ഇടുങ്ങിയ മാർഗ്ഗങ്ങളിൽക്കൂടിയും ഏതാണ്ടു പത്തുമിനിട്ടു നടക്കണം. ഈ നീണ്ട യാത്രയിൽ ജയിൽപ്പുള്ളിയുടെ കൈകൾ പിന്നിൽ കൂട്ടിപ്പിടിച്ചിരുന്ന കാവൽക്കാരൻ തന്റെ നാക്കുകൊണ്ടു് എപ്പോഴും ഒരു കൃത്രിമശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. വേറെ ഏതെങ്കിലും ഒരു ജയിൽപ്പുള്ളിയെ ആ വഴി കൊണ്ടുവരുന്നുണ്ടെങ്കിൽ മാറ്റിനിറുത്തുന്നതിനു വേണ്ടിയുള്ള ഒരു മുന്നറിയിപ്പായിരുന്നു മേൽസൂചിപ്പിച്ച കൃത്രിമശബ്ദം. ആരെയെങ്കിലും ആകസ്മികമായി കൂട്ടിമുട്ടിയാൽ ഉടൻ സ്റ്റിപുൾക്കോവ്സ്കിയെ ഭിത്തിക്കഭിമുഖമായി നിറുത്തും. ആൾ കടന്നുപോയാൽ യാത്ര പിന്നെയും തുടരുകയായി.

ജഡ്ജിക്കു് മൂന്നു കാര്യങ്ങളാണു് ചെയ്യാനുണ്ടായിരുന്നതു്. ഒന്നാമതായി സ്റ്റിപുൾക്കോവ്സ്കിയെപ്പറ്റി സകല വിവരങ്ങളും മനസ്സിലാക്കുക; രണ്ടാമതായി തന്നെത്തന്നെ രക്ഷിക്കണമെന്നും, കുടുംബത്തിനും രാഷ്ട്രത്തിനും തന്നെ അ

ഒന്നാംതരം കസവിലും നേർമ്മയും ബലവുമുള്ള ഇഴയിലും
സാരി, വിരിപ്പാവ്, പുതകവിണി ഇവകൾക്ക്
"യൂനിയൻ വീവിംഗ്സ്"
തൊടുപുഴ
എന്ന വിലാസത്തിൽ ഓർഡർചെയ്യുക.
പൂർണ്ണ ഉത്തരവാദിത്വം
മാത്യു സെബാസ്റ്റ്യൻ കുരുവിനാക്കുന്നേൽ
ദി യൂണിയൻ ട്രെയിഡ്സ് & ഇൻഡസ്ട്രീസിനുവേണ്ടി:— (മാനേജിംഗ് ഡയറക്ടർ)

വശ്യം ആവശ്യമാണെന്നും അദ്ദേഹത്തെ മനസ്സിലാക്കുക; അവസാനമായി അദ്ദേഹത്തിന്റെ സകല മാനസികശക്തികളും നശിപ്പിക്കുക.

പ്രഥമ കൂടിക്കാഴ്ചയിൽ ജഡ്ജി നമ്മുടെ തടവുകാരനോടു വളരെ മര്യാദയോടെയാണു പെരുമാറിയതു്. അദ്ദേഹം "മന്ത്രി"യെന്നാണു് സ്ലീപുൾക്കോവ്സ്കിയെ സംബോധന ചെയ്തതു്. അദ്ദേഹം ജയിലിലകപ്പെട്ടതിൽ ജഡ്ജി അത്ഭുതം പ്രകടിപ്പിച്ചു. ഏതാണ്ടു മൂന്നു മണിക്കൂറുകൾക്കു ശേഷം ജഡ്ജി തന്റെ ചോദ്യങ്ങൾ സ്ലീപുൾക്കോവ്സ്കിയുടെ സ്വകാര്യജീവിതത്തിലേക്കു തിരിച്ചുവിട്ടു. അയാളുടെ ജനനം, മാതാപിതാക്കന്മാർ, കുടുംബം, ഭാര്യ, കുട്ടികൾ ഇവയെല്ലാം സംസാരവിഷയങ്ങളായിരുന്നു. കൂടക്കൂടെ ജഡ്ജി നമ്മുടെ തടവുകാരന്റെ കഷ്ടസ്ഥിതിയിൽ അനുതാപം പ്രകടിപ്പിക്കുന്നതിനും മടിച്ചില്ല. സോവ്യററു അടവുകൾ ശരിയായി മനസ്സിലാക്കിയിരുന്ന അദ്ദേഹം ഈ വലയിൽ വീഴുന്ന കാര്യം ക്ഷിപ്രസാദ്ധ്യമല്ലെന്നു ജഡ്ജി മനസ്സിലാക്കിയിരിക്കണം.

ഈ സമയമെല്ലാം സ്ലീപുൾക്കോവ്സ്കിക്കു് തന്റെ സംസാരം തുടർന്നുകൊണ്ടുപോകുന്നതിനു വേണ്ട പ്രോത്സാഹനം കൊടുത്തുകൊണ്ടിരുന്നു. ഏതെല്ലാം വിഷയങ്ങളെപ്പററിയാണു് അദ്ദേഹത്തോടു സംസാരിക്കാൻ ആവശ്യപ്പെട്ടതെന്നു പറയാൻ വിഷമമാണു്. അദ്ദേഹത്തിന്റെ സ്കൂൾജീവിതംമുതൽ അന്തർദേശീയ പ്രശ്നങ്ങൾവരെ സംസാരവിഷയങ്ങളായിരുന്നു. ഇതെല്ലാം സ്ലീപുൾക്കോവ്സ്കിയുടെ മാനസികശക്തി നശിപ്പിക്കുന്നതിനുവേണ്ടി മാത്രം ചെയ്തിരുന്നതാണു്.

ഇതിനുശേഷം തണുപ്പു്, വിശപ്പു്, ഉറക്കമില്ലായ്മ മുതലായ ചില ശാരീരികപീഡകൾക്കു് അദ്ദേഹത്തെ വിധേയനാക്കി. തണുപ്പു് അദ്ദേഹത്തിനു് വലിയ വിഷമമായി തോന്നിയില്ലെങ്കിലും അതോടുകൂടി വിശപ്പും, ഉറക്കമില്ലായ്മയും സഹകരിച്ചപ്പോൾ അസഹ്യമായി തോന്നിയെന്നു പറയേണ്ടതില്ലല്ലോ. ഉറക്കത്തിൽ സ്വാഭാവികമായി തന്റെ കൈകൾ പുതച്ചിരുന്ന കമ്പിളിക്കകത്തേക്കു് പോയേക്കാം. അപ്പോഴാണു് കാവൽക്കാരൻ വാതിൽ ശക്തിയായി തള്ളിത്തുറന്നു ശബ്ദമുണ്ടാക്കിക്കൊണ്ടു് അകത്തുവന്നു പറയുന്നതു്, "അതു് ഇവിടെ വിലക്കപ്പെട്ടിരിക്കുകയാണു്. നിങ്ങളുടെ കൈകൾ എപ്പോഴും കമ്പിളിയുടെ പുറത്തുവച്ചുകൊണ്ടിരിക്കണം." പുറത്തുവയ്ക്കുന്നതോടുകൂടി കൈകൾ മരവിക്കുകയും, ഉറക്കം അസാദ്ധ്യമായിത്തീരുകയും ചെയ്യുമെന്നുള്ളതു നിശ്ചയം. ഇതിനുപുറമെ രാപകൽ ആ ജയിൽമുറിയിൽ കത്തിക്കൊണ്ടിരുന്ന പ്രകാശമേറിയ വൈദ്യുതദീപം കണ്ണുകളിൽ സൂചികൾ തറയ്ക്കുന്ന ഒരനുഭവമാണുളവാക്കിയതു്. നിയമപ്രകാരം ഒരു ജയിൽപ്പുള്ളിക്കു് വൈകിട്ടു് പത്തുമണിമുതൽ രാവിലെ ആറുമണിവരെ നിദ്രയ്ക്കുള്ള സമയമാണു്. എന്നാൽ അപ്പോഴാണു് നമ്മുടെ തടവുകാരനെ വിസ്താരത്തിനായി ജഡ്ജിയുടെ സവിധത്തിലേക്കു് ആനയിക്കുന്നതു്. അഞ്ചാറുപ്രാവശ്യത്തെ ചോദ്യവർഷത്തിനുശേഷം അദ്ദേഹത്തിനു മനസ്സിലായി ജഡ്ജി ശ്രമിക്കുന്നതു് തന്റെ സകല ശക്തിയും നശിപ്പിക്കുന്നതിനാണു്, അല്ലാതെ സത്യാവസ്ഥ ഗ്രഹിക്കുന്നതിനല്ലായെന്നു്. ജഡ്ജിക്കുവേണ്ടി അദ്ദേഹം, തന്നെപ്പററി ഓരോ കെട്ടുകഥകൾ ചമക്കേണ്ടിയിരുന്നു.

രാവിലെ രണ്ടുകഷണം റൊട്ടിയും, ഉപ്പു് കാബേജിലകളിട്ട കുറെ വെള്ളവും, അത്താഴത്തിനു രണ്ടു വെള്ളിക്കയിൽ ബാർലിയുമാണു് ഭക്ഷണമായി കൊടുത്തിരുന്നതു്. അളവിൽ വളരെ തുച്ഛമായിരുന്ന ഈ സാധനങ്ങൾ രുചിയിൽ അതിമെച്ചമായിരുന്നു. പിന്നാൽ പിന്നെയും പിന്നെയും അതു കിട്ടണമെന്നുള്ള അഭിവാഞ്ഛ അദ്ദേഹത്തെ എപ്പോഴും അലട്ടിക്കൊണ്ടിരുന്നു.

രണ്ടുമൂന്നാഴ്ചകൾക്കുശേഷം സ്ലീപുൾക്കോവ്സ്കിയുടെ സുബോധം പകുതിയും നഷ്ടപ്പെട്ടു. ഉറക്കമില്ലായ്മയും വിശപ്പുംകൊണ്ടു് അദ്ദേഹത്തിന്റെ കണ്ണുകൾ അസാധാരണമായ പ്രകാശത്തോടുകൂടിയും, കാലുകൾ തടിച്ചും, കൈകൾ സദാ വിറച്ചുകൊണ്ടുമിരുന്നു. ഒരു സുപ്രഭാതത്തിൽ ജഡ്ജി, ലനിന്റെ ഒരു ജീവചരിത്രം കൈയിൽ കൊടുത്തുകൊണ്ടു് അദ്ദേഹത്തോടു പറയുകയാണു്: "നിങ്ങളുടെപേരിൽ എനിക്കു് വളരെ അനുകമ്പയുണ്ടു്. നിങ്ങൾ ഈ ലൂബിയാങ്ക ജയിലിൽ ഈ നിലയിൽ വന്നെത്തിയതിൽ ഞാൻ അതിയായി ഖേദിക്കുന്നു. പക്ഷെ എനിക്കു് ഒരുകാര്യം പറയുന്നതിൽ സന്തോഷമുണ്ടു്. അതായതു് ഗവമ്മെന്റിനു് താങ്കളെ ഗളഹസ്തംചെയ്യണമെന്നോ, സൈബീരിയായിലേക്കയക്കണമെന്നോ യാതൊരാശയുമില്ല. റഷ്യയുടെ ഉന്നം യൂറോപ്പു മുഴുവൻ കൈയടക്കണമെന്നുള്ളതാണു്. അതിനാൽ നിങ്ങളെ ഗവമ്മെന്റിനു അവശ്യം ആവശ്യമാണു്."

ഇതിലേക്കുവേണ്ടി സ്ലീപുൾക്കോവ്സ്കി ഒരുകാര്യംമാത്രമേ ചെയ്യേണ്ടിയിരുന്നുള്ളു. തന്റെയും തന്റെ കൂട്ടുകാരുടേയും മുൻചെയ്തികളെപ്പററിയും, മററു യൂറോപ്യൻ രാഷ്ട്രങ്ങളുടെ റഷ്യൻ വിരുദ്ധപ്ലാനുകളെപ്പററിയും ഒരു വിവരണം കൊടുക്കുക. അദ്ദേഹത്തിന്റെ പല സ്നേഹിതന്മാരിൽനിന്നും ഇങ്ങനെയുള്ള വിവരണങ്ങൾ ലഭിക്കുന്നതിൽ ജയിലധികാരികൾ വിജയംവരിച്ചിരുന്നു. അവരുടെ


**ROME WAS NOT BUILT IN A DAY**

Rome, the eternal city, the ancient home of fashions, wisdom and culture, was not built in a day but in the course of centuries. Every rich man is not made in a day but he saves his little bit day by day. So open an account

*with*

**The Catholic Bank of India, Ltd.**

**H. O. Changanacherry, Travancore**

and earn interest from 3% to 5½%

*Branches:—*

**Alleppey, Athirampuzha, Calicut, Changanachery, Edathua, Kanjirapally, Kottayam, Manimala, Trivandrum (Main Road), and Trivandrum (Vallakadavu).**

*For further particulars apply to our Head Office or any of the Branches.*



**കോമൺവെൽത്തു്**

**ബാങ്കു് (ക്ലിപ്തം)**

H. O. കാഞ്ഞിരപ്പള്ളി

**ബ്രാഞ്ചുകൾ:—**

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം
പൂഞ്ഞാർ തൊടുപുഴ

**ഡയറക്ടറന്മാർ**

മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്കു് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്കു ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്കു് പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തിക്കൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ. ഡോമിനിക്കു ജോസഫ്
ബി. എ. ബി. എൽ.


പ്രസ്താവനകൾ ഏതാണ്ടു ഇപ്രകാരമാണു് തുടങ്ങുന്നതു്: "ശരിതന്നെ, ഞാൻ ഇതുവരെ സത്യം പറഞ്ഞില്ല. പക്ഷെ ഇപ്പോൾ ഞാൻ പറയും......"

കുറച്ചുദിവസം കഴിഞ്ഞപ്പോൾ സ്ലീപുൾക്കോവ്സ്കി കണ്ടു, ജഡ്ജിയും വിശ്രമമില്ലായ്മമൂലം തളർന്നുതുടങ്ങിയെന്നു്. എന്നാൽ തന്റെ ജോലി തുടർന്നുകൊണ്ടുപോകാഞ്ഞാലുള്ള വരുംവരായ്കകളെപ്പററി ബോധമുണ്ടായിരുന്ന ജഡ്ജി എണ്ണതീരാറായ ഒരു പഴഞ്ചൻ യന്ത്രംപോലെ തന്റെ ജോലി തുടർന്നുകൊണ്ടുതന്നെയിരുന്നു. ഒരു ദിവസം കോപാന്ധനായി നമ്മുടെ ജയിൽപ്പുള്ളിയോടു് ജഡ്ജി ഗർജ്ജിച്ചു: "എന്താ നിങ്ങൾ ഒന്നും പറയുകയില്ല ഇല്ലേ? നിങ്ങളെ ഞാൻ ഇനിയും താമസിപ്പിക്കും." അദ്ദേഹം പ്രതിവചിച്ചു, "നിങ്ങൾ എന്തുമാത്രം വേണമെങ്കിലും താമസിപ്പിച്ചുകൊള്ളുക. നിങ്ങൾക്കു് തോന്നുമ്പോൾ ഭക്ഷിക്കുകയും വിശ്രമിക്കുകയും ചെയ്യാമല്ലോ."

ഇതുകൊണ്ടൊന്നും ജഡ്ജി അടങ്ങിയില്ല. സ്ലീപുൾക്കോവ്സ്കിയുടെ മുൻപിൽ അദ്ദേഹത്തിന്റെ ചില കൂട്ടുകാരെ കൊണ്ടുവന്നു നിറുത്തിയശേഷം ആ ന്യായാധിപൻ അവരോടു ചോദിക്കുകയാണു്, "ചെമ്പടയ്ക്കെതിരായി എന്തെല്ലാം അക്രമപ്രവൃത്തികളാണു് പോളണ്ടിൽ നടന്നിട്ടുള്ളതു്?" വളരെക്കാലം ശാരീരികമായും മാനസികമായും, ഭേദമങ്ങളേററു സകല കഴിവുകളും നശിച്ച ഒരു വൃദ്ധസ്നേഹിതൻ ഉൽഘോഷിച്ചു, "സ്ലീപുൾക്കോവ്സ്കിയുടെ നേതൃത്വത്തിലുണ്ടായിരുന്ന അട്ടിമറിപ്രസ്ഥാനക്കാർ, തടവുകാരായി പിടിക്കപ്പെട്ട റഷ്യൻ സൈന്യങ്ങളിൽ പലരേയും വധിച്ചിട്ടുണ്ടു്." സ്ലീപുൾക്കോവ്സ്കി അതു നിരസിച്ചു. ഉടൻ ന്യായാധിപൻ അലറിക്കൊണ്ടു് ആ വൃദ്ധനോടു് അതു ഒന്നുകൂടി ആവർത്തിക്കുവാൻ ആജ്ഞാപിച്ചു. "സ്ലീപുൾക്കോവ്സ്കി പറഞ്ഞതുശരിയാണു്" വൃദ്ധൻ ഉത്തരം നൽകി. ജഡ്ജി കോപംകൊണ്ടു് തുള്ളിത്തുടങ്ങി. ആ വൃദ്ധന്റെ ആദ്യവിവരണം എഴുതിക്കൊണ്ടു് അതിനടിയിൽ ഒപ്പുവയ്ക്കാൻ സ്ലീപുൾക്കോവ്സ്കിയോടു് ജഡ്ജി ആവശ്യപ്പെട്ടു. അദ്ദേഹം അതു നിരസിച്ചു. വീണ്ടും വിളിക്കുന്നതാണെന്നുള്ള വ്യവസ്ഥയിന്മേൽ അദ്ദേഹത്തെ ജയിൽമുറിയിലേക്കയച്ചു.

140 പ്രാവശ്യം അഗ്നിപരീക്ഷണം നടത്തിയശേഷം സ്ലീപുൾക്കോവ്സ്കിയെ ജനറൽ റുഡൻകൊയുടെ പക്കലേക്കു് ആനയിച്ചു. ജനറൽ റുഡൻകൊയാണു് പിന്നീടുനടന്ന ന്യൂറംബർഗ് വിസ്താരത്തിൽ റഷ്യയെ പ്രതിനിധീകരിച്ച പ്രധാനപ്രോസിക്യൂട്ടർ. ഇദ്ദേഹവും നമ്മുടെ തടവുകാരനോടു് തന്റെ തീരുമാനം ഒന്നുകൂടി പരിശോധിക്കണമെന്നാവശ്യപ്പെട്ടു. അദ്ദേഹം അതും നിരാകരിച്ചു. ഇതോടുകൂടി ഒരു നവോന്മേഷം തനിക്കു് അനുഭവപ്പെടുന്നതായി സ്ലീപുൾക്കോവ്സ്കിക്കു തോന്നി. ഏതായാലും സ്ലീപുൾക്കോവ്സ്കിയെ ഒരു പരസ്യവിസ്താരം നടത്താമെന്നുതന്നെ റഷ്യൻ അധികാരികൾ തീരുമാനിച്ചു. ഇതിനു പ്രത്യേകകാരണങ്ങൾ ഇല്ലാതില്ല. ഈ "കുററവാളി"യെപ്പററിയുള്ള വിവരങ്ങളറിയുവാൻ യൂറോപ്പിന്റെ പല ഭാഗത്തും ജനങ്ങൾ ആകാംക്ഷയോടെ കാത്തിരുന്നതുകൊണ്ടു് സാധാരണ നടത്താറുള്ള ഒരു രഹസ്യവിസ്താരവും ശിക്ഷയും റഷ്യയുടെ നശിച്ചുതുടങ്ങിയ സൽപ്പേരിനെ ഒന്നുകൂടി കളങ്കപ്പെടുത്തുവാൻ സഹായിക്കുമെന്നവർകണ്ടു. കൂടാതെ ഇങ്ങനെയുള്ള ഒരു പരസ്യവിസ്താരംകൊണ്ടു് റഷ്യയിൽ ജനകീയഭരണം അതിന്റെ ശരിരൂപത്തിൽ പ്രതിഫലിച്ചിരിക്കുന്നുവെന്നു മററുള്ളവരെ ഗ്രഹിപ്പിക്കുകയും ചെയ്യാമല്ലോ.

ഇതോടുകൂടി സ്ലീപുൾക്കോവ്സ്കിയോടുള്ള പെരുമാററത്തിൽ അത്ഭുതകരമായ ഒരു മാററം അനുഭവപ്പെട്ടു. ജയിലധികാരികൾ അദ്ദേഹത്തിന്റെ ഓരോ ആവശ്യങ്ങളെയും പ്രത്യേകം പ്രത്യേകം എടുത്തുചോദിക്കുകയും, ആവശ്യപ്പെട്ടതെല്ലാം ഉടനടി സാധിച്ചുകൊടുക്കുകയുംചെയ്തു. സുഖകരമായ ഭക്ഷണം, ഉറങ്ങാൻവേണ്ട സൗകര്യം, വൈകുന്നേരം മുറിക്കുപുറത്തു ഉലാത്തുവാൻ അനുവാദം ഇവയെല്ലാം അദ്ദേഹത്തിനു പരസ്യവിസ്താരത്തിനു മുൻപുലഭിച്ച സുഖസൗകര്യാദികളിൽ ചിലതു മാത്രമാണു്. പഴയ പെരുമാററത്തിനു വിധേയനാക്കി അദ്ദേഹത്തെ കോടതിയിൽകൊണ്ടുവരുന്നതുകൊണ്ടുണ്ടാകുന്ന അബദ്ധം അവർ മുൻകൂടികണ്ടു.

സ്ലീപുൾക്കോവ്സ്കിയുടെ സഹപ്രവർത്തകരെല്ലാവരുംതന്നെ ധാരാളം കുററങ്ങൾ ഏററുപറഞ്ഞുകൊണ്ടുള്ള രേഖകൾ കോടതിയിൽ സമർപ്പിച്ചുകഴിഞ്ഞിരുന്നു. പോരെങ്കിൽ പ്രത്യേകം പരിശീലനം നൽകി പോളണ്ടിൽനിന്നുതന്നെ അതിനു സാക്ഷികളെയും റഷ്യൻ ഗവമ്മെന്റു കൊണ്ടുവന്നിരുന്നു. ഈ "കുററവാളികൾ" എന്താണു ചെയ്തതെന്നും, എന്താണു ഏററു പറഞ്ഞതെന്നും അവർക്കുതന്നെ അജ്ഞാതമായിരുന്നു. സോവ്യററു യൂണിയനിലെ കോടതികൾക്കുള്ള മാന്ത്രികശക്തി അത്ഭുതാവഹംതന്നെ!

വിസ്താരത്തിനുശേഷം സ്ലീപുൾക്കോവ്സ്കിയെ നാലുമാസത്തെ തടവിനു വിധിച്ചു. അദ്ദേഹത്തിന്റെ സഹപ്രവർത്തകരുടെ ഭാവി അതിലും കഷ്ടതരമായിരുന്നു. അഞ്ചുപേർ ഇപ്പോഴും റഷ്യയിലാണു്. പക്ഷെ എവിടെയാണെന്നു് ഈശ്വരനു മാത്രമറിയാം. അവർ മോസ്കോ ജയിലിൽ ഇല്ലെന്നുള്ളതു് നിശ്ചയമാണെന്നു സ്ലീപുൾക്കോവ്സ്കി പറയുന്നു. രണ്ടുപേരെ അഞ്ചുകൊല്ലത്തെ തടവുശിക്ഷയ്ക്കു വിധിച്ചു. അവരുടെ കാലാവധി 1950 മാർച്ചു് ഇരുപത്തെട്ടാംതിയതി തീരേണ്ടതാണു്. എന്നാൽ അവർ ഇതുവരെ പോളണ്ടിൽ തിരിച്ചെത്തിയിട്ടില്ല. അതിൽ ഒരാൾ മരിച്ചിട്ടുണ്ടെന്നു വിചാരിക്കുവാൻ വേണ്ട കാരണങ്ങളുണ്ടെന്നു് സ്ലീപുൾക്കോവ്സ്കി വീണ്ടും പറയുന്നു. ഒരു കുററവാളിയുടെ തടവുകാലാവധി അവസാനിക്കുമ്പോൾ വീണ്ടും ഒരു രഹസ്യവിസ്താരം നടത്തി അവസാനമില്ലാതെ തടവുനീട്ടിക്കൊണ്ടുപോകുന്ന ഒരു വിചിത്രനടപടി റഷ്യയിൽ സാധാരണയാണു്. ഒരാളുടെ പേരിലുണ്ടായിരുന്ന കേസ്, അയാൾക്കു് സുഖമില്ലെന്നുള്ള കാരണത്താൽ പിൻവലിച്ചുവെങ്കിലും അയാളെപ്പററിയാതൊന്നും പിന്നീടു ഗ്രഹിക്കുവാൻ സാധിച്ചിട്ടില്ല. വേറെ പതിനൊന്നുപേർ അവരുടെ തടവുകാലാവധി അവസാനിച്ചപ്പോൾ പോളണ്ടിൽ മടങ്ങിയെത്തി. അതിൽ പലരേയും പിന്നീടു് പിടികൂടി നീണ്ടനീണ്ട തടവുശിക്ഷയ്ക്കു വിധിച്ചിട്ടുണ്ടു്. തങ്ങൾക്കു മോസ്കോയിൽ ലഭിച്ച "സൽക്കാര"ങ്ങളുടെ ഫലമായി രണ്ടുപേർ ഏറെത്താമസിയാതെ കാലയവനികയ്ക്കുള്ളിൽ മാഞ്ഞു. സ്ലീപുൾക്കോവ്സ്കിയും തന്റെ ഒരു സ്നേഹിതൻ ബാഗിൻസ്കിയും ഒരു വിധത്തിൽ രക്ഷപെട്ടു ഇംഗ്ലണ്ടിലെത്തി.


കാർമ്മൽ

**അപ്പസ്തോലിക്കു് സ്കൂൾ**

കർമ്മലീത്താ ഒന്നാംസഭയിൽ ചേരുവാനാഗ്രഹിക്കുന്ന കുട്ടികൾ ഉടൻതന്നെ താഴെക്കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കണം.

Rev. Fr. Director
St. Teresa's C rmel Ap. School
Banerji Road, Ernakulam

# "ഉത്തരീയമോ കാശുരൂപമോ?"

(ഫാദർ ഗ്രിഗറി, സി. ഡി.)

കർമ്മലോത്തരീയത്തെയും ഉത്തരീയകാശുരൂപത്തെയും സംബന്ധിച്ച് "സത്യദീപ"ത്തിന്റെ 1950 51ലെ 18-ാം ലക്കത്തിൽ ഞാൻ എഴുതിയിരുന്ന ലേഖനത്തിലെ "ചില പിശകുകൾക്ക് ഒരു വിശദീകരണം" നൽകിക്കൊണ്ട് റവ. ഫാദർ പോൾ ഒ. സി. ഡി. "സത്യദീപ"ത്തിന്റെ 31-ാം ലക്കത്തിൽ എഴുതിയിട്ടുള്ള സുദീർഘമായ ലേഖനം കണ്ടു. അതു പലയാവർത്തി വായിച്ചിട്ടും എന്റെ ലേഖനത്തിലെ "പിശക്" എന്താണെന്നോ, രോമോത്തരീയകാര്യത്തിൽ ലേഖകൻ ഇത്ര നിർബന്ധം പിടിക്കുന്നതു് എന്തുകൊണ്ടാണെന്നോ ഇനിയും മനസ്സിലാകുന്നില്ല.

ഫാദർ പോൾ പരിശോധിച്ച് അംഗീകാരം (Nihil Obstat) നൽകിയിട്ടുള്ള കർമ്മലോത്തരീയഭക്തി എന്ന ചെറുപുസ്തകത്തിൽ "ഉത്തരീയം ധരിക്കുന്നതു ദുസ്സാദ്ധ്യമോ വിഷമകരമോ ആകുമ്പോൾ, ഉത്തരീയാനുകൂല്യങ്ങൾ ലഭിക്കാനുള്ള ഒരു ഉപാധിയാണ് കാശുരൂപം" എന്നും "കർമ്മലസഭക്കാരുടെ പുണ്യയോഗ്യതകളിൽ ഓഹരി ഉത്തരീയം ധരിക്കുന്നവർക്ക് മാത്രമേ ലഭ്യമാകയുള്ളൂ" എന്നുമുള്ള പ്രസ്താവനകൾക്ക് തക്കതായ തെളിവില്ലാത്തതിനാൽ അവ സ്വീകാര്യമല്ലെന്നും; പുണ്യശ്ലോകനായ 10-ാം പീയൂസ് മാർപ്പാപ്പായുടെ തത്സംബന്ധമായുള്ള 1910 ഡിസംബർ 16-ലെ തിരുവെഴുത്തിൽ പ്രത്യേകവ്യവസ്ഥകളൊന്നും കൂടാതെ, രോമോത്തരീയത്തിനു പകരം മുറപ്രകാരമുള്ള ഉത്തരീയ കാശുരൂപം എല്ലാ വിശ്വാസികൾക്കും ന്യായമായി ധരിക്കാം (Omnibus fidelibus licet) എന്നും, അങ്ങനെയുള്ള കാശുരൂപധാരണംകൊണ്ട ശനിയാഴ്ചവരം ഉൾപ്പെടെയുള്ള എല്ലാ ആത്മീയാനുകൂല്യങ്ങളും (Favores omnes spirituales) പ്രാപിക്കാം എന്നും പ്രസ്പഷ്ടമായി പറഞ്ഞിരിക്കെ, മേൽക്കാണിച്ച ഉദ്ധരണിയിൽ ഞാൻ അടിവരയിട്ടിട്ടുള്ള വ്യവസ്ഥകൾ ഗ്രന്ഥകാരൻ കൂട്ടിച്ചേർത്തതു വിഹിതമല്ലെന്നുമാണ് ഞാൻ പറഞ്ഞിട്ടുള്ളതു്. അങ്ങനെ കൂട്ടിച്ചേർക്കാൻ ആർക്കും പാടുള്ളതല്ലല്ലോ. അഥവാ അതിലേക്കു ആധാരമായി തിരുസ്സംഘത്തിന്റെ വല്ല പുതിയ കല്പനയുമുണ്ടെങ്കിൽ അതു എടുത്തു കാണിക്കേണ്ടിയിരുന്നു. അതല്ലാതെ, എന്റെ മുൻലേഖനത്തിൽ തന്നെയും പറഞ്ഞിരുന്നതുപോലെ, വല്ല ലേഖകന്മാരുടെയോ, പത്രാധിപന്മാരുടെയോ, മറ്റേതൊരു മഹാന്റെയോ, ഒരു സന്യാസസമൂഹത്തിന്റെ തന്നെയോ അഭിപ്രായത്തെമാത്രം അടിസ്ഥാനമാക്കിയുള്ള ഈവിധ വ്യവസ്ഥകളും പ്രസ്താവനകളും അസ്ഥാനസ്ഥിതങ്ങളും അസ്വീകാര്യങ്ങളുംതന്നെ ആയിരിക്കും. സംശയമില്ല.

ഫാദർ പോളിന്റെ ലേഖനഗതി കണ്ടാൽ, പ്രസിദ്ധനായ മിസ്റ്റർ ഫാഷെർട്ട്കൂടെയും തെറ്റിധരിപ്പിക്കപ്പെട്ടിരിക്കുന്നവിധം, രോമോത്തരീയത്തിനു പകരം ഉത്തരീയ കാശുരൂപം പ്രചരിപ്പിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഒരാളാണ് ഞാൻ—ഫാ. ഗ്രിഗറി—എന്നു സാധാരണക്കാർക്ക്, പ്രത്യേകിച്ചും എന്റെ ലേഖനം കണ്ടിട്ടില്ലാത്തവർക്ക്, തോന്നിപ്പോകാം. എന്നാൽ കാര്യത്തിന്റെ വാസ്തവസ്ഥിതിയെന്തു്? എന്റെ മുൻലേഖനമോ, ഒരു മുപ്പതുകൊല്ലംമുമ്പു ഉത്തരീയഭക്തിപ്രചരണാർത്ഥം ഞാൻ പ്രസിദ്ധീകരിച്ചിട്ടുള്ള "ചതുർവിധോത്തരീയങ്ങൾ" എന്ന പുസ്തകമോ ഒരാവർത്തിയെങ്കിലും സശ്രദ്ധം വായിച്ചിട്ടുള്ള യാതൊരുവനും അവ്വിധം വിചാരിക്കയില്ല എന്നതു നിശ്ചയമാണ്. മാത്രമോ? എന്റെ "പിശകുകൾക്കു വിശദീകരണം" നൽകാൻ പുറപ്പെട്ട ഫാദർ പോൾതന്നെയും എന്റെ പ്രസ്താവനയോട് പൂർണ്ണമായി യോജിക്കുന്നതായിട്ടാണ് അദ്ദേഹത്തിന്റെ ലേഖനത്തിന്റെ അവസാനഭാഗത്തിൽനിന്നും തെളിയുന്നതു്. കാര്യം വിശദമാക്കാം—

രോമോത്തരീയത്തിന്റെ വൈശിഷ്ട്യത്തെപ്പറ്റി എന്റെ ലേഖനത്തിൽ പലതെല്ലാം പറഞ്ഞശേഷം ഒടുവിൽ ഞാൻ ഊന്നിപ്പറഞ്ഞിരുന്നതു് ഇതാണ്: "ഇതിൽനിന്നെല്ലാം കഴിയുന്നത്ര ഏവരും രോമോത്തരീയംതന്നെ ധരിക്കണമെന്നതാണ് തിരുസ്സഭയുടെ ആഗ്രഹം എന്നു പറയേണ്ടതില്ലല്ലോ." അതായതു് കഴിയുന്നത്ര ഏവരും രോമോത്തരീയംതന്നെ ധരിക്കണം എന്നു്.

ഇനി രോമോത്തരീയത്തിന്റെ മേന്മയെപ്പറ്റി സുദീർഘമായി ഉപന്യസിച്ചശേഷം ഫാദർ പോൾ പരിഭവഭാവത്തിൽ പറയുന്നതു കേട്ടാലും: "ആരെല്ലാം എന്തെല്ലാം പറഞ്ഞാലും ഉത്തരീയഭക്തിയിൽ പ്രശസ്തരായ നമ്മുടെയാളുകൾ തിരുസ്സഭയുടെ അഭിരുചിയും മാർപ്പാപ്പാമാരുടെ ആഗ്രഹവും അനുസരിച്ച പാടുള്ളിടത്തോളം ഉത്തരീയംതന്നെ ധരിക്കുമെന്നതിനു സംശയമില്ല."

### ഇവതമ്മിൽ വ്യത്യാസമെന്തു്?

ഇനി, ഉത്തരീയകാശുരൂപം സംബന്ധിച്ചുള്ള എന്റെ പ്രസ്താവനയും അദ്ദേഹത്തിന്റെ വാക്കുകളുംകൂടെ ശ്രവിച്ചാലും—

എന്റെ പ്രസ്താവന— കഴിയുന്നത്ര ഏവരും രോമോത്തരീയംതന്നെ ധരിക്കണം. എന്നിരുന്നാലും രോമോത്തരീയം ക്രമമായി സ്വീകരിച്ചശേഷം അതിനു പകരം മുറപ്രകാരമുള്ള ഉത്തരീയകാശുരൂപം എല്ലാ വിശ്വാസികൾക്കും—മാർപ്പാപ്പായുടെ തിരുവെഴുത്തിൽ പ്രത്യേകവ്യവസ്ഥകളൊന്നും പറഞ്ഞിട്ടില്ലാത്തതിനാൽ തക്കതായ കാരണമൊന്നുമില്ലാത്തപ്പോൾ കൂടെയും — ന്യായമായി ധരിക്കാം. അതിനു വിരോധമില്ല. ഈ കാശുരൂപധാരണം വഴിയായി, രോമോത്തരീയത്തിനു പ്രത്യേകം നൽകിയിട്ടുള്ളതൊഴിച്ചുള്ള എല്ലാ ഉത്തരീയാനുകൂല്യങ്ങളും ഏവർക്കും പ്രാപിക്കാവുന്നതുമാണ്.

ഫാദർ പോളിന്റെ വാക്കുകൾ—സാധിക്കുമ്പോളെല്ലാം രോമത്തുണികൊണ്ടുള്ള ഉത്തരീയംതന്നെ ധരിക്കുന്നതാണ് ഉചിതം. അതാണ് സഭാമാതാവിന്റെ ആഗ്രഹവും. എന്നിരുന്നാലും ഉത്തരീയകാശുരൂപം ധരിക്കുന്നതിനു് ഗൗരവമേറിയ കാരണങ്ങൾതന്നെ ഉണ്ടായിരിക്കണം എന്നു നിർബന്ധമില്ല.

ഇവ തമ്മിലും വ്യത്യാസമെന്തു്? സാധുക്കളുടെയും തൊഴിലാളികളുടെയും എന്നുവേണ്ട സകലരുടെയും കൂടുതൽ സൗകര്യത്തെയും എളുപ്പത്തെയും ഉദ്ദേശിച്ച് പാവനചരിതനായ 10-ാം പീയൂസ് മാർപ്പാപ്പാ വിശാലമനസ്കതയോടും കരുണാപുരസ്സരവും കല്പിച്ചനുവദിച്ച ഉത്തരീയകാശുരൂപം ധരിച്ചുകൊണ്ടെങ്കിലും, തിരുസ്സഭയുടെ അഭിരുചിയും മാർപ്പാപ്പാമാരുടെ ആഗ്രഹവും അനുസരിച്ച് ഈ ജൂബിലി കൊല്ലത്തിൽ ഉത്തരീയഭക്തി കൂടുതൽ പ്രചരിപ്പിക്കുന്നതിനും കർമ്മലനാഥയുടെ സ്തുതി വർദ്ധിക്കുന്നതിനും ഇടയാകട്ടെ എന്നുള്ള ഉദ്ദേശ്യത്തോടെ ഉത്തരീയകാശുരൂപത്തിനുള്ള ആനുകൂല്യങ്ങളും പ്രത്യേകതകളുംകൂടെ യഥാസ്ഥിതിയിൽ, രോമോത്തരീയത്തോടൊന്നിച്ചുതന്നെ, ഞാൻ പ്രത്യേകം എടുത്തു കാണിച്ചുവെന്നുമാത്രം. ഉത്തരീയകാശുരൂപത്തിന്റെ ധാരണക്കാര്യത്തിൽ പരിശുദ്ധപിതാവു് വ്യവസ്ഥയൊന്നും വെക്കാതിരുന്നതു് അവിചാരിതമായിട്ടല്ലെന്നും, അതുപയോഗപ്പെടുത്തുന്നതിനു് തനിക്കു മതിയായ കാരണമുണ്ടോയെന്നും മറ്റും ശങ്കിച്ച് ആരും ഭയപ്പെടാതിരിക്കാനാണെന്നും ന്യായമായി വിചാരിക്കാം. അതിനാൽ ഉത്തരീയഭക്തിയുടെ അഭിവൃദ്ധിക്കു കൂടുതൽ സഹായിക്കുന്ന കാശുരൂപധാരണത്തെ നിരുത്സാഹപ്പെടുത്തേണ്ടതല്ല.

രോമോത്തരീയത്തിനു പകരം ഉത്തരീയ കാശുരൂപം ഉപയോഗിക്കുന്നതിനു 10-ാം പീയൂസ് മാർപ്പാപ്പാ അനുവദിച്ചിട്ടുണ്ടെന്നും, ഈ വിധം അനുവദിച്ചിരിക്കുന്നതു ഉത്തരീയഭക്തിയെ പ്രചരിപ്പിക്കുന്നതിനായിട്ടാണെന്നും "കർമ്മലോത്തരീയഭക്തി"യുടെ ഗ്രന്ഥകാരൻതന്നെ (1? ാം പേജിൽ) സമ്മതിക്കുന്നു. എന്നാൽ അങ്ങനെ ഉത്തരീയഭക്തിയെ പ്രചരിപ്പിക്കുന്നതിനായി മാർപ്പാപ്പാ കല്പിച്ചനുവദിച്ച ആ ഉത്തരീയകാശുരൂപത്തിന്റെ സ്വഭാവവും ആശീർവ്വാദമുറയും എന്തെന്നുമാത്രം സംക്ഷേപിച്ചു പറഞ്ഞിട്ട് വീണ്ടും രോമോത്തരീയത്തിന്റെയും സുരക്ഷിതോത്തരീയത്തിന്റെയും വിശേഷതകൾ വർണ്ണിക്കുന്നതല്ലാതെ, ഉത്തരീയകാശുരൂപം ആർക്കെല്ലാം എപ്പോഴെല്ലാം എങ്ങനെയെല്ലാം ഉപയോഗിക്കാമെന്നോ, അതിനുള്ള വിശേഷതകളും ആനുകൂല്യങ്ങളും എന്തെല്ലാമെന്നോ, മാർപ്പാപ്പായുടെ തിരുവെഴുത്തിൽ അവ പ്രത്യേകം എടുത്തുപറഞ്ഞിരുന്നിട്ടുപോലും, "കർമ്മലോത്തരീയഭക്തി"യുടെ കർത്താവാകട്ടെ, അദ്ദേഹത്തിന്റെ അസ്ഥാനത്തുള്ള ചില വാദങ്ങളെ ശക്തിയായി ആദരിച്ചെഴുതുന്ന ഫാദർ പോൾ ആകട്ടെ വിവരിച്ചു കാണിക്കുന്നില്ല........ഈ വിവരങ്ങൾ അറിയാതെ എങ്ങനെയാണ് ഉത്തരീയകാശുരൂപങ്ങൾ ആരെങ്കിലും ഉപയോഗിക്കുകയോ, അതുവഴിയായി ഉത്തരീയഭക്തി പ്രചരിപ്പിക്കണമെന്നുള്ള മാർപ്പാപ്പായുടെ പാവനോദ്ദേശ്യം നിറവേറുകയോ ചെയ്യുക? അതുകൊണ്ട്, ഉത്തരീയകാശുരൂപത്തെ സംബന്ധിച്ചുള്ള യഥാർത്ഥവിവരങ്ങൾകൂടെയും ജനങ്ങളെ ധരിപ്പിക്കുന്നതും, വിശ്വാസികൾ യുക്തംപോലെ ഉത്തരീയമോ കാശുരൂപമെങ്കിലുമോ ധരിച്ചു നടക്കാൻ ഇടയാക്കുന്നതും മാർപ്പാപ്പായുടെ ഉദ്ദേശ്യമനുസരിച്ചു ഉത്തരീയഭക്തി പ്രചരിക്കുന്നതിനു അത്യന്തം സഹായിക്കുന്നതാണെന്നു് പറയേണ്ടിയിരിക്കുന്നു. മറിച്ചു ചെയ്യുന്നതുമൂലം ഉളവാകുന്ന പ്രതീക്ഷിക്കാത്ത തരത്തിലുള്ള ദുരനുഭവത്തിനു ഇതാ ഒരു ദൃഷ്ടാന്തം:—

എനിക്കു പരിചിതനായ ഒരു കർമ്മലീത്താവൈദികൻ ഒന്നുരണ്ടു മാസങ്ങൾക്കു മുമ്പു് ഏതോ ആവശ്യം പ്രമാണിച്ചു നമ്മുടെ ഒരു ഇടവകപ്പള്ളിയിൽ ചെന്നിരുന്നു. അവിടെയാകട്ടെ ഉത്തരീയം ധരിക്കാത്തവരായി ചിലരെയെല്ലാം കാണാനിടയായി. "നിങ്ങൾ എന്താണ് ഉത്തരീയം ധരിക്കാത്തതു്" എന്നു അദ്ദേഹം അവരോടു ചോദിച്ചപ്പോൾ നല്ല ഉത്തരീയം കിട്ടാത്തതുകൊണ്ടാണ് എന്നു അവർ മറുപടി പറഞ്ഞു. എന്നാൽ കാശുരൂപം വാങ്ങി വെഞ്ചരിപ്പിച്ചു ധരിച്ചുകൂടയോ എന്നു വീണ്ടും ചോദിച്ചതിനു കിട്ടിയ മറുപടി ഇതാണ്: "ഈയിടെ ഈ പള്ളിയിൽ ഉത്തരീയപ്രസംഗം ഉണ്ടായിരുന്നു. അതിൽ അച്ചൻ പറഞ്ഞതു ഏവരും രോമോത്തരീയങ്ങൾതന്നെ ധരിക്കണം. ഉത്തരീയകാശുരൂപം ധരിച്ചതുകൊണ്ട് വലിയ പ്രയോജനമില്ല എന്നാണ്. ആ സ്ഥിതിക്കു കാശുരൂപം വൃഥാ ധരിച്ചിട്ട എന്താണ് കാര്യം എന്നോർത്താണ് അതു ധരിക്കാത്തതു്."....

FIXED DEPOSITS
2 years 4½%
6 months & above 4%
The Bank of Cochin Ltd.
ERNAKULAM
*Branches:*
CHALAKUDY, TRICHUR;
MATTANCHERY,
WILLINGDON ISLAND

കർമ്മലസഭക്കാർ തങ്ങളുടെ പുണ്യയോഗ്യതകളിലുള്ള ഭാഗഭാഗിത്വം 1910-നു വളരെക്കാലം മുമ്പുതന്നെ ഉത്തരീയസഖ്യാംഗങ്ങൾക്കു എന്നേക്കുമായി വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. അതിനാൽ, രോമോത്തരീയത്തിനുള്ള എല്ലാ ആത്മീയാനുകൂല്യങ്ങളും ഉത്തരീയ കാശുരൂപത്തിനും 1910-ൽ പരിശുദ്ധപിതാവു കല്പിച്ചനുവദിച്ചതിൽ ഈ ഭാഗഭാഗിത്വവും ഉൾപ്പെടുന്നുണ്ടെന്നുള്ളതു നിസ്തർക്കമാണ്. ആ സ്ഥിതിക്ക്, ഉത്തരീയം ധരിക്കുന്നവർക്കല്ലാതെ കാശുരൂപം ധരിക്കുന്നവർക്ക് തങ്ങളുടെ പുണ്യയോഗ്യതകളിലുള്ള ഓഹരി കൊടുക്കുന്നതല്ലെന്നു 1910-നുശേഷം കർമ്മലസഭക്കാർ നിശ്ചയംചെയ്താൽ അതു വിലപ്പോകുമോ? അതു സഫലമാകണമെങ്കിൽ ആ നിശ്ചയത്തിനു മാർപ്പാപ്പായുടെ പ്രത്യേകാംഗീകരണംകൂടെയും ആവശ്യമല്ലേ? താദൃശമായ ഒരു അംഗീകരണം കിട്ടിയിട്ടുണ്ടെങ്കിൽ ആ സാക്ഷികൂടെ ഉദ്ധരിക്കേണ്ടിയിരുന്നു. അങ്ങനെയൊന്നില്ലാത്തപക്ഷം ഉത്തരീയകാശുരൂപം ധരിക്കുന്നവർക്കും പ്രസ്തുത ഭാഗഭാഗിത്വം ശരിവരെ ലഭിക്കുമെന്നുള്ളതിൽ തർക്കമൊന്നുമില്ല.

നല്ല ഉത്തരീയങ്ങൾ കിട്ടാൻ വളരെ പ്രയാസമാണെന്നു ഞാൻ പറഞ്ഞതു അതിശയോക്തിപരമാണെന്നാണല്ലോ ഫാദർ പോൾ പറയുന്നതു്. എന്റെ പ്രസ്താവനയിൽ എത്രത്തോളം വാസ്തവമുണ്ടെന്നതു ദീർഘകാലം കേരളത്തിന്റെ നാനാഭാഗങ്ങളിലും ചുറ്റിസ്സഞ്ചരിച്ച് മിഷൻജോലി നടത്തിയിട്ടുള്ള അനുഭവസ്ഥരായ ആരോടെങ്കിലും ചോദിച്ചാൽ അറിയാം. അഥവാ സാധാരണ എവിടെയുമുള്ള വെന്തിങ്ങക്കച്ചവടക്കാരുടെ പക്കൽ വില്പനയ്ക്കായി കാണുന്ന ഉത്തരീയങ്ങൾ ഒന്നു പരിശോധിച്ചാൽ അറിയാം. ഏതായാലും, നല്ല ഉത്തരീയങ്ങൾ എത്രവേണമെങ്കിലും തന്നുകൊള്ളാമെന്നു് ലേഖകൻ പറയുന്നതു ആശ്വാസജനകംതന്നെ. പക്ഷേ, കാശുരൂപങ്ങൾ ലഭിക്കുന്നതുപോലെയുള്ള എളുപ്പത്തിലും ഉത്തമമായ വിലയ്ക്കും ഏതൊരു സാധുവിനും വാങ്ങിക്കത്തക്കവണ്ണം അവ കേരളത്തിന്റെ നാനാഭാഗങ്ങളിലും ഈ ജൂബിലി കൊല്ലത്തിനുശേഷവും ലഭ്യമാകുമോ എന്നു ബലമായി സംശയിക്കതന്നെ ചെയ്യുന്നു.

മേൽപ്പറഞ്ഞവയിൽനിന്നെല്ലാം, എന്റെ മുൻലേഖനത്തിൽ പിശകൊന്നും ഉണ്ടായിട്ടില്ലെന്നും, ഉത്തരീയകാശുരൂപത്തെപ്പറ്റിയുള്ള അതിലെ വിവരണങ്ങൾ മാർപ്പാപ്പായുടെ ഉദ്ദേശ്യമനുസരിച്ചു ഉത്തരീയഭക്തി കൂടുതൽ പ്രചരിക്കുന്നതിനു കാരണമാവുകയേയുള്ളുവെന്നും ഏവർക്കും ഗ്രഹിക്കാമെന്നു വിചാരിക്കുന്നു.

[രോമോത്തരീയത്തിനു ഉത്തരീയകാശുരൂപത്തെ അപേക്ഷിച്ച് മുൻഗണന നല്കേണ്ടതാണ് എന്നതിൽ ഫാദർ പോളും ഫാദർ ഗ്രിഗറിയും തമ്മിൽ യാതൊരു അഭിപ്രായവ്യത്യാസവും ഉള്ളതായി കാണുന്നില്ല. എന്നാൽ മുറപ്രകാരം ഉത്തരീയസഭയിൽ ചേർന്നതിനുശേഷം, തക്ക കാരണമൊന്നും കൂടാതെ, രോമോത്തരീയത്തിനുപകരം ഉത്തരീയകാശുരൂപം ധരിക്കുന്ന ഒരാൾക്കു ഉത്തരീയസഭയുടെ ആത്മീയാനുകൂല്യങ്ങൾ ലഭിക്കുമോ എന്നതു സംബന്ധിച്ചു അഭിപ്രായവ്യത്യാസമുള്ളതായി തോന്നുന്നു. പക്ഷേ പരിശുദ്ധ പിതാവിന്റെ പ്രസ്താവനയിൽ തക്ക കാരണം വേണമെന്നുള്ളതു് ആത്മീയാനുകൂല്യം പ്രാപിക്കുന്നതിനുള്ള ഒരു വ്യവസ്ഥയായി നിർദ്ദേശിച്ചിട്ടുള്ളതായി കാണുന്നില്ല. റവ. ഫാദർ ഫിലിപ്പ് ഒ. സി. ഡി. രചിച്ചതും തിരുവനന്തപുരം മെത്രാൻ ഡോക്ടർ ഡെരീര തിരുമേനിയുടെ അംഗീകാരത്തോടുകൂടി മംഗലപ്പുഴ എസ്. എച്ച്. ലീഗിൽനിന്നും പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ "കർമ്മലനാഥയുടെ ഉത്തരീയം" എന്ന ഗ്രന്ഥത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം: "ഇപ്പോൾ സർവ്വസാധാരണമായിത്തീർന്നിരിക്കുന്ന ഉത്തരീയകാശുരൂപം ഉപയോഗിക്കാൻ തുടങ്ങിയിട്ട് കുറച്ചു കാലമേ ആയിട്ടുള്ളൂ. അതു താഴെപറയുംപ്രകാരമാണു സംഭവിച്ചതു്: ആഫ്രിക്കയിൽ സത്യവേദം പ്രസംഗിച്ചുകൊണ്ടിരുന്ന ഒരു മിഷണറിക്ക്, അദ്ദേഹം ജ്ഞാനസ്നാനപ്പെടുത്തിയവർക്കെല്ലാം ഉത്തരീയം വിതരണംചെയ്യുവാൻ വളരെ വിഷമമായിത്തീർന്നു. മാത്രമല്ല, അവരുടെ നഗ്നദേഹങ്ങളിൽ ധരിച്ചിരുന്ന ഉത്തരീയം വിയർപ്പുകണങ്ങളാൽ നനയുകയും, തൽഫലമായി, വേഗത്തിൽ അതു മലിനമാകുകയും ചെയ്തിരുന്നു. അതിനാൽ ഉത്തരീയത്തിനുപകരം കാശുരൂപം ഉപയോഗിക്കുന്നതു് പ്രായോഗികമായിരിക്കുമെന്നു് അദ്ദേഹം വിചാരിച്ചു.

"കൂലങ്കഷമായ പരിചിന്തനത്തിനുശേഷം, ആവശ്യകമായ അനുവാദം ലഭിക്കുവാൻ അദ്ദേഹം തിരുസിംഹാസനത്തിങ്കൽ ഒരു നിവേദനം സമർപ്പിച്ചു. അന്നത്തെ മാർപ്പാപ്പായായിരുന്ന പത്താം പീയൂസ് തിരുമനസ്സുകൊണ്ട് അപേക്ഷ സ്വീകരിക്കുകയും, ഉത്തരീയത്തിനു പകരം കാശുരൂപം ഉപയോഗിച്ചുകൊള്ളുവാൻ അനുവദിക്കുകയുംചെയ്തു. തുടർച്ചയായി വേറെ പലരും പ്രസ്തുതാനുവാദം ആവശ്യപ്പെട്ടപ്പോൾ തിരുസ്സഭയിൽ മുഴുവനും കാശുരൂപം ഉപയോഗിച്ചുകൊള്ളുന്നതിനു് പരിശുദ്ധ പിതാവു് അനുമതിനല്കുകയും ചെയ്തു. "ശനിയാഴ്ചവരം" ഉൾപ്പെടെയുടെ എല്ലാ ആത്മീയാനുകൂല്യങ്ങളും ഈ കാശുരൂപധാരണംകൊണ്ട് ലഭിക്കുന്നതാണ്." (Decre-

tum "Cum Sacra" 16 Dec. 1910. A. A. S. t. III p. 22.)

ഉത്തരീയക്കാശുരൂപം ധരിക്കുന്നതിനു "ഗൗരവമായ" കാരണങ്ങളില്ലെങ്കിലും ദണ്ഡവിമോചനം ലഭിക്കുമെന്നതിനെപ്പററി തക്കമില്ലല്ലൊ. ഗൗരവമല്ലാത്ത കാരണങ്ങളെങ്കിലും വേണമെന്നു വാദിച്ചാൽത്തന്നെ, നമ്മുടെ രാജ്യവും ഏറെക്കുറെ ആഫ്റിക്കപോലെ ഉഷ്ണമേഖലയിലാണെന്നുള്ളതു ഉത്തരീയക്കാശുരൂപം ധരിക്കുന്നതിനു മതിയായ കാരണമായിരിക്കുന്നു. ആകയാൽ മുറപ്രകാരം ഉത്തരീയക്കാശുരൂപം ധരിക്കുന്നവർക്കെല്ലാവർക്കും മാർപ്പാപ്പാ അനുവദിച്ചിട്ടുള്ള "ആത്മീയാനുകൂല്യങ്ങൾ" പ്രാപിക്കാവുന്നതാണു്. പക്ഷെ ഉത്തരീയം ചുംബിക്കുന്ന ഓരോപ്രാവശ്യവും 500 ദിവസത്തെ ദണ്ഡവിമോചനം ലഭിക്കുമെന്നും ആ ആനുകൂല്യം ഉത്തരീയക്കാശുരൂപത്തിനില്ലെന്നുമുള്ളതു് സ്മരണാർഹമത്രെ. ഏവരും ഇതു സമ്മതിക്കുന്നുമുണ്ടു്. മേൽപ്പറഞ്ഞ പുസ്തകത്തിൽനിന്നു നാലഞ്ചുവരികൾക്കൂടി ഉദ്ധരിച്ചുകൊള്ളട്ടെ: "പതിനഞ്ചാം ബെനദിക്തൊസ് മാർപ്പാപ്പായാകട്ടെ വിശ്വാസികളെ ഉത്തരീയംതന്നെ ധരിപ്പിക്കാൻ പ്രേരിപ്പിക്കുന്നതിനുവേണ്ടി, ഉത്തരീയം ചുംബിക്കുന്ന ഓരോ അവസരത്തിലും 500 ദിവസത്തെ ദണ്ഡവിമോചനംവീതം അനുവദിച്ചിട്ടുണ്ടു്. ഈ ദണ്ഡവിമോചനം അനുവദിച്ച അവസരത്തിൽ അദ്ദേഹം കർമ്മലിത്താ നിഷ്പാദുക സഭാജനറാളിനോടു പറഞ്ഞ വാക്കുകൾ ശ്രദ്ധേയങ്ങളാണ്: "ഉത്തരീയംതന്നെ എല്ലാവരും ധരിക്കണമെന്ന നമ്മുടെ ആഗ്രഹം സ്പഷ്ടമാക്കാൻവേണ്ടി കാശുരൂപത്തിനില്ലാത്ത ഒരാനുകൂല്യം നാം അതിനു് അനുവദിക്കുന്നു." ഇദൃശ പ്രസ്താവനകളുടെ വെളിച്ചത്തിൽ, ഞങ്ങൾക്കു പറവാനുള്ളതു് ഇതാണ്: നിവൃത്തിയുള്ളവരെല്ലാം രോമോത്തരീയംതന്നെ ധരിക്കുക; അല്ലാത്തവർ മുറപ്രകാരം ആശീർവദിച്ച ഉത്തരീയക്കാശുരൂപമെങ്കിലും ധരിക്കുക. —ഈ വാദപ്രതിവാദം ഇനി തുടരേണ്ട ആവശ്യം കാണുന്നില്ല. പത്രാധിപർ]

——

കുടുംബപംക്തി

# കുട്ടികൾ

## അഞ്ചുവയസ്സിനു താഴെ

(എൻ. ഏ. കെ.)

II

അഞ്ചു വയസ്സു പ്രായമാകാത്ത കുട്ടി നമ്മുടെ ഭാഷ വശമാക്കുന്നതിനും നാം സംസാരിക്കുന്നതുപോലെ സംസാരിക്കുന്നതിനും ശ്രമിക്കുന്നതായിക്കാണാം. എങ്ങനെയാണു് അഞ്ചുവയസ്സു കഷ്ടിച്ച പ്രായമുള്ള കുട്ടി ഭാഷ പഠിക്കുന്നതു്? നാം സംസാരിക്കുമ്പോൾ നമ്മുടെ ചുണ്ടുകൾ അനങ്ങുന്നതും നാം ശബ്ദിക്കുന്നതും നമ്മുടെ മുഖത്തു പ്രകടമാകുന്ന ഭാവവ്യത്യാസങ്ങളും അവൻ സസൂക്ഷ്മം വീക്ഷിക്കുന്നു. നാം സംസാരിക്കുന്നതിൽ ചിലതൊക്കെ അവൻ ഗ്രഹിക്കുന്നു. നാം പറയുന്നതൊക്കെ ഏറെക്കുറെ അനുകരിച്ച സംസാരിക്കുവാൻ ശ്രമിക്കുന്നു. നമ്മുടെ ഭാഷ പഠിക്കുവാൻ കൊച്ചുകുട്ടികളെ നമുക്കെങ്ങനെ സഹായിക്കാം? ആദ്യമാദ്യം സാവകാശമായും ശാന്തമായും നാം അവരോടു സംസാരിക്കണം. നമ്മുടെ ശാന്തവും സൗമ്യവുമായ സംസാരം ശാന്തമായും സൗമ്യമായും സംസാരിക്കുവാൻ അവരെ സഹായിക്കും. അശ്ലീലവും പരുഷവുമായ സംസാരരീതികൾ അവർ കേൾക്കാതിരിക്കുവാൻ നാം സൂക്ഷിക്കേണ്ടതാണു്. ചിലപ്പോളൊക്കെ അവരുടെ പുസ്തകത്തിലെ ചിത്രങ്ങളുടെ പേരുകളും അവരുടെ പന്തു തയിച്ചുണ്ടാക്കിയ നൂലിൻെറ നിറവുമൊക്കെ പറഞ്ഞുകൊടുക്കുവാൻ അല്പസമയം ചെലവാക്കിയാൽ തരക്കേടില്ല. കളിക്കോപ്പുകളായി ഉപയോഗിക്കുന്ന ഇഷ്ടികകൾ ഒന്നിനുമുകളിൽ ഒന്നായി അടുക്കിവയ്ക്കുവാനും അതു തള്ളി മറിച്ചിടുവാനും കുട്ടികൾ സാധാരണ കൗതുകം പ്രകടിപ്പിക്കാറുണ്ടു്. ഇഷ്ടികകൾ അടുക്കിവയ്ക്കുമ്പോൾ ഒന്നു്, രണ്ടു്, മൂന്നു് എന്നിങ്ങനെ എണ്ണുവാൻ നമുക്കവരെ പഠിപ്പിക്കാം. ദിവസേന എന്നപോലെ നടക്കാറുള്ള സംഭവങ്ങളെപ്പററി—മററുകുട്ടികൾക്കും അവരുടെ മാതാപിതാക്കന്മാർക്കും എന്തൊക്കെ സംഭവിച്ചു, കുട്ടിയുടെ മാതാവു് ഒരു കൊച്ചുകുട്ടിയായിരുന്നപ്പോൾ എന്തുചെയ്തു എന്നിങ്ങനെ പല കാര്യങ്ങളെപ്പററി ചെറിയ കഥകൾ—നമ്മുടെകുട്ടികളെപറഞ്ഞു പഠിപ്പിക്കാം. നമ്മുടെ ചെറുപ്പകാലത്തെ ഓരോ അനുഭവങ്ങളെപ്പററി തന്മയത്വമായി കൊച്ചുകുട്ടികളോടു പറഞ്ഞുകേൾപ്പിക്കാം. നമുക്കു് അനുഭവത്തിലായിട്ടുള്ള ചില കാര്യങ്ങളോടു വളരെയധികം സാധർമ്മ്യമുള്ള കഥകളടങ്ങിയ പുസ്തകങ്ങൾ വാങ്ങിച്ച ദിവസവും വൈകുന്നേരം അതിൽനിന്നു് ഒന്നോ രണ്ടോ ചെറുകഥകൾ നമ്മുടെ കുട്ടികളെ വായിച്ചു കേൾപ്പിച്ചാൽ അവരുടെ വിനോദത്തിനും മാനസികവളർച്ചയ്ക്കും അതു് വളരെയധികം സഹായിക്കും. പണം ചെലവാക്കി കൊച്ചുകുട്ടികളെ സിനിമാശാലകളിലും നാടകവേദികളിലും കൊണ്ടുപോയി അവർക്കു മനസ്സിലാക്കുവാൻ ആവാത്ത ചലച്ചിത്രങ്ങളും നാടകാഭിനയങ്ങളും കാണിക്കുന്നതിനെക്കാൾ വളരെയേറെ പ്രയോജനകരമായിട്ടുള്ളതു് മേൽ വിവരിച്ച രീതിയിലുള്ള പരിശീലനമാണു്.

മററുള്ളവരെ സഹായിക്കുവാൻ ഓരോ ചെറുജോലി കൊച്ചുകുട്ടികൾ ചെയ്തു് ആ വഴിക്കൊരു പരിചയം അവർക്കു ലഭിക്കേണ്ടതു് ഏററവും ആവശ്യമാണു്. ഗൃഹസംബന്ധമായ ജോലികളിൽ വ്യാപൃതയായിക്കഴിയുന്ന ഒരു മാതാവിനു് തൻെറ കൊച്ചു കുട്ടിക്കു ചെയ്യുവാൻ തക്ക ജോലികൾ ഉണ്ടാക്കിക്കൊടുക്കുന്ന കൃത്യം ഒരുതരം ശല്യമായി തോന്നാം. നിസ്സാരമായ ചില ജോലികൾ കൊച്ചുകുട്ടികളെക്കൊണ്ടു ചെയ്യിക്കുന്നതു് അവരുടെ സ്വഭാവരൂപീകരണത്തിനു വളരെ സഹായകമായി തീരുന്നതിനാൽ അതൊരു ബുദ്ധിമുട്ടായി കരുതരുതു്. മററുള്ളവരെ സഹായിക്കുവാനുള്ള അഭിവാഞ്ഛ കൊച്ചുകുട്ടികളിൽ സഹജമായുണ്ടു്. മററുള്ളവരെ സഹായിക്കുന്നതിൽ കൊച്ചുകുട്ടികൾ വലുതായ ചില പാഠങ്ങൾ പഠിക്കുകയും ചെയ്യുന്നു. വീട്ടുജോലികളിൽ മററുള്ളവരോടു സഹകരിച്ചു പ്രവത്തിക്കുവാൻ പഠിക്കുന്നതോടൊപ്പം സഹകരണമനോഭാവവും അവരിൽ ക്രമേണ വളന്നുവരുന്നു. ഒരു സാമൂഹ്യജീവിയായി വളന്നുവരുന്ന തങ്ങളുടെ കുഞ്ഞുങ്ങൾ കുറെക്കഴിയുമ്പോൾ തങ്ങളെത്തന്നെ സഹായിക്കുന്നതായി മാതാപിതാക്കൾക്കു കാണുവാൻ കഴിയും. ചില അവസരങ്ങളിൽ നമ്മെപ്പോലെതന്നെ നമ്മുടെ കുട്ടികളും അസംതൃപ്തരും അനിയന്ത്രിതമായ ക്ഷോഭത്തിനു വിധേയരുമായി കാണപ്പെടും. അവർക്കു നൽകുവാൻ നമുക്കു സാധിക്കാത്ത ചിലതിനാഗ്രഹിച്ചുകൊണ്ടു് നമ്മുടെ കുട്ടികൾ ചിലപ്പോൾ ശണ്ഠകൂട്ടും. കുട്ടികളുടെ കരച്ചിലിനെ ശമിപ്പിക്കുവാനും പരിഭവത്തിൽനിന്നു രക്ഷനേടുവാനും മാതാപിതാക്കന്മാർ പ്രയോഗിക്കാറുള്ള ഒരു എളുപ്പവഴിയാണു് "അതുതരാം" "ഇതുതരാം" എന്നൊക്കെ—പാലിക്കുവാൻ ഉദ്ദേശിച്ചിട്ടില്ലാത്ത—ചില വാഗ്ദാനങ്ങൾ ചെയ്യുക എന്നുള്ളതു്. "നീ ഒരു നല്ല കുട്ടിയായിരിക്കാമെങ്കിൽ അടുത്തദിവസംതന്നെ ഒരു നല്ല മോട്ടോർകാർ വാങ്ങിത്തരാം" എന്നുള്ളതായിരിക്കാം ഒരു വാഗ്ദാനം. നാം ചെയ്ത ആ വാഗ്ദാനം അപ്പഴേ നാം മറക്കുകയും ചെയ്യും. ചിലപ്പോൾ പെൺകുട്ടികൾ അവരുടെ തലമുടി ചീകി മിനുക്കുന്ന കാര്യത്തിലായിരിക്കും വിസമ്മതം പ്രകടിപ്പിക്കുക. അങ്ങനെയുള്ള സന്ദർഭങ്ങളിൽ അവരെ ഭയപ്പെടുത്തുവാൻ സാധാരണ പ്രയോഗിക്കാറുള്ള ഭീഷണി "അപ്പൻ വന്നാലുടനെ പറയുമെന്നോ" "സ്കൂളിലെ അദ്ധ്യാപികയോടു പറഞ്ഞു് നല്ല പ്രഹരം ഏൽപ്പിക്കുമെന്നോ" ഒക്കെ ആയിരിക്കാം. ഭീഷണിപ്രയോഗത്താൽ കുട്ടികളെ അനുസരണമുള്ളവരാക്കിത്തീർക്കുവാനുള്ള ഒരു ശ്രമമാണതു്. വെറും ഭീഷണിക്കുവേണ്ടി ഭീഷണിവാക്കുകൾ ഉച്ചരിച്ച എന്നല്ലാതെ അപ്പൻ വന്നാൽ അപ്പനോടൊന്നും പറയുകയില്ല.


സ്കൂളിലെ അദ്ധ്യാപിക കുട്ടികളെ പ്രഹരിച്ച നേരെയാക്കുവാൻ ശ്രമിക്കുന്നതു തെററാണെന്നുള്ള അഭിപ്രായക്കാരിയുമായിരിക്കും. ഏതായാലും ഭീഷണികളും പാലിക്കുവാൻ ഉദ്ദേശിച്ചിട്ടില്ലാത്ത വാഗ്ദാനങ്ങളും അസത്യസംഭാഷണവും കുട്ടികളിൽ വലുതായ ദോഷംചെയ്യും. മേൽ വിവരിച്ച രീതിയിലുള്ള ഭീഷണികൾ കുട്ടികളുടെ നേരെ പ്രയോഗിച്ചാൽ മാതാപിതാക്കന്മാരോടും സ്കൂളിലെ അദ്ധ്യാപികയോടും അവർക്കുള്ള ബഹുമാനം ക്രമേണ നഷ്ടപ്പെടും. അവരിൽ അവർക്കുള്ള വിശ്വാസവും ക്രമേണ നശിക്കും. മാതാവിൻെറ ആഗ്രഹാനുസരണം കുട്ടിയുടെ പ്രവത്തനങ്ങളെ നിയന്ത്രിക്കുന്നതിനായി പാലിക്കാനാവാത്ത വാഗ്ദാനങ്ങളും, അനാവശ്യമായ ഭീഷണികളും, വ്യാജപ്രസ്താവനകളും ഉപയോഗിച്ചാൽ കുട്ടികൾക്കു് മാതാവിലുള്ള വിശ്വാസവും മാതാവിനോടുള്ള ബഹുമാനവും നശിക്കുന്നതാണു്. കുട്ടിയുടെ നന്മയെ കരുതി ഏററവും ശരിയായിട്ടുള്ളതുമാത്രം ദൃഢമായ സ്വരത്തിൽ കുട്ടിയോടു പറയണം. മാതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണിതു്. വിവേചനാശക്തിയുള്ളവരാണു് കുഞ്ഞുങ്ങൾ എന്ന ബോധം അവരിൽ ഉളവാകത്തക്ക രീതിയിൽ അവരോടു സംസാരിച്ചാൽ കൊച്ചുകുട്ടികളിൽ ഉളവാകുന്ന ഫലം വളരെ വലുതായിരിക്കും. ഉദാഹരണമായി ഒരു കൊച്ചുകുട്ടി ഭംഗിയുള്ള ഒരു പാവ വേണമെന്നുള്ള ആഗ്രഹം പ്രദർശിപ്പിച്ചാൽ അതു നല്കുക സാദ്ധ്യമല്ലെന്നു പൊട്ടുന്നനവെ അതിനെ ധരിപ്പിക്കുന്നതിനെക്കാൾ ഉചിതം "പാവ വാങ്ങിത്തരാമായിരുന്നു. പക്ഷേ, അതിനെക്കാൾ അത്യാവശ്യമായിരിക്കുന്നതു് കാപ്പിയും പഞ്ചസാരയുമാണു്. അതു വാങ്ങിക്കഴിഞ്ഞിട്ടു പാവക്കുടി വാങ്ങുവാൻ പണം തികയുമെങ്കിൽ വാങ്ങിത്തരാം. നമുക്കു പണം ധാരാളമായി ഇല്ലല്ലൊ" എന്നിങ്ങനെ ശാന്തമായി പറയുകയായിരിക്കും. ശൈശവത്തിലേതന്നെ ശരിയായ രീതിയിലുള്ള പരിശീലനത്തിൽ വളർത്തിയാൽ വലിയ ഏററുമുട്ടലുകൾക്കിടയാകയില്ല. പക്ഷെ മാതാപിതാക്കന്മാർ അഭിപ്രായസ്ഥിരതയില്ലാത്തവരും, സദാ അസംതൃപ്തരും അനാവശ്യമായി എന്തിനെപ്പററിയും കുണ്ഠിതപ്പെടുന്നവരും പരുഷസ്വഭാവികളും ആയിരിക്കരുതു്.

——

ഇടപ്പള്ളി ഫൊറോനാപള്ളിയിൽ

## വി. ഗീവറുഗീസ് സഹദായുടെ

# തിരുനാൾ



1951 മേയ് 4 (1126 മേടം 21)-ാംനു-

വെള്ളിയാഴ്ച ആഘോഷിക്കുന്നതാണു്.

പതിവുപോലെ എട്ടാമിടവുമുണ്ടായിരിക്കും.

വികാരി

## ഷെ. സി. ജെ. വക്കി

മൈസൂർ സെൻറ് ഫിലോമിനാസ് കോളെജ് പ്രിൻസിപ്പാളായിരുന്ന ഷെവലിയർ സി. ജെ. വക്കി എം. എ. മദ്രാസിൽ ഗിണ്ഡിയിലുള്ള വിന്ധ്യാ എൻജിനീയറിങ്ങ് കോളെജ് സൂപ്രണ്ടും കറസ്പോണ്ടൻറുമായി നിയമിതനായിരിക്കുന്നു.

മാർ ഇവാനിയോസ് കോളെജ്

## പ്രിൻസിപ്പാൾ

തിരുവനന്തപുരം മാർ ഇവാനിയോസ് കോളെജ് പ്രിൻസിപ്പാളായി നിയമിതനായിരിക്കുന്ന റവ. ഫാ. തോമസ് നങ്ങച്ചിവീട്ടിൽ എം. എ. അടുത്തകോളെജ വർഷാരംഭത്തോടുകൂടി തൻെറ ഉപരിപഠനം പൂത്തിയാക്കി ന്യൂയോക്കിൽ നിന്നും തിരിച്ചെത്തി പ്രസ്തുതോദ്യോഗം ചാർജ്ജെടുക്കുന്നതാണെന്നറിയുന്നു.

## ക. കോ. വാർഷികം

അഖിലകേരള കത്തോലിക്കാ കോൺഗ്രസ് 26-ാം വാർഷികസമ്മേളനം ആലുവാ "ഫാത്തിമാനഗറി"ൽവച്ചു് മേയ് 13, 14, 15 എന്നീ തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ. ഡി., ഡി.

Vol. 24 || ERNAKULAM, MAY 2, 1951 || No 35


# പുനരുദ്ധാരണസേവനവും വിൻസെൻറ ഡി പോൾ സംഘവും

വിൻസെൻറ ഡീ പോൾ സംഘത്തെ അതിൻെറ സ്ഥാപകനായ ഫ്റെഡറിക് ഓസാനാം കേവലം സ്നേഹത്തെ ലക്ഷ്യം വച്ചും ജീവകാരുണ്യപരമായി മാത്രവും പ്രവൎത്തിക്കേണ്ട സ്ഥാപനമായിട്ടല്ല വിഭാവനം ചെയ്തതു്. ദരിദ്രരേയും തൊഴിലാളികളേയും മററു പാവങ്ങളേയും നീതി ആവശ്യപ്പെടുന്ന ജീവിതാവശ്യങ്ങൾ നൽകി മാനവും മര്യാദയുമുള്ള പൗരന്മാരായി ഉയൎത്തുന്ന പുനരുദ്ധാരണസേവനവും സംഘത്തിൻെറ ലക്ഷ്യത്തിലും പരിപാടിയിലും അദ്ദേഹം ഉൾപ്പെടുത്തിയിരുന്നു. ഈ പുനരുദ്ധാരണസേവനത്തിൻെറ ആവശ്യകത ഇക്കാലത്തു പ്രത്യേകിച്ചും സകല പ്രജായത്തരാജ്യങ്ങളിലേയും ഭരണാധികാരികളും നേതാക്കന്മാരും ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുകയാണു്.

### രാജൻബാബുവിൻെറ ഉദ്ബോധനം

ഇൻഡ്യായൂണിയൻ പ്രസിഡൻറു് ഡോക്ടർ രാജേന്ദ്രപ്രസാദ് തിരു-കൊച്ചി പര്യടനംകഴിഞ്ഞു് മദ്രാസിലെത്തിയപ്പോൾ മുസ്ലിം യുവജനങ്ങളുടെ പുനരുദ്ധാരണത്തിനായി സേവനമനുഷ്ഠിക്കുന്ന രണ്ടു സ്ഥാപനങ്ങൾ നൽകിയ സ്വീകരണത്തിനിടയിൽ അവയെ അഭിനന്ദിച്ചു ചെയ്ത ഉദ്ബോധനം ശ്രദ്ധേയമാണു്: "നമുക്കു ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യം ഈ രാജ്യത്തിൽ അധിവസിക്കുന്ന സകലൎക്കുമനുഭവത്താക്കിത്തീൎക്കുവാൻ നാം ഇനിയും വളരെയധികം ചെയ്യേണ്ടതുണ്ടു്. സൃഷ്ടിപരമായ വളരെയധികം പ്രവൎത്തനങ്ങൾ നമുക്കാവശ്യകമാണു്. അവവഴിയായിട്ടേ ജനങ്ങളെ സംതൃപ്തരും ഐശ്വര്യപ്രാപ്തരും ആക്കുവാനും, സ്വാതന്ത്ര്യത്തിൻെറ മധുരിമ ആസ്വദിക്കുന്നതിനു് ഈ രാജ്യത്തിലെ സകലൎക്കും സംഗതിവരുത്തുവാനും സാധിക്കുകയുള്ളു. ഈ പുനരുദ്ധാരണവേലയിൽ (സ്വാതന്ത്ര്യസമ്പാദനത്തിനായി നടത്തിയ സമരത്തിൽനിന്നും) ഭിന്നമായ കൎത്തവ്യമാണു് നമുക്കു് അനുഷ്ഠിക്കാനുള്ളതു്. പ്രസ്തുതസമരത്തിൽ സഹനവും ത്യാഗവും സ്വീകരിക്കുക ആവശ്യകമായിരുന്നെങ്കിലും അതോടൊന്നിച്ചു പേരും പെരുമയും ലഭിക്കുവാനുള്ള മാൎഗ്ഗവും കൂടിയുണ്ടായിരുന്നു. സ്വാതന്ത്ര്യം സമ്പാദിച്ചശേഷവും സ്വന്തം സുഖസൗകര്യങ്ങളും ഐശ്വര്യവും വൎദ്ധിപ്പിക്കുവാനുള്ള പല സേവനമാൎഗ്ഗങ്ങളും ഇല്ലാതില്ല. എന്നാൽ സ്വരാജ്യത്തിൻെറ സേവനത്തിനായി ആത്മസമൎപ്പണം ചെയ്യുവാൻ ആഗ്രഹിക്കുന്നവനു്, അവൻ ഒച്ചപ്പാടുകൂടാതെ സൃഷ്ടിപരമായ പ്രവൎത്തനങ്ങൾ നടത്തുന്നതായാൽ, അതിനു പ്രതിഫലമായി പേരും പെരുമയും ലഭിച്ചില്ലെന്നുവരാം; വൎത്തമാനപ്പത്രങ്ങളിൽ വലിയക്ഷരങ്ങളിൽ അവൻെറ നാമം അച്ചടിച്ചു പ്രസിദ്ധംചെയ്തില്ലെന്നുവരാം. എന്നാൽ അത്തരം പ്രവൎത്തനമാണു് ഇന്നു് ഈ രാജ്യത്തു് ആവശ്യമുള്ളതു്. ഗവൎമ്മെൻറിലും അസംബ്ലികളിലും പാൎല്ലമെൻറിലും പ്രവേശിച്ചു രാജ്യഭരണത്തിൽ ഏൎപ്പെടുന്ന വലിയ രാജ്യതന്ത്രജ്ഞന്മാർ നമുക്കാവശ്യമാണെന്നുള്ളതു ശരിതന്നെ. എന്നാൽ അവൎക്കും പുറമെ വലിയൊരു സംഘം പ്രവൎത്തകന്മാരെ നമുക്കാവശ്യമുണ്ടു്—സാധാരണക്കാരനു സേവനം ചെയ്യുകയെന്ന ഏകലക്ഷ്യത്തോടുകൂടി മൗനരായും ശാന്തരായും ഒരു പക്ഷെ അജ്ഞാതരായും ജോലിചെയ്യുന്ന പ്രവൎത്തകന്മാരാണവർ. അത്തരം പ്രവൎത്തകന്മാരുടെ ഒരു വലിയ ഗണത്തെ ഉല്പാദിപ്പിക്കുവാൻ ഈ രാജ്യത്തിനു കഴിഞ്ഞില്ലെങ്കിൽ സ്വാതന്ത്ര്യബോധിയുടെ ലക്ഷ്യം മുഴുവനും കൈവരുന്നതല്ല." സൃഷ്ടിപരമായ പ്രവൎത്തനങ്ങളിലേൎപ്പെട്ടു രാജ്യവാസികൾ സകലൎക്കുമനുപേക്ഷം സേവനം ചെയ്യുവാൻ കൊള്ളുന്നവരായി രാജൻബാബു ആവശ്യപ്പെടുന്നതരം പ്രവൎത്തകന്മാരാണു് വിൻസെൻറു് ഡി പോൾ സംഘക്കാരെന്നു ധൈര്യമായി പറയാവുന്നതാണു്.

### തൊഴിലാളികളുടെ അവകാശസംരക്ഷണം

ഓസാനാം ആദ്യംമുതൽക്കുതന്നെ തൊഴിലാളികളുടേയും മററു പാവങ്ങളുടേയും അവകാശങ്ങൾ സംരക്ഷിക്കുവാനും അങ്ങനെ അവരുടെ ജീവിതനിലവാരം ഉയൎത്തുവാനും ശ്രമിച്ചുകൊണ്ടിരുന്നു. 1836-ൽ, മാൎക്സു് ഇനിയും സാമുദായികപ്രശ്നത്തെപ്പററി കേൾക്കുകപോലും ചെയ്തിട്ടില്ലായിരുന്ന ആ കാലത്തു്, സൎവ്വകലാശാലയിലെ പ്രഫസർ ഉദ്യോഗം വഹിച്ചിരുന്ന ഓസാനാം ലയൺസു് പട്ടണത്തിൽ നിയമവിഷയങ്ങളെക്കുറിച്ചു് ഒരു പ്രസംഗപരമ്പരനടത്തിയതിനിടയിൽ അന്നത്തെ മുതലാളിമാരുടെ നീതിരഹിതമായ നടപടികളെ അപലപിച്ചിരുന്നു. മുതലാളികളും തൊഴിലാളികളും തമ്മിൽ ഉണ്ടായിരിക്കേണമെന്നു നീതി അനുശാസിക്കുന്ന ബന്ധങ്ങളെക്കുറിച്ചു് മുതലാളിമാരടങ്ങിയ തൻെറ ശ്രോതാക്കളോടു് അദ്ദേഹം അന്നു പ്രസംഗിച്ചിരുന്നു. തൊഴിലാളിയുടെ വേലയെ മുതലാളി ഒരു ക്രയവിക്രയസാധനമായി ഗണിച്ചുപോരുന്നുണ്ടെന്നുള്ള ആക്ഷേപം, ഇന്നു സൎവ്വത്ര പുറപ്പെടുവിക്കപ്പെട്ടുകൊണ്ടിരിക്കുന്നതു്, കമ്മ്യൂണിസ്റ്റുവിജ്ഞാപനത്തിനു 10 കൊല്ലങ്ങൾക്കുമുൻപു്, അദ്ദേഹം പുറപ്പെടുവിച്ചിരുന്നു. "മുതലാളി തൊഴിലാളിയെ തൻെറ കൂട്ടുപ്രവൎത്തകനായോ സഹായിയായോ അല്ലാതെ, ഏററവും കുറഞ്ഞ ചെലവിൽ ഏററവും കൂടുതൽ ആദായം ഉണ്ടാക്കുവാനുള്ള ഉപകരണമായി ഉപയോഗിക്കുന്നതു മനുഷ്യപ്രകൃതിയുടെ മാഹാത്മ്യത്തോടു ചെയ്യുന്ന ഒരപരാധമാണു്" എന്നത്രേ ഓസാനാം അന്നേ പ്രസംഗിച്ചിരുന്നതു്. 1838-ൽത്തന്നെ തൊഴിലാളികൾക്കു ജീവനക്കൂലി ലഭിക്കുവാനുള്ള അവകാശത്തേയും, തൊഴിലാളിസംഘങ്ങൾ ഏൎപ്പെടുത്തുവാനുള്ള അവകാശത്തേയും അദ്ദേഹം ആദരിച്ചു പ്രസംഗിച്ചിരുന്നു. സംഘടനാവകാശം തൊഴിലാളികൾക്കുണ്ടായിരുന്നതു് ഫ്റഞ്ചു് മഹാവിപ്ലവത്തിൻെറ പ്രവൎത്തകന്മാർ എടുത്തുകളഞ്ഞിരുന്നു. ഫ്റാൻസിലെ നിയമം അതവൎക്കു വീണ്ടും നൽകിയിട്ടില്ലായിരുന്ന കാലമാണതു്. അന്നാണു് പ്രസ്തുതാവകാശത്തെപ്പററി ഓസാനാം പ്രസംഗിച്ചതു്. അക്കാലത്തു് ഇംഗ്ലണ്ടിലെപ്പോലെതന്നെ ഫ്റാൻസിലും വ്യവസായകാൎയ്യങ്ങളിൽ സൎക്കാരിനോ മതത്തിനോ മറേറതെങ്കിലും അധികാരസ്ഥാപനങ്ങൾക്കോ ഇടപെടാൻ പാടില്ലെന്നുള്ള നയമാണു് പ്രാബല്യത്തിലിരുന്നതു്. ഈ "ഇടപെടാനയത്തെ" അപലപിച്ചുകൊണ്ടു്, മുതലാളികളുടെ ചൂഷണങ്ങളിൽനിന്നു തൊഴിലാളികളെ രക്ഷിക്കുവാൻ നിയമനിൎമ്മാണങ്ങൾ ചെയ്യുന്നതിനു രാഷ്ട്രത്തിനുള്ള കൎത്തവ്യത്തെയും, അതനുഷ്ഠിക്കണമെന്നു രാഷ്ട്രത്തോടാവശ്യപ്പെടുവാൻ തൊഴിലാളികൾക്കുള്ള അവകാശത്തെയും ഓസാനാം അന്നു പ്രഖ്യാപിക്കാതിരുന്നില്ല. പാവങ്ങൾക്കു ജീവകാരുണ്യപരമായ സഹായങ്ങൾ നൽകി അവരെ ആശ്വസിപ്പിക്കണമെന്നു മാത്രമല്ല, ഒരു വൎഗ്ഗമെന്നനിലയിൽ അവരെ പുനരുദ്ധരിക്കണമെന്നും ഓസാനാമിനു് ഉദ്ദേശമുണ്ടായിരുന്നെന്നു് അദ്ദേഹത്തിൻെറ വാക്കുകളിൽനിന്നറിയാം. "സംഘാംഗങ്ങളുടെ സേവനത്തിൽ ജാതിമതഭേദംകൂടാതെ ദരിദ്രരും രോഗികളും അവശരും തൊഴിലില്ലാത്തവരും ഉൾപ്പെടുന്നുണ്ടു്. ദാനധൎമ്മങ്ങൾ കൊടുക്കുന്നതിൽ മാത്രമല്ല ആ സേവനം അടങ്ങിയിരിക്കേണ്ടതു്. ധാൎമ്മികമായ സഹായദാനത്തിനുള്ള മാൎഗ്ഗംകൂടിയായിരിക്കണം അതു്. ഓരോ അംഗവും അവൻെറ പ്രത്യേകമായ ജീവിതരീതിയനുസരിച്ചു സഹായം നൽകണം. ഡോക്ടർമാർ, അഭിഭാഷകന്മാർ, അദ്ധ്യാപകന്മാർ മുതലായി ഓരോ അംഗവും അവനവനു സാധിക്കുവാൻ ഏററവും കഴിവുള്ളതരം പുനരുദ്ധാരണവേല ഏറെറടുക്കേണ്ടതാണു്." ഈ ആശയം അനുസരിച്ചുള്ള നാനാതരം പ്രവൎത്തനങ്ങളാണു് സംഘം പല രാജ്യങ്ങളിലും നടത്തിയിട്ടുള്ളതു്. സാമുദായികസേവനങ്ങൾ എന്ന പേരിൽ ഇക്കാലത്തറിയപ്പെടുന്ന സകല പ്രവൎത്തനങ്ങളും പാവങ്ങളുടെ ജീവിതപുനരുദ്ധാരണത്തിനായി സംഘം എന്നും എവിടെയും ചെയ്തുകൊണ്ടാണിരിക്കുന്നതു്.

### സ്വാൎത്ഥരഹിതമായ സേവനം

പേരും പെരുമയും മററു ലൗകികമായ പ്രതിഫലങ്ങളൊന്നും ആശിക്കാതെ മൗനമായും ശാന്തമായും അജ്ഞാതമായും സേവനംചെയ്യുവാൻ വിൻസെൻറു ഡി പോൾ സംഘാംഗങ്ങൾക്കു് വിശേഷവിധിയായ കഴിവുണ്ടു്. സംഘാംഗങ്ങൾ ഓരോരുത്തരും ധാൎമ്മികവും ആദ്ധ്യാത്മികവുമായ കാൎയ്യങ്ങൾക്കു് അവയർഹിക്കുന്ന വില കല്പിക്കുന്നു. അവയെ കൺമുൻപിൽ വച്ചുകൊണ്ടാണു് ശാരീരികങ്ങളായ ദുരിതങ്ങൾക്കുള്ള നിവാരണമാൎഗ്ഗങ്ങൾ അവർ അന്വേഷിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നതു്. ഈ മനസ്ഥിതി ഉണ്ടാകുന്നതിനും തദനുസരണം പ്രവൎത്തനങ്ങൾ നടത്തുന്നതിനുംവേണ്ടി അംഗങ്ങൾ ധാൎമ്മികവും ആദ്ധ്യാത്മികവുമായ അഭ്യാസങ്ങൾ അവരുടെ യോഗങ്ങളിൽ നടത്തുന്നു. തങ്ങളുടെ മതസിദ്ധാന്തങ്ങളനുസരിച്ചു ധ്യാനം, സൽഗ്രന്ഥപാരായണം, കൂദാശകളുടെ സ്വീകരണം മുതലായവ നിയമേന അനുഷ്ഠിക്കണമെന്നു സംഘനിയമം അനുശാസിക്കുന്നതു് ഇതിനുവേണ്ടിയാണു്. ഇതിൻെറ ഫലമായി അവർ നിസ്സ്വാൎത്ഥമായ സേവനംചെയ്യുവാൻ പ്രാപ്തന്മാരാകുന്നു. ജാതിമതഭേദംകൂടാതെ സകല മനുഷ്യരേയും ദൈവത്തിൻെറ മക്കളും ക്രിസ്തുവിൻെറ സഹോദരന്മാരുമായി ഗണിക്കുവാൻ അവൎക്കുകഴിയുന്നു. അതിനാൽ സ്വാൎത്ഥലേശംകൂടാതെ പാവങ്ങൾക്കു സഹായം നല്കുവാൻ അവർ സന്നദ്ധരാവുകയുംചെയ്യുന്നു. സംഘാംഗങ്ങൾ ഓരോരുത്തരും ആഴ്ചയിൽ ഒരിക്കലെങ്കിലും പാവങ്ങളുടെ വീടുകൾ സന്ദൎശിക്കണമെന്നാണു് സംഘനിയമം. സന്ദൎശനം ചെയ്യുന്ന പാവങ്ങളുടെ ശാരീരികവും ധാൎമ്മികവും ആദ്ധ്യാത്മികവുമായ ദുരിതങ്ങൾ എന്തൊക്കെയെന്നു് അവർ അന്വേഷിച്ചറിയുന്നു. അതിൻെറ ഒരു റിപ്പോർട്ടു് അടുത്തയോഗത്തിൽ അവർ സമൎപ്പിക്കുകയും അതിനെപ്പററി ചൎച്ചകൾ നടത്തിയശേഷം ചെയ്യുന്ന തീരുമാനമനുസരിച്ചു് കഴിവുള്ള വിധത്തിൽ ദുരിതങ്ങൾക്കു നിവാരണം വരുത്തിക്കൊടുക്കുകയും ചെയ്യുന്നു. ഇതുനിമിത്തം വിൻസെൻറു ഡി പോൾ സംഘക്കാർ നല്കുന്ന സഹായം അതു ലഭിക്കുവാൻ അൎഹതയുള്ളവൎക്കാണു് ലഭിക്കുന്നതു്. അതിനുംപുറമെ ക്രമീകൃതവും സംഘടിതവുമായ രീതിയിൽ പാവങ്ങളെ സഹായിക്കുവാൻ അവൎക്കു സൗകൎയ്യം ലഭിക്കുന്നു. സംഘത്തിൽ പ്രോത്സാഹകാംഗങ്ങളായും ഗുണകാംക്ഷികളായും ചേരുന്ന ഉദാരമതികളിൽനിന്നു ശേഖരിക്കുന്ന സഹായമാൎഗ്ഗങ്ങൾ ഉപയോഗശൂന്യമാകാതെ ആളും തരവും അറിഞ്ഞു വിതരണം ചെയ്യുവാൻ അവൎക്കു കഴിവുണ്ടാകുന്നു. പൊതുവേ പാവങ്ങളുടെ വിശ്വാസവും സ്നേഹവും ഈ വിധത്തിൽ സമ്പാദിച്ചു കഴിഞ്ഞാൽ സൎക്കാരിൽനിന്നുതന്നെയും പാവങ്ങൾക്കുവേണ്ടി നല്കുവാൻ ഉദ്ദേശിക്കുന്ന സഹായങ്ങൾ സംഘാംഗങ്ങൾക്കുതന്നെ ഇടയ്ക്കുനിന്നു വാങ്ങി യഥായോഗ്യം വിതരണംചെയ്യാവുന്നതാണു്. സകലരേയും സന്മാൎഗ്ഗനിഷ്ഠയുള്ളവരും മതനിഷ്ഠയുള്ളവരുമാക്കിത്തീൎക്കുവാനും സംഘാംഗങ്ങൾ ശ്രമിക്കുന്നതുകൊണ്ടു് പാവങ്ങളുടെ സാന്മാൎഗ്ഗികവും മതപരവുമായ നിലതന്നെ ഉയരുന്നതാണു്. അവയിൽ ഉയൎച്ചയുണ്ടാകുന്നതോടുകൂടി ദാരിദ്ര്യത്തിൽനിന്നു കരകയറുവാൻ സഹായിക്കുന്ന സ്വഭാവഗുണങ്ങൾ—ആത്മനിയന്ത്രണം, മിതത്വം, പരിശ്രമശീലം, ശുചിത്വം മുതലായവ—അവൎക്കു കൈവരികയും ചെയ്യും. വിൻസെൻറു് ഡി പോൾ സംഘത്തിൻെറ ലോകമാസകലമുള്ള പ്രവൎത്തനങ്ങൾ ഇപ്രകാരം പാവങ്ങൾക്കു എല്ലാവിധത്തിലും രക്ഷാകരമായിരിക്കുന്നുണ്ടെന്നു തെളിഞ്ഞിരിക്കുകയാണു്. ആകയാൽ നമ്മുടെ ഇടവകകളിൽ ഈ സംഘത്തിൻെറ ശാഖകൾ സ്ഥാപിക്കുകയും സംഘനിയമം അനുസരിച്ചു പ്രവൎത്തനങ്ങൾ നടത്തുകയും ചെയ്യുകയാണു് തൊഴിലാളികളേയും മററു പാവങ്ങളേയും സഹായിക്കുന്നതിനു് ഏററവും പററിയ മാൎഗ്ഗം.


## സത്യദീപം വരിസംഖ്യ

| | |
|---|---|
| പ്രതിവർഷം അഞ്ചൽ | ക. 6—0—0 |
| പ്രതിവർഷം തപാൽ | " 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—0—0 |
| ഒററപ്രതി | 0—2—0 |





കല്ലൂക്കാട്ടു്: സ്ഥലത്തെ ഫ്റാൻസിസ്കൻമൂന്നാംസഭാംഗങ്ങളും സൊഡാലിററിയംഗങ്ങളും ഏകോപിച്ചു് ഏപ്രിൽ 22-ാംനു- രണ്ടുനാഴിക അകലെയുള്ള വലിയ പാറവരെ രണ്ടടിനീളമുള്ള മരക്കുരിശുകളും വഹിച്ചുകൊണ്ടു് ഒരു പരിഹാരപ്രദക്ഷിണം നടത്തിയിരിക്കുന്നു.

—തോട്ടക്കര: യുവജനസമാജം, മരിയാസഖ്യം, ഫ്റാൻസിസ്കൻ മൂന്നാംസഭ എന്നിവയുടെ സംയുക്തവാർഷികം ഏപ്രിൽ 22-ാംനു- റവ. ഫാ. ജോസഫ് മേനാച്ചേരി ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ ബ്രദർ പീറർറെസ്സി ഒരു പ്രസംഗം ചെയ്കയുണ്ടായി.

—വാഴക്കുളം: സി. വൈ. എം. എ., സൊഡാലിററി, സത്യാരാധനസഖ്യം, വിൻസെൻറു് ഡി പോൾ സൊസൈററി എന്നിവയുടെ സംയുക്തവാർഷികം മേയ് 26 ാംനു-റവ. ഫാ. ഇട്ടിയവിര മമ്പിള്ളി എം എ. അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. യോഗത്തിൽ ശ്രീ ടി. ഒ. മാത്യു എം. എ., ശ്രീമതി അച്ചാമ്മ കുര്യാക്കോസ് ബി. എ. എന്നിവർ പ്രസംഗിക്കുന്നതായിരിക്കും.

—ഇളങ്ങോയി: ലീജിയൻ ഓഫ മേരിയുടെ ഒരു ശാഖ ഏപ്രിൽ 22-ാംനു- റവ. ഫാ. ജോസഫ് പുതിയപറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ചു് ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. യോഗത്തിൽ ഡോക്ടർ കെ. ഇ. ഈപ്പൻ മി. ഡോമിനിക്കു് ചെറിയാൻ കിഴക്കേമുറി, മി. കെ. എം. ഡോമിനിക്കു് എന്നിവർ പ്രസംഗിക്കുകയുണ്ടായി.

—വായ്പൂരു: വെട്ടിക്കപ്പുരയിടം സൺഡേസ്കൂളിൻെറയും സെൻറ മേരിസ് സ്കൂളിൻെറയും സംയുക്തവാർഷികം ഏപ്രിൽ 22-ാംനു- സ്ഥലം മരിയസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ റവ. ഫാ. അഗസ്റ്റിൻ മണ്ണൂക്കുളം അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. മെ. പി. ജെ. മാത്യു, കെ. ടി. മത്തായി എന്നിവർ പ്രസംഗിക്കയുണ്ടായി.

—പൂതൃക്കോട്ടു്: മരിയാസഖ്യത്തിൻെറ 25-ാം വർഷികവും സൺഡേസ്കൂൾ ദിനവും സംബന്ധിച്ചു് ഏപ്രിൽ 22-ാംനു- റവ. ഫാ. ജറോം ടി. ഒ. സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയുണ്ടായി. റവ. ഫാ. സെബാസ്റ്റ്യൻ തേർമഠം എം. ഒ. എൽ. പ്രസംഗിച്ചു. യോഗാനന്തരം മരിയാസഖ്യാംഗങ്ങൾ "ദിനാമ്മ", "യാചകൻ" എന്നി പ്രഹസനങ്ങൾ അഭിനയിക്കുകയുണ്ടായി.

—അരിക്കുഴ: മംഗലാപുരം സെമ്മിനാരിയിൽ വൈദികാദ്ധ്യയനം പൂൎത്തിയാ

ക്കി ഏപ്രിൽ 5-ാംനു പട്ടം സ്വീകരിച്ച റവ. ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ സ്വന്തം ഇടവകയായ അരീക്കുഴവന്നു് നവപൂജയർപ്പിച്ചിരിക്കുന്നു.

—കണ്ണങ്കര: കോട്ടയംമെത്രാൻ ഡോക്ടർ തോമസ് തറയിൽ തിരുമേനി ഏപ്രിൽ 21-ാംനു സ്ഥലത്തെഴുന്നള്ളുകയും മൂന്നുദിവസത്തെ താമസത്തിനിടയിൽ, ഇടവകയിൽ പുതുതായി പണിയുവാൻ പോകുന്ന ദേവാലയത്തിൻ്റെയും കന്യാസ്ത്രീമഠത്തിൻ്റെയും ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുകയും ചെയ്തിരിക്കുന്നു. തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ സ്ഥലം വിൻസെൻ്റ് ഡി പോൾ സഖ്യത്തിൻ്റെ ഒരു വിശേഷാൽ യോഗവും കൂടുകയുണ്ടായി.

—എളങ്കുളം: കത്തോലിക്കാ അസോസ്യേഷൻ്റെ 4-ാം വാർഷികയോഗം ഏപ്രിൽ 22 ാംനു കൂടി അടുത്തകൊല്ലത്തേക്കു് പ്രസിഡണ്ടായി ശ്രീ പി. വി. തോമസ്, സെക്രട്ടറിയായി ശ്രീ എം. എക്സ്. ളൂയിസ്, ഖജാൻജിയായി ശ്രീ പി. സി. പാപ്പു എന്നിവരെ തിരഞ്ഞെടുത്തിരിക്കുന്നു.

—കാഞ്ഞിരപ്പള്ളി ഫൊറോനാപള്ളി വികാരിയായി 11 വർഷത്തോളം ജോലിനോക്കിയ വെരി റവ. ഫാ. സെബാസ്റ്റ്യൻ കുളംകുത്തിയിൽ ചങ്ങനാശേരി മെത്രാസനപ്പള്ളിവികാരിയായി സ്ഥലം മാറിപ്പോകുന്നതു പ്രമാണിച്ച് റൈററ് റവ. മോൺ. ജേക്കബ് കല്ലറയ്ക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടിയിരിക്കുന്നു. പുതിയ വികാരി വെരി റവ. ഫാ. സക്കറിയാസ് പുന്നാപ്പാടം ഏപ്രിൽ 29-ാംനു ചാർജ്ജെടുത്തിരിക്കുന്നു.

## വിവാഹം

കൊരട്ടക്കാട്ടുപള്ളി ഇടവക ചിറയത്തു തഞ്ചൻ പറഞ്ചു അവർകളുടെ പുത്രൻ ജോസഫ് ബി. എ. യും തൃശ്ശൂർ എ. എസ്. പി., കെ. ഒ. ജോസഫ് അവർകളുടെ പുത്രി എലിസമ്മയും തമ്മിലുള്ള വിവാഹം തൃശ്ശൂർ വ്യാകുലമാതാവിൻ്റെ പള്ളിയിൽവച്ച് ഏപ്രിൽ 23 ാംനു നടന്നിരിക്കുന്നു.

—തൃശ്ശൂർ ക്ഷേമവിലാസം കമ്പനി മാനേജർ ശ്രീ കെ. ടി. പോളിൻ്റെ പുത്രി സലീനയും ഒല്ലൂർ ഫൊറോനാപള്ളി ഇടവക പാലേക്കര ശ്രീ പൗലോസിൻ്റെ പുത്രൻ ജോർജ്ജും തമ്മിലുള്ള വിവാഹം തൃശ്ശൂർ ലൂർദ്പള്ളിയിൽവച്ച് നടന്നിരിക്കുന്നു.

## ചരമം

പള്ളുരുത്തി സ്വദേശിയും ചുള്ളിക്കൽ പള്ളിയിലെ ചാപ്ലൻമായിരുന്ന റവ. ഫാ. കാട്ടിശ്ശേരി ജോൺ പോൾ ഏപ്രിൽ 21-ാംനു 63-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. ഇദ്ദേഹം എരമല്ലൂർ, പഴങ്ങാട്, കണ്ണമാലി, പുല്ലുവിള എന്നീ പള്ളികളിൽ വികാരിയായിരുന്നിട്ടുള്ളതാണ്.

—എറണാകുളം ഉണ്ണിമിശിഹാപള്ളി ഇടവക ശ്രീ സി. ജെ. ലൂയിസ് എക്സ് എം. എൽ. സി. അവർകളുടെ ഭാര്യ ശ്രീമതി മേരി ലൂയിസ് ഏപ്രിൽ27-ാംനു നിര്യാതയായിരിക്കുന്നു.

R. I. P.

## "രണ്ടാമത്തെ വി. ഫ്രാൻസിസ്"

വാഴ്ത്തപ്പെട്ട ഫ്രാൻസെസ്സൊ അൻ്റോണിയൊ ഫസാനി ഒ. എഫ്. എം. ഏപ്രിൽ 15-ാംനു വി. പത്രോസിൻ്റെ ദേവാലയത്തിൽവച്ച് സിദ്ധൻ എന്നു നാമകരണംചെയ്യപ്പെട്ടിരിക്കുന്നു. തെക്കേ ഇററലിയിൽ ലൂസിറാ എന്ന സ്ഥലത്തു് ഒരു ദരിദ്രകുടുംബത്തിൽ ജാതനായ ഇദ്ദേഹം 1742-ൽ 61 ാമത്തെ വയസ്സിലാണു നിര്യാതനായതു്. തൻ്റെ പൗരോഹിത്യകാലം മുഴുവൻ അദ്ദേഹം സ്വരാജ്യത്തു നടമാടിയിരുന്ന സാമുദായികാനീതികളോടു സമരംചെയ്യുവാൻതന്നെയാണു വിനിയോഗിച്ചിരുന്നതു്. വാസ്തവത്തിൽ തെക്കേ ഇററലിയിലെ ഓരോ നഗരത്തിലും ഓരോ ഗ്രാമത്തിലും അദ്ദേഹം പ്രസംഗപര്യടനം നടത്തിട്ടുണ്ടത്രെ. രണ്ടാമത്തെ വിശുദ്ധ ഫ്രാൻസിസ് എന്ന നാമം ജീവിതകാലത്തുതന്നെ രാജ്യവാസികളുടെയിടയിൽ അദ്ദേഹം സമ്പാദിച്ചിരുന്നു.

ഗ്രാമോദ്ധാരണപംക്തി

# മരച്ചീനികൃഷി

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽ, നെൽകൃഷി കഴിഞ്ഞാൽ ഭക്ഷ്യവിളവുകളിൽ അടുത്ത സ്ഥാനത്തിനർഹമായിട്ടുള്ളതു് മരച്ചീനികൃഷിയാണല്ലൊ. ഈ നാട്ടിൽ ഇപ്പോൾ ഉദ്ദേശം 5 ലക്ഷം ഏക്കറോളം ഭൂമിയിൽ മരച്ചീനികൃഷി ചെയ്തുവരുന്നുണ്ടു്. ഇതിൽനിന്നും പ്രതിവർഷം കിട്ടാവുന്ന വിളവു്, ഏക്കറൊന്നിനു 2-3 ടൺ എന്ന ക്രമത്തിൽ 10-15 ലക്ഷംടൺ ആകുന്നു. യുദ്ധപരിതഃസ്ഥിതികളുടെ ഫലമായിട്ടുണ്ടായ ഭക്ഷ്യക്ഷാമം മരച്ചീനികൃഷിയുടെ ഗണ്യമായ വർദ്ധനയ്ക്കു വളരെ സഹായിച്ചിട്ടുണ്ടു്. തിരുവിതാംകൂർ-കൊച്ചിരാജ്യമാണു് ഈ കൃഷിക്കുള്ള പ്രധാനകേന്ദ്രം. എന്നാൽ ഈയിടെയായി ഇൻഡ്യയിലെ ഇതരഭാഗങ്ങളിലും ഈ കൃഷി പ്രചരിച്ചുതുടങ്ങിയിരിക്കുന്നു. മരച്ചീനിയുടെ ആദിമദേശം തെക്കേ അമേരിക്കയായിരുന്നുവത്രെ. 17-ാംശതാബ്ദത്തിലാണു ഇൻഡ്യയിലും സിലോണിലും മരച്ചീനികൃഷി ആദ്യമായി നടപ്പിൽവന്നതു്. ഇതിനു കാരണഭൂതർ പോർട്ടുഗീസുകാരായിരുന്നു. ഈ കൃഷി തിരുവിതാംകൂറിൽ പ്രചാരത്തിൽ വന്നിട്ടു് ഒരു ശതാബ്ദത്തിലധികമായിട്ടുണ്ടെന്നാണു കാണുന്നതു്. വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടു മരച്ചീനികൃഷിക്കു നൽകിയ പ്രത്യേകപ്രോത്സാഹനം സുപ്രസിദ്ധമാണല്ലോ. മററു ചില സ്ഥലങ്ങളിൽ സംഭവിക്കാനിടയായതുപോലെയുള്ള ക്ഷാമം ഈ നാട്ടിൽ ഉണ്ടാകാതെ രക്ഷിച്ചുവന്നിട്ടുള്ളതു മരച്ചീനിതന്നെയാണു്. ഇതാണു് പാവപ്പെട്ടവരുടെ പ്രധാന ആഹാരം. ഭക്ഷ്യധാന്യങ്ങളുടെ കുറവു് ഏറെക്കുറെ നികത്തുന്നതിനു സഹായിച്ചുവരുന്നതും മരച്ചീനിയാണു്.

### കൃഷിഭൂമിയും കാലാവസ്ഥയും

മരച്ചീനികൃഷിക്കു പററിയ പരിതഃസ്ഥിതികളെല്ലാം ഏറെക്കുറെ ഈ നാട്ടിലുള്ളതിനാലാണു ഈ കൃഷിക്കു ഇവിടെ വിജയംസിദ്ധിച്ചിട്ടുള്ളതു്. ഉണക്കും അതിവർഷവും താങ്ങാനുള്ള ഒരു പ്രത്യേകശക്തി മരച്ചീനിക്കുണ്ടു്. കൂടാതെ, ഏതുതരം മണ്ണിലും എത്ര മോശമായ ഭൂമിയിലും ഇതിനു വളരുവാൻകഴിയും. മററു യാതൊരുകൃഷിയും സാദ്ധ്യമല്ലാത്ത കുന്നിൻചരിവുകളിൽപ്പോലും, മരച്ചീനികൃഷി നടത്താവുന്നതാണു്. ഈ നാട്ടിൽ മിക്കഭാഗങ്ങളിലും ഈ കൃഷി സാധാരണയായി ചെയ്തുവരുന്നുണ്ടു്. എന്നാൽ മണൽകൂടിയ പശിമരാശിമണ്ണാണു് ഈ കൃഷിക്കുപററിയതു്. കിഴങ്ങു് ധാരാളമായിട്ടുണ്ടാകുന്നതുകൊണ്ടു് മണ്ണിനു വളരെ അയവുണ്ടായിരിക്കണം. നല്ല ഉലർച്ചയുള്ളതും വെള്ളക്കെട്ടില്ലാത്തതുമായ തരിശുഭൂമികൾ; നദീതീരങ്ങൾ; കായലോരങ്ങൾ, കുന്നു്, മല മുതലായവയുടെ ചരിവുകൾ; ഒരുപ്പുനിലങ്ങൾ; ചെമ്മൺപ്രദേശങ്ങൾ — ഇവയെല്ലാം മരച്ചീനികൃഷിക്കു യോജിച്ചവയാണു്. കരപ്പുറംപോലെയുള്ള മണൽപ്രദേശങ്ങളിൽ മരച്ചീനി വളരെ മോശമായേ വളരുകയുള്ളു. വളരെ കളികൂടിയ മണ്ണിൽ കിഴങ്ങുകൾക്കു് വളരുവാൻ സൗകര്യമില്ലാത്തതിനാൽ, അത്തരം മണ്ണിൽ മരച്ചീനി നല്ലവണ്ണം വളരുകയില്ല. പൊതുവെ പറയുന്നപക്ഷം, ചതുപ്പുനിലങ്ങളും, തണലും വെള്ളക്കെട്ടുമുള്ള പ്രദേശങ്ങളുമൊഴിച്ചു മറെറല്ലാസ്ഥലങ്ങളും മരച്ചീനികൃഷിക്കു കൊള്ളാവുന്നവയാകുന്നു. മരച്ചീനികൃഷി ഉറച്ചമണ്ണിനെ ഉലത്തുകയും, ഇതരകൃഷികൾക്കു ഉപയുക്തമാക്കിത്തീർക്കുകയുംചെയ്യും.

കാലവർഷത്തെ ആശ്രയിച്ചാണു് മരച്ചീനികൃഷി ഏറിയക്കൂറും നടത്തിവരുന്നതു്. നമ്മുടെ നാട്ടിൽ വടക്കൻപ്രദേശങ്ങളിലും, മദ്ധ്യഭാഗങ്ങളിലും, കന്നി-തുലാം ഈ മാസങ്ങളിൽ മരച്ചീനി നട്ടു് കർക്കടകത്തിൽ പറിച്ചെടുക്കുകയാണു പതിവു്. ഇതിനു "കർക്കടകക്കപ്പ" എന്നു പറയാറുണ്ടു്. തെക്കൻ പ്രദേശങ്ങളിലാകട്ടെ, നടീൽ മേടമാസത്തോടുകൂടി തുടങ്ങുകയും, കുംഭത്തിൽ പറിച്ചെടുക്കുകയും ചെയ്തുവരുന്നു. ഈ നാട്ടിൽ, കുംഭംമുതൽ തുലാംവരെ എല്ലാമാസങ്ങളിലും മരച്ചീനികൃഷി ആരംഭിക്കുവാൻ പൊതുവെ സൗകര്യമുണ്ടായിരിക്കുന്നതാണു്. മററു മാസങ്ങളിൽ നടണമെങ്കിൽ, ജലസേചനസൗകര്യങ്ങൾ ആവശ്യമുണ്ടു്.

മരച്ചീനിച്ചെടിക്കു് ഉണക്കുതാങ്ങാനുള്ള ഒരു പ്രത്യേകശക്തി ഉണ്ടെന്നുവരികിലും, നട്ടനകമ്പുകൾ കിളക്കുന്നതിനു മണ്ണിൽ ധാരാളം ഈർപ്പമുണ്ടായിരിക്കണം. മഴ വേണ്ടുവോളവും (ആണ്ടിൽ 60 70 ഇഞ്ചു്) ഇടയ്ക്കിടയ്ക്കുമുണ്ടായിരുന്നാൽ വിളവു് കൂടുതലായി കിട്ടുന്നതാണു്.

മരച്ചീനി ഇതരവിളവുകളുടെ ഇടയ്ക്കും കൃഷിചെയ്യുവാൻ വളരെ യോജിച്ചതാണു്. തെങ്ങിൻതോട്ടങ്ങളിലും വാഴത്തോപ്പുകളിലും ഇടകൃഷിയായിട്ടും ഉപകൃഷിയായിട്ടും മരച്ചീനി നടാവുന്നതാണു്. അതുപോലെതന്നെ ചേന, വാഴ എന്നീ വിളവുകൾകഴിഞ്ഞു പരിവർത്തനമായിട്ടും മരച്ചീനി നടുന്നതു് ഒരു നല്ല കൃഷിസമ്പ്രദായമാകുന്നു. അതുകൊണ്ടു് മരച്ചീനി ഏതുമണ്ണിലും എന്നുമാത്രമല്ല, ബാക്കി വിളവുകളുടെകൂടെ യോജിപ്പിച്ചും കൃഷിനടത്താവുന്നതാണു്.

### മരച്ചീനിയുടെ വളർച്ച


മരച്ചീനിക്കമ്പു് നട്ടുകഴിഞ്ഞാൽ ഒരാഴ്ചയ്ക്കുള്ളിൽ മുട്ടുകളിൽനിന്നു കിളപ്പുകൾ ഉണ്ടാകുവാൻതുടങ്ങുന്നു. ഇതുപോലെതന്നെ മുട്ടിൽനിന്നും വേരുകൾ ഇറങ്ങിത്തുടങ്ങുകയുംചെയ്യുന്നു. കിഴങ്ങു ശരിയായ പാകത്തിലെത്തുന്നതിനു സാധാരണയായി 7_8 മാസത്തോളം വളർച്ചയാവശ്യമുണ്ടു്. മരച്ചീനിയിൽ ചില ഇനങ്ങൾ 6, 8 അടി പൊക്കംവരെ വളരുന്നതായികണ്ടുവരുന്നു. 6 മാസമാകുമ്പോൾ ചിലയിനം ചെടികൾ പൂത്തുതുടങ്ങും. നടീലിനു കമ്പാണുപയോഗിക്കുന്നതെന്നുവരികിലും വിത്തുകളിട്ടു മുളപ്പിക്കുകയും ചെയ്യാവുന്നതാകുന്നു. ശാസ്ത്രീയമായ "പരാഗസംക്രമണം" (cross pollination) കൊണ്ടു് ഗുണം കൂടുതലുള്ള പുതിയജാതി മരച്ചീനി ഉല്പാദിപ്പിക്കുവാൻ കഴിയും. സർവ്വകലാശാലാ ഗവേഷണവകുപ്പിൻ്റെ ചുമതലയിൽ നടത്തിവരുന്ന മരച്ചീനി ഗവേഷണകേന്ദ്രത്തിലെ "H. 96" - "H. 105" എന്ന ഫലപുഷ്ടിയുള്ള പുതിയജാതി മരച്ചീനി ഈവിധം ഉല്പാദിപ്പിക്കപ്പെട്ടിട്ടുള്ളവയാകുന്നു.

### വിളവ്

മരച്ചീനികൃഷിക്കുള്ളതുപോലെ അത്ര ധാരാളം വിളവെടുക്കാനുള്ള സാദ്ധ്യതകൾ മററുകൃഷികളിൽ കുറവാണു്. മണ്ണിൻ്റെ തരവും ഫലപുഷ്ടിയും, നട്ടുന്ന മരച്ചീനിക്കമ്പിൻ്റെ ഗുണവും, ഇനവും, കൃഷിസമ്പ്രദായങ്ങളും വളംചേർപ്പും— മററും ആശ്രയിച്ചാണു് വിളവിൻ്റെ കൂടുതൽകുറവു സ്ഥിതിചെയ്യുന്നതു്. ഇപ്പോൾ ഈ നാട്ടിൽ മരച്ചീനികൃഷിക്കു ഏക്കറൊന്നിനു് ശരാശരിയായി കിട്ടുന്നവിളവു രണ്ടോ മൂന്നോ ടൺമാത്രമാണു്. വളമിടുന്നതിലും മററുകൃഷിരീതികളിലുമുള്ള ന്യൂനതകൾനിമിത്തം വിളവു കുറഞ്ഞുപോകുന്നതിൽ അത്ഭുതപ്പെടാനില്ല. ഉയർന്നയിനങ്ങൾ തെരഞ്ഞെടുത്തു കൃഷിചെയ്യുന്നതിൽ കാണുന്ന ഉദാസീനതയാണു്, വിളവുകുറയുന്നതിനുള്ള മറെറാരു പ്രധാനകാരണം. മരച്ചീനികൃഷിക്കു് ആവശ്യമുള്ള കാർഷികസഹായങ്ങൾ സാമാന്യമായ തോതിൽ ഉണ്ടായിരുന്നാൽപ്പോലും, ഏക്കറൊന്നിനു്, 5-6 ടൺ കിഴങ്ങു കിട്ടുന്നതിനു പ്രയാസമില്ല. കാർഷികോല്പാദികളെല്ലാം പരിപൂർണ്ണമായിരുന്നാൽ, വിളവു് 14-20 ടൺവരെ വർദ്ധിപ്പിക്കാൻ കഴിയുമെന്നാണു് കാണുന്നതു്. ജാവാ മുതലായ വിദൂരപൗരസ്ത്യദേശങ്ങളിൽ ഉയർന്നതരം മരച്ചീനി കൃഷിചെയ്യുന്നതിൽനിന്നു ശരാശരിയായി ഏക്കറൊന്നിനു 10 മുതൽ 15 ടൺ വരെ കിഴങ്ങുകിട്ടിവരുന്നുണ്ടു്. ഫലപുഷ്ടിയുള്ള മരച്ചീനി ശരിയായ രീതിയിൽ കൃഷിചെയ്യുന്നപക്ഷം, ഒരേക്കറിൽനിന്നും 10 ടൺവരെ വിളവെടുക്കാവുന്നതാണു്. ഒരു മൂട്ടിൽനിന്നും ഏകദേശം 6 റാത്തലോളം നിഷ്പ്രയാസം കിട്ടും. പ്രത്യേകം ശ്രദ്ധിച്ചുകൃഷിചെയ്താൽ, 100 മുതൽ 150 റാത്തലോളം ഒരു മൂട്ടിൽനിന്നുതന്നെ പറിച്ചെടുക്കാം. ഉയർന്നതരം മരച്ചീനി ശരിയായി വളമിട്ടു നല്ലപോലെ കൃഷിചെയ്യുന്നതായാൽ വിളവു ഗണ്യമായി വർദ്ധിപ്പിക്കാവുന്നതാണു്.

തെക്കൻദിക്കുകളിൽ "കലികാലൻ", മദ്ധ്യഭാഗങ്ങളിൽ "അരിയൻ", കായംകുളം മുതലായ സ്ഥലങ്ങളിൽ "ഏത്തൻ", വടക്കൻ പ്രദേശങ്ങളിൽ "റൊട്ടിക്കപ്പ", കൊച്ചി ഡിവിഷനിൽ "വെള്ളക്കപ്പ" —എന്നിവയാണു് താരതമ്യേന കൂടുതൽ വിളവുള്ള ഇനങ്ങൾ. തിരുവനന്തപുരം മരച്ചീനി ഗവേഷണകേന്ദ്രത്തിലെ "H. 96" "H 105" എന്ന പുതിയയിനം മരച്ചീനിക്കു് നല്ല ഫലപുഷ്ടിയുണ്ടു്. ശരിയായി കൃഷിചെയ്താൽ ഇവയിൽനിന്നെല്ലാം ഏക്കറൊന്നിനു് 7 മുതൽ 15 ടൺവരെ കിഴങ്ങു് കിട്ടാവുന്നതാണു്. (തുടരും)

(ഭക്ഷ്യോൽപാദന ബോർഡിൽനിന്നും പ്രസിദ്ധപ്പെടുത്തുന്നതു്.)




### പ്രാർത്ഥനയും പ്രസംഗവും

ചൈനയിൽ "കൊച്ചിൻ" എന്ന സ്ഥലത്തെ മെത്രാനായി മോൺ. ലെഫാറെ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹം പ്രസ്താവിക്കയുണ്ടായി, തൻ്റെ പ്രഥമ പ്രവർത്തനം, ഒരു കന്യകാലയം ആരംഭിക്കയായിരിക്കും എന്നു്. ഇതുകേട്ടു് അടുത്തുനിന്നവരിൽ ഒരാൾ ഇപ്രകാരം മന്ത്രിച്ചു: "ഒരു രൂപതയുടെ രൂപീകരണത്തിൽ കൂടുതൽ ആവശ്യമുള്ള കാര്യങ്ങളല്ലേ ആദ്യമാദ്യം നടത്തേണ്ടതു" എന്നു്. ഇതു ശ്രവിച്ചമാത്രയിൽ പ്രസ്തുതമെത്രാൻ പ്രത്യുത്തരിച്ചതു് ഇപ്രകാരമാണു്: "ആവശ്യമില്ലാത്തവയെന്നു നിങ്ങൾക്കു തോന്നുന്ന ഈ സംരംഭമാണു് സഭാഭരണത്തിൽ അവശ്യം ആവശ്യമായി എനിക്കു തോന്നുന്നതു്. പ്രസംഗിച്ചു നടക്കുന്ന 20 മിഷനറിമാരോളം തന്നെ എനിക്കു സഹായമരുളും പ്രാർത്ഥനാനിരതരായ പത്തു കന്യാസ്ത്രീകൾ."

### "ഒരുകുപ്പി വീഞ്ഞിനുവേണ്ടി"

സദാസമയവും ശാപവാക്കുകൾ ഉച്ചരിച്ചുകൊണ്ടിരുന്ന ഒരാളിൻ്റെ അടുത്തിരുന്നുകൊണ്ടാണു് അന്നു് വി. ജോൺ ബോസ്കോ തീവണ്ടിയിൽ യാത്രചെയ്തിരുന്നതു്; വിശുദ്ധൻ അയാളോടു ചോദിച്ചു: "പ്രിയ സഹോദരാ, ഇതു പാപകരമാണെന്നു നിങ്ങൾക്കു് അറിഞ്ഞുകൂടേ?" "അറിയാമച്ചാ", അയാൾ മറുപടി പറഞ്ഞു. "പക്ഷേ എനിക്കതു നിറുത്തുവാൻ സാദ്ധ്യമല്ല. എനിക്കതു തഴക്കമായിപ്പോയി." അപ്പോൾ വിശുദ്ധൻ പറഞ്ഞു: "ഈ യാത്ര അവസാനിക്കുന്നതുവരെ നിങ്ങൾ ശാന്തമായിരുന്നാൽ ഞാൻ ഒരുകുപ്പി വീഞ്ഞു വാങ്ങിത്തരാം." യാത്രയുടെ അവസാനം വീഞ്ഞു വാങ്ങിക്കൊടുത്തുകൊണ്ടു് വിശുദ്ധൻ പറഞ്ഞു: "ഒരു കുപ്പി വീഞ്ഞിനുവേണ്ടി ഇത്ര ദൂരം ഈ ദുശ്ശീലത്തിൽനിന്നൊഴിഞ്ഞിരിക്കാമെങ്കിൽ, നിങ്ങളുടെ ആത്മരക്ഷയ്ക്കുവേണ്ടി പൂർണ്ണമായി അതുപേക്ഷിക്കാൻ പാടില്ലേ?"

## വൈദികമേയർ

ഇംഗ്ലണ്ടിൽ ഹാവർഷാം എന്ന സ്ഥലത്തെ കമ്മലീത്താ പ്രിയോരായ ഫാ. മത്താലിഞ്ച് അവിടത്തെ മേയറായി ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇംഗ്ലണ്ടിലെ നവീകരണപ്രസ്ഥാനത്തിനുശേഷം ഇദംപ്രഥമമായിട്ടാണു് ഒരു വൈദികൻ മേയറാകുന്നതത്രെ.

## പിഞ്ചുപൈതങ്ങളുടെ ത്യാഗസന്നദ്ധത

ഐർലണ്ടിൽ ഡൗൺ കോണർ എന്ന രൂപതയിലെ ബാലവിദ്യാർത്ഥികൾ അവർക്കു് മധുരപലഹാരങ്ങൾ വാങ്ങുവാൻ ലഭിച്ചിരുന്ന പെനികൾ കഴിഞ്ഞ നൊയമ്പുകാലം മുഴുവൻ ശേഖരിച്ചു സൂക്ഷിച്ചതിൻ്റെ ഫലമായുണ്ടായ 20,000 പവൻ ബെൽഫാസ്റ്റിൽ പുതുതായി പണിയാരംഭിച്ചിരിക്കുന്ന ശിശുഭവനത്തിനുവേണ്ടി സംഭാവനചെയ്തിരിക്കുന്നു. ഏററവും നവീനരീതിയിൽ പണിയപ്പെടുന്നതും 120 അനാഥപ്പൈതങ്ങൾക്കു് അഭയംനല്കുവാൻ പോരുന്നതുമായ പ്രസ്തുത ഭവനം ഐർലണ്ടിലെ ഏതാദൃശസ്ഥാപനങ്ങളുടെയിടയിൽ പ്രഥമസ്ഥാനം വഹിക്കുമെന്നു് രൂപതാമെത്രാൻ പ്രസ്താവിച്ചിരിക്കുന്നു. 1953 ൽ പണി പൂർത്തിയാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

# MAR IVANIOS COLLEGE
## TRIVANDRUM

College reopens after summer holidays on 12th June.

Instruction is given in the various groups of Arts and Science subjects in the Intermediate, and in Economics in the B. A. Classes.

There will be Hostel accommodation for nearly 300 students.

Applications for admission must reach the Office by 31st May.

PRINCIPAL


## വിനോദവീഥി

ജഡ്ജിയുമൊരുമിച്ച് കോടതിയിൽ ചെന്ന അദ്ദേഹത്തിന്റെയൊരു സ്നേഹിതൻ ഒരു ഭാഗത്തേക്കു നോക്കീട്ട് ആശ്ചര്യപൂർവ്വം പറകയാണ്: "ഇന്നു നിങ്ങൾക്കു നല്ല പണിയുണ്ടാകുമല്ലോ. ഈ സന്നന്മാരെയെല്ലാം വിസ്തരിക്കുന്നതിനു നേരമെന്തുവേണം?"

ജഡ്ജി: (ചിരിച്ചുകൊണ്ട്) "ആ ഇരിക്കുന്നവരെല്ലാം വക്കീലന്മാരാണ്. അങ്ങേ ഭാഗത്തുനില്ക്കുന്നവരാണു കുററപ്പുള്ളികൾ."

* * *

കാർ വാങ്ങാൻവന്നയാൾ: "ഈ കാറെന്താ സ്റ്റാർട്ടുചെയ്യുമ്പോൾ ഇങ്ങനെ കിടന്നു തെറിക്കുന്നതു്?"

ഉടമസ്ഥൻ: "ഒരു നല്ല കാറായതുകൊണ്ട്. അതിനു പുറപ്പെടാൻ തിടുക്കമായെന്നർത്ഥം."

* * *




"അമ്മാവാ! ആണിയടിച്ചപ്പോൾ ചുററിക ഇങ്ങു തെറിച്ചുപോന്നല്ലോ. വല്ലിടത്തും കണ്ടോ?"

* * *




"എന്താ അഞ്ചലോട്ടം പുതിയ വേഷത്തിലിങ്ങനെയോ?"

"എന്റെ സാറേ! ഞങ്ങൾക്കിയിടെ തന്ന ചെരുപ്പു കേറി കടിച്ച് കാലെല്ലാം പൊട്ടി നാശമായി നടക്കാനാകാതെ നെട്ടുകയാണേ!"

## കൊച്ചി തിരുവിതാംകൂർ വാർത്തകൾ

മിസ് ആനിമസ്ക്രീൻ മൂത്തകുന്നത്തുവച്ചു ചെയ്ത പ്രസംഗത്തെ ആസ്പദമാക്കി മുൻമന്ത്രി മി. ജോൺ പിലിപ്പോസ് ഏപ്രിൽ 24-ാംനു ആലുവാ ഒന്നാംക്ലാസ് മജിസ്ട്രേററുകോടതിയിൽ മിസ് മസ്ക്രീനെ പ്രതിയാക്കി ഒരു മാനനഷ്ടക്കേസ് ഫയലാക്കിയിരിക്കുന്നു.

—ഡൽഹിയിൽ തിരു-കൊച്ചിയുടെ ഒരു സ്ഥിരം പ്രതിനിധി മന്ത്രിയുടെ പദവിയോടുകൂടി നിയമിതനാകുന്നതാണെന്നറിയുന്നു. ഇതുനിമിത്തം മന്ത്രിമാർ പലപ്പോഴും ഡൽഹിയിലേക്കു യാത്രചെയ്യുന്നതു ഒഴിച്ചുവയ്ക്കുവാൻ സാധിക്കുമത്രെ.

—ഫസ്റ്റ്ക്ലാസ് ഓഫീസർമാർ റിട്ടയർ ചെയ്തിട്ട് രണ്ടുകൊല്ലത്തിനകം ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ യാതൊരു വാണിജ്യപരമായ ഉദ്യോഗങ്ങളും സ്വീകരിക്കരുതെന്നു് ഗവൺമെന്റിൽനിന്നും നിർദ്ദേശിച്ചിരിക്കുന്നു.

—ഇപ്പോഴത്തെ വിചനിരക്കനുസരിച്ച് നെല്ലിനു് കൊച്ചിപറയ്ക്കു് 1 ക. 12 ണയും. തിരുവിതാംകൂർ പറയ്ക്കു് 1 ക 13 ണ 6 പൈയുമാകുമല്ലോ. ഈ വ്യത്യാസം പരിഹരിക്കുന്നതിനു് 1127-ലെ കന്നിപ്പൂവുമുതൽ തിരുവിതാംകൂർ പറ തിരു-കൊച്ചിയിലൊട്ടാകെ നടപ്പിലാക്കുവാൻ ഗവൺമെന്റു തീരുമാനിച്ചിരിക്കുന്നു.

—സംസ്ഥാനത്തെ ഗ്രാമറോഡുകളുടെ വികസനത്തിനായി പ്രതിവർഷം 15 ലക്ഷം ക. ചെലവുവരുന്ന ഒരു ദശവത്സരപദ്ധതി ഗവൺമെന്റിൽനിന്നും ആവിഷ്കരിച്ചിരിക്കുന്നു. ഈ പദ്ധതി പൂർത്തിയാകുന്നതോടുകൂടി ഇപ്പോഴുള്ള 2200 മൈൽ ഗ്രാമറോഡുകൾക്കു പുറമെ 1200 മൈൽ റോഡുകൾകൂടി ഉണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

—തിരു-കൊച്ചിയിലെ വിദ്യാഭ്യാസപ്രശ്നത്തിനു് ഉടൻതന്നെ പരിഹാരമുണ്ടാക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ശ്രീ തയ്യിൽ കുഞ്ഞിത്തൊമ്മൻ എം. എൽ. എ., "സത്യനാദം" പത്രാധിപർ ശ്രീ പി. സി. വക്കി, കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ടു ശ്രീ ഇ. പി. വറുഗീസ് എന്നിവർചേർന്നു് ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിററ് നെഹ്രു, രാഷ്ട്രപതി പുരുഷോത്തമദാസ് താണ്ഡൻ എന്നിവർക്കു് ഏപ്രിൽ 28-ാംനു സുദീർഘമായ ഒരു കമ്പിസന്ദേശം അയച്ചിരിക്കുന്നു.

## ഇൻഡ്യാവാർത്തകൾ

കോൺഗ്രസ് വർക്കിംഗ്കമ്മിററിയംഗമായ മി. എൻ. ജി. രങ്ക തൽസ്ഥാനം രാജിവച്ചിരിക്കുന്നു. ഇപ്പോൾ മി. രങ്കയും മി. ടി. പ്രകാശവുംചേർന്നു് "പ്രജാപാർട്ടി" എന്നൊരു പുതിയ കക്ഷി രൂപവൽക്കരിച്ചിരിക്കയാണ്.

—വിദ്യാർത്ഥികൾക്കുള്ള ഫീസ് സൗജന്യം സംബന്ധിച്ചുവ്യവസ്ഥ മദ്രാസ്ഗവൺമെന്റ് താഴെ പറയുംവിധം ഭേദപ്പെടുത്തിയിരിക്കുന്നു: മതം ഏതായാലും പട്ടികജാതിയിൽപ്പെടുന്ന ഏതു സമുദായാംഗത്തിനും ഫീസ് സൗജന്യം അനുവദിക്കുന്നതാണ്. പട്ടികയിൽപ്പെട്ട ഏതെങ്കിലും പിന്നോക്കസമുദായത്തിലെ ഒരു വിദ്യാർത്ഥി ഫീസ്സൗജന്യം അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ മററു് ഏതെങ്കിലും മതത്തിലേക്കു പരിവർത്തനം ചെയ്താലും പ്രസ്തുതസൗജന്യം തുടരുന്നതാണ്.

—ഗവൺമെന്റ് ഉദ്യോഗദാനത്തിലും കോളെജ് പ്രവേശനത്തിലും മററും സാമുദായികപ്രാതിനിധ്യതത്വം അനുവർത്തിക്കുന്നതു് ഭരണഘടനയ്ക്കു വിരുദ്ധമാണെന്നു് സുപ്രീംകോടതി വിധിപ്രസ്താവിച്ചിരിക്കുന്നതിനാൽ അടുത്ത വിദ്യാഭ്യാസവർഷത്തിൽ കോളെജുകളിലേക്കുള്ള പ്രവേശനം കമ്മ്യൂണൽ ജി. ഒ. യുടെ അടിസ്ഥാനത്തിലായിരിക്കയില്ലെന്നു് മദ്രാസ് ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നു.

—വർത്തമാനപ്പത്രങ്ങളുടെമേൽ വില്പനനികുതി ചുമത്തുന്ന നിയമം റദ്ദുചെയ്തുകൊണ്ടുള്ള ബിൽ കേന്ദ്രപാർലമെന്റു പാസാക്കിയിരിക്കുന്നു.

—തിരു-കൊച്ചി പര്യടനാനന്തരം ഡൽഹിയിൽതിരിച്ചെത്തിയ ഡോക്ടർ മുക്കർജി ഒരു പത്രപ്രതിനിധിയുമായി നടത്തിയ സംഭാഷണമദ്ധ്യേ താഴെ പറയുന്ന സംഗതികൾ വെളിപ്പെടുത്തുകയുണ്ടായി: തിരു-കൊച്ചിയിലെ വിദ്യാഭ്യാസപ്രശ്നത്തിനു് ഒരു പരിഹാരം കണ്ടുപിടിക്കുന്നതിനു് കോൺഗ്രസ് ഹൈക്കമാൻറു് ആവശ്യപ്പെട്ടതനുസരിച്ചു് താൻ സംസ്ഥാനം സന്ദർശിക്കുകയും ഗവൺമെന്റിന്റെയും മാനേജുമെന്റിന്റെയും വാദങ്ങൾ പഠിക്കുകയും ചെയ്യുകയുണ്ടായി. ഉടനെതന്നെ പ്രശ്നം സംബന്ധിച്ചു് ഒരു തീരുമാനം കണ്ടുപിടിക്കുന്നതും കോൺഗ്രസ് ഹൈക്കമാൻറു് പ്രസ്തുത തീരുമാനം തിരു-കൊച്ചി ഗവൺമെന്റിനെ അറിയിക്കുന്നതുമാണ്.

—അടുത്തുവരുന്ന പൊതുതിരഞ്ഞെടുപ്പിനു് അക്ഷരപരിജ്ഞാനമില്ലാത്തവർക്കു പോലും പരസഹായംകൂടാതെ വോട്ടുചെയ്യാൻ സാധിക്കത്തക്ക ഒരു സമ്പ്രദായമാണ് സ്വീകരിക്കുന്നതെന്നറിയുന്നു. ഓരോ ബൂത്തിലും സ്ഥാനാർത്ഥികൾക്കു് പ്രത്യേകംപ്രത്യേകം ബാലററുപെട്ടികൾ ഏർപ്പെടുത്തും. സ്ഥാനാർത്ഥിയുടെ അടയാളങ്ങൾ അയാളുടെ പെട്ടികളിന്മേൽ ഉണ്ടായിരിക്കും. വോട്ടർമാർ തങ്ങൾ വോട്ടുചെയ്യാനാഗ്രഹിക്കുന്ന സ്ഥാനാർത്ഥിയുടെ അടയാളംനോക്കി ബാലററുപേപ്പർ പെട്ടിയിൽ ഇട്ടാൽ മതിയാകും. സാധാരണനഗരങ്ങളിൽ 2000 മുതൽ 3000 വരെ വോട്ടർമാർക്കു് ഒരു ബൂത്തുവീതമുണ്ടായിരിക്കും. ബൂത്തുകളെല്ലാംതന്നെ വോട്ടർമാർക്കു് നടന്നെത്താവുന്ന ദൂരത്തായിരിക്കും സ്ഥാപിക്കുക. അതിനാൽ സ്ഥാനാർത്ഥികൾ വാഹനങ്ങൾകൊണ്ടുനടന്നു വോട്ടർമാരെ വോട്ടുചെയ്യിക്കാൻ കൊണ്ടുപോകുന്ന സമ്പ്രദായം ഗവൺമെന്റു നിരോധിക്കുന്നതാണ്. ഒരു വോട്ടർ ഒന്നിലധികം പ്രാവശ്യം വോട്ടുചെയ്യാതിരിക്കാൻവേണ്ടി അയാൾ ഒരിക്കൽ വോട്ടുചെയ്യുന്നതോടുകൂടി അയാളുടെ ചൂണ്ടുവിരലിൽ എളുപ്പത്തിൽ മായാത്ത ഒരുതരം മഷികൊണ്ടു് അടയാളം ചെയ്യുന്നതാണ്. ഈ അടയാളം മാഞ്ഞുപോകുവാൻ ചുരുങ്ങിയതു് ഒരാഴ്ചവേണ്ടിവരും.



വി: ഫിലോമിനായുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

കെ. കെ. കെ. കാഞ്ഞിരപ്പള്ളി

## പുതിയ ബ്രി. മന്ത്രിമാർ

ബ്രിട്ടിഷ് കാബിനററിൽനിന്നും രാജിവച്ച തൊഴിൽകാര്യമന്ത്രി മി. ബവാനുപകരം മി. ആൽഫ്രഡ് റോബൻസനേയും, ബോർഡ് ഓഫ് ട്രേഡ് പ്രസിഡണ്ടു് മി. വിത്സനുപകരം സർ ഹാർട്ട്ലി ഷാക്രോസിനേയും നിയമിച്ചിരിക്കുന്നു.

## മൂവാററുപുഴ കോളെജ്

എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് മൂവാററുപുഴെ ഒരു കോളെജ് സ്ഥാപിക്കുന്നതിനു് ഗവൺമെന്റിന്റെ അനുവാദം അപേക്ഷിച്ചിരുന്നല്ലോ. തത്സംബന്ധമായി അന്വേഷണം നടത്തുന്നതിനു് ഗവൺമെന്റിൽനിന്നും നിയോഗിച്ചിരുന്ന, ശ്രീ എ. ഗോപാലമേനോൻ, യൂണിവേഴ്സിററി രജിസ്ട്രാർ ശ്രീ പരമേശ്വരപ്പണിക്കർ, റവ. ഫാ. വില്യം എന്നിവരുൾപ്പെട്ട കമ്മീഷൻ കോളെജിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലം സന്ദർശിക്കുകയും തങ്ങളുടെ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തിരിക്കുന്നു. മേയ് 15 ാംനു കൂടുന്ന യൂണിവേഴ്സിററി സിൻഡിക്കേററു് യോഗം കോളെജ് അനുവദിക്കുന്ന കാര്യത്തെപ്പററി പര്യാലോചിക്കുന്നതാണെന്നറിയുന്നു.

## ആഭാസസാഹിത്യത്തെ നിരോധിക്കണം

ഏപ്രിൽ 28-ാം 29-ാം തീയതികളിൽ മദ്രാസിൽ സമ്മേളിച്ച ദക്ഷിണേന്ത്യൻ ജേർണലിസ്റ്റ്സ് ഫെഡറേഷൻ, അശ്ലീലവും ആഭാസവുമായ സാഹിത്യം പൊതുജനങ്ങളുടെ സന്മാർഗ്ഗത്തെ ഹനിക്കുന്നതാകയാൽ അതിനെതിരായി കർശനമായ നിയമങ്ങളും നിരോധനനടപടികളും ഏർപ്പെടുത്തേണ്ടതാണെന്നു് ഒരു പ്രമേയം പാസാക്കിയിരിക്കുന്നു.

## രാഷ്ട്രീയനേതാവിന്റെ മാനസാന്തരം

ബ്രസീലിലെ ഒരു പ്രസിദ്ധ രാഷ്ട്രീയപ്രവർത്തകനും നാസ്തികവാദിയുമായിരുന്ന ഡോക്ടർ ബോർജസ് ഡി മെഡിറോസ് കുടുംബസമേതം കത്തോലിക്കാസഭയിൽ പ്രവേശിച്ചിരിക്കുന്നു. അദ്ദേഹം 86-ാമത്തെ വയസ്സിൽ, തന്റെ വിവാഹത്തിന്റെ 62-ാം വാർഷികദിനത്തിലാണ് പ്രഥമദിവ്യകാരുണ്യം സ്വീകരിച്ചതു്. ഡോക്ടർ ഡി മെഡിറോസ് 25 വർഷക്കാലം റെയോഗ്രാൻഡ് ഡിസൂൾ എന്ന സംസ്ഥാനത്തെ ഗവർണ്ണറായിരുന്നു. ശാസ്ത്രമാണു് പരമമായ സത്യം എന്ന സിദ്ധാന്തക്കാരനായിരുന്നു അദ്ദേഹം ആദ്യകാലങ്ങളിൽ.

## ക. പ്രിൻസിപ്പൽമാരുടെ സമ്മേളനം

ഇൻഡ്യൻ ബിഷപ്സ് കോൺഫറൻസിൽനിന്നും സംഘടിപ്പിച്ചിട്ടുള്ള വിദ്യാഭ്യാസസമിതിയുടെ ആഭിമുഖ്യത്തിൽ ഇൻഡ്യയിലുള്ള എല്ലാ കത്തോലിക്കാ കോളെജുകളുടേയും പ്രിൻസിപ്പൽമാരുടെ ഒരു കോൺഫറൻസ് മേയ് 1-ാംനു-മുതൽ 5-ാംനു-വരെ ബാംഗ്ളൂർ സെൻറ് ജോസഫ്സ് കോളെജിൽവച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കത്തോലിക്കാ കോളെജുകളുടെ നടത്തിപ്പു സംബന്ധിച്ചും മററും സുപ്രധാനങ്ങളായ പല തീരുമാനങ്ങളും ഈ കോൺഫറൻസ് കൈക്കൊള്ളുവാനിടയുണ്ടെന്നറിയുന്നു.

ഫാത്തിമാബാലസമിതി

# ഈശോയുടെ പുനരുത്ഥാനം

പ്രിയകുഞ്ഞുങ്ങളേ,

ഈ ആഴ്ച്ചയിലെ ദൃശ്യനീയാഴ്ച്ച നിങ്ങളുടെ ധ്യാനവിഷയമാകേണ്ടതു് കൊന്തയിലെ മഹിമയുടെ രഹസ്യങ്ങളിൽ ഒന്നാമത്തേതാണല്ലോ.

"പരിശുദ്ധ ദേവമാതാവേ നിന്റെ തിരുക്കുമാരൻ പാടുപെട്ടുമരിച്ച മൂന്നാം നാൾ എന്നന്നേക്കും ജീവിക്കുന്നവനായി ഉയിർത്തതിനാൽ ഉണ്ടായ മഹിമമേൽ ധ്യാനിക്കുന്ന ഞങ്ങൾ പാപമായ മരണത്തിൽനിന്നും എന്നന്നേക്കും ഉയിർത്തെഴുന്നേൽക്കാൻ കൃപചെയ്യേണമെ."

നമ്മുടെ ദിവ്യരക്ഷകന്റെ ഉയിർപ്പാണല്ലോ ഈ രഹസ്യത്തിലെ വിഷയം. കർത്താവിന്റെ ഉയിർപ്പ് സുവിശേഷകന്മാർ വിവരിക്കുന്നതു് ഇപ്രകാരമാണു്: "ശാബദ് അസ്തമിച്ച് ഞായറാഴ്ച ഉഷസ്സായപ്പോൾ മഗ്ദലനാമറിയവും മറേറ മറിയവും പ്രേതാലയം കാണുവാനായി ചെന്നു. ഒരു വലിയ ഭൂകമ്പമുണ്ടായി. കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽനിന്നിറങ്ങി അടുത്തുവന്നു വാതില്ക്കൽനിന്നു് കല്ലുതട്ടിമാററി അതിന്മേൽ ഇരുന്നു. അവന്റെ രൂപം മിന്നൽപോലെയായിരുന്നു. അവന്റെ വസ്ത്രം മഞ്ഞുപോലെ വെളുത്തതുമായിരുന്നു. കാവൽകാത്തിരുന്നവർ ഭയംനിമിത്തം ഭ്രമിച്ച് മരിച്ചവരെപ്പോലെയായി. ദൈവദൂതൻ സ്ത്രീകളോടു ഉത്തരമായി പറഞ്ഞു: നിങ്ങൾ ഭയപ്പെടേണ്ട; കുരിശിൽ തറയ്ക്കപ്പെട്ട ഈശോയെ നിങ്ങൾ അന്വേഷിക്കുന്നു എന്നു് ഞാൻ അറിയുന്നു. അവൻ ഇവിടെയില്ല; അരുളിച്ചെയ്തിരുന്നതുപോലെ അവൻ ഉയിർത്തെഴുന്നേററു. നിങ്ങൾ വന്നു് നമ്മുടെ കർത്താവു് വയ്ക്കപ്പെട്ടിരുന്ന സ്ഥലം കാണുവിൻ. നിങ്ങൾ വേഗംപോയി അവന്റെ ശിഷ്യരോടു് അവൻ മരിച്ചവരുടെ ഇടയിൽനിന്നു് ഉയിർത്തെഴുന്നേററു എന്നു പറയുവിൻ ......അപ്പോൾ ശെമവോനും ആ മറേറ ശിഷ്യനും പുറപ്പെട്ടു് പ്രേതാലയത്തിങ്കൽ ചെന്നു. അവർ ഇരുവരും ഒരുമിച്ച് ഓടിയിരുന്നു. എന്നാൽ ആ ശിഷ്യൻ ഓടി ആദ്യമായി പ്രേതാലയത്തിങ്കൽവന്നു നോക്കി. വക്കശീലകൾ മാററിവയ്ക്കപ്പെട്ടിരിക്കുന്നതു കണ്ടു. എങ്കിലും അവൻ അകത്തുകടന്നില്ല. ശെമവോൻ അവന്റെ പിന്നാലെ പ്രേതാലയത്തിൽ പ്രവേശിച്ച്, വക്കശീലകൾ മാററിവച്ചിരിക്കുന്നതും അവന്റെ തലയിൽ കെട്ടിയിരുന്ന തുവാല വക്കശീലകളോടുകൂടിയല്ലാതെ ചുരുട്ടി തനിയേ ഒരിടത്തു വച്ചിരിക്കുന്നതും കണ്ടു. അപ്പോൾ ആദ്യമായി പ്രേതാലയത്തിൽ ചെന്ന ആ ശിഷ്യനും അകത്തുപ്രവേശിച്ച് കണ്ടു വിശ്വസിച്ചു"

പ്രിയ കുഞ്ഞുങ്ങളേ, നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണു് നമ്മുടെ കർത്താവിന്റെ ഉയിർപ്പ്. ഈശോ ദൈവമാകുന്നു എന്ന വസ്തുതയാണു് ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ചുനില്ക്കുന്നതിനു് ഏററവും വലിയ പ്രേരണ നമുക്കു നൽകുന്നതു്. ഈശോയുടെ ദൈവികത്വത്തിനുള്ള തെളിവുകളാണു് അവിടുന്നു് പ്രവർത്തിച്ചിട്ടുള്ള അത്ഭുതങ്ങൾ. ഈ അത്ഭുതങ്ങളിൽ ഏററവും പ്രധാനസ്ഥാനം അർഹിക്കുന്ന അത്ഭുതമാണു് അങ്ങയുടെ ഉയിർപ്പ്. മരിച്ച ഒരാളിനെ പുനർജീവിപ്പിക്കുക എന്നതു് ഒരത്ഭുതപ്രവൃത്തിയാണെന്നു് നിങ്ങൾക്കറിയാം. മരിച്ച ഒരാൾ സ്വയം ഉയിർക്കുന്നതു് അതിലും വലിയ ഒരത്ഭുതമാണു്. എന്നാൽ സംസ്കരിക്കപ്പെട്ട ഒരാൾ ഒരു വിധത്തിലും കുഴിമാടത്തിനു് പുറത്തുവരരുതു് എന്നു കരുതി ശക്തരായ ശത്രുക്കൾ അവരുടെ കഴിവിനനുസരിച്ച് എല്ലാ മുൻകരുതലുകളും ചെയ്തശേഷവും ആയാൾ സ്വശക്തികൊണ്ടു് സജീവനായി പുറത്തുവരുന്നെങ്കിൽ ആ സംഭവത്തിന്റെ അത്ഭുതപ്രകൃതിയെക്കുറിച്ച് എന്താണു് പറയേണ്ടതു്. ഈ അത്ഭുതകൃത്യത്തിന്റെ അനിഷേധ്യത ശ്ലീഹന്മാർക്കു നല്ലപോലെ അറിയാമായിരുന്നു. തന്മൂലം മിശിഹായുടെ ദൈവികത്വത്തെ സ്ഥാപിക്കുന്നതിനുള്ള ഏററവും വലിയ ആധാരമായി ശ്ലീഹന്മാർ ചൂണ്ടിക്കാണിച്ചിരുന്നതു് അങ്ങയുടെ ഉയിർപ്പായിരുന്നു. ഏററവും ക്രൂരമായ പീഡകൾ സഹിക്കുന്നതിനും മിശിഹായ്ക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനും ശ്ലീഹന്മാർക്കു് ധൈര്യവും സന്തോഷവും പ്രദാനം ചെയ്തതും അവിടുത്തെ ഉയിർപ്പല്ലാതെ മറെറാന്നുമായിരുന്നില്ല.

നമ്മുടെ ബുദ്ധിമുട്ടുകളിലും ക്ലേശങ്ങളിലും നമുക്കു് ധൈര്യം നൽകേണ്ടതും മിശിഹായുടെ ഉയിർപ്പാണു്. മിശിഹായുടെ ഉയിർപ്പ് മഹത്വപൂർണ്ണമായ ഒന്നായിരുന്നു. ഉത്ഥാനംചെയ്ത മിശിഹായുടെ ശരീരത്തിനു് അക്ഷയത്വം, ദീപ്തി, ലഘുത്വം മുതലായ അസാമാന്യ ഗുണവിശേഷങ്ങൾ ഉണ്ടായിരുന്നു. ഇവയെല്ലാം ഈശോയ്ക്കു് ലഭ്യമാകുന്നതിനുള്ള കാരണം അവിടുത്തെ പീഡാനുഭവങ്ങളത്രെ. മിശിഹായുടേതുപോലെയുള്ള ഒരുത്ഥാനത്തിനു് നാം അർഹരായിത്തീരണമെങ്കിൽ അവിടുത്തെപ്പോലെ നാമും ക്ലേശങ്ങൾ സഹിക്കണം. വി. പൗലോസു പറയുന്നതു്, നാം മിശിഹായോടുകൂടി ക്രൂശിക്കപ്പെട്ടുമെങ്കിൽ അങ്ങയോടുകൂടി നാം ഉയിർക്കുമെന്നാണു്. അതുകൊണ്ടു് നമ്മുടെ ശരീരത്തിനു് വേദനകളുണ്ടാകുമ്പോൾ, ക്ലേശങ്ങളുണ്ടാകുമ്പോൾ, രോഗങ്ങളുണ്ടാകുമ്പോൾ നാം ദുഃഖിക്കരുതു്. നമ്മുടെ മനസ്സ് പീഡിപ്പിക്കപ്പെടുമ്പോൾ നാം നിരാശപ്പെടരുതു്. നാം അവമാനിക്കപ്പെടുമ്പോൾ നാം അക്ഷമരാകരുതു്. പ്രത്യുത ഈ അവസരങ്ങളിലെല്ലാം നാം സന്തോഷിക്കണം. ഇവയെല്ലാം സന്തോഷപുരസ്സരം സഹിക്കുന്നതിനു് മിശിഹായോടുള്ള സ്നേഹം നമ്മെ പ്രാപ്തരാക്കേണ്ടതാണു്. എന്നാൽ അതിനുള്ള ശക്തി നമ്മുടെ സ്നേഹത്തിനില്ലെങ്കിൽ ഉയിർപ്പെന്ന മഹാഭാഗ്യം പ്രതിസമ്മാനമായി ലഭിക്കുമെന്ന വിചാരമെങ്കിലും ഇതിനു് നമ്മെ സന്നദ്ധരാക്കേണ്ടതാണു്.

പാപം ചെയ്യാതിരിക്കുന്നതിനും പാപവഴികൾ ഉപേക്ഷിക്കുന്നതിനും പലതും നാം സഹിക്കേണ്ടിവരാം. അതുപോലെതന്നെ സുകൃതങ്ങൾ അഭ്യസിക്കുന്നതിനും സഹനം കൂടിയേ തീരൂ. ഈ അവസരങ്ങളിലെല്ലാം നമ്മുടെ കർത്താവിന്റെ ഉയിർപ്പ് നമുക്കു് ഉന്മേഷം നൽകാതിരിക്കുകയില്ല.

പാരമ്പര്യം ഘോഷിക്കുന്നതു് ഉയിർത്ത കർത്താവിനെ ആദ്യമായി കാണുവാനുള്ള ഭാഗ്യം ലഭിച്ചതു് നമ്മുടെ ഏത്രയും ഭാഗ്യവതിയായ അമ്മയ്ക്കാണെന്നാണു്. അമ്മ ഇതിനു് അർഹയുമായിരുന്നു. എന്തുകൊണ്ടെന്നാൽ ഈ അമ്മയെപ്പോലെ സഹനത്തിൽ തന്റെ പുത്രനോടു് ആരും അത്ര അനുരൂപരായിരുന്നിട്ടില്ല. ഈ അമ്മയോടു്, നമ്മുടെ ക്ലേശങ്ങൾ തന്റെ പുത്രനെപ്പോലെ ക്ഷമാപൂർവ്വം സഹിക്കുന്നതിനും, അതുവഴി അങ്ങയുടെ ഉയിർപ്പിന്റെ മഹത്വത്തിൽ നാമും പങ്കുകാരായിത്തീരുവാൻ ഇടവരുന്നതിനും വേണ്ട അനുഗ്രഹം ലഭിക്കുന്നതിനായി പ്രാർത്ഥിക്കുവിൻ.

എന്നു് സ്വന്തം വല്യച്ചൻ.

## For Favours received



P. K. S. Puthenpally

## നിങ്ങൾക്കറിയാമോ?

1. ഇൻഡ്യൻ നാഷനൽ കോൺഗ്രസിന്റെ വർക്കിംഗ് കമ്മിററിയംഗങ്ങൾ ആരെല്ലാം?

ഉത്തരം

ബാബു പുരുഷോത്തമദാസ് താണ്ഡൻ (പ്രസിഡണ്ടു്), ശ്രീ കാലവെങ്കിട്ടറാവു, ശ്രീ മോഹൻലാൽ ഗൗതം (ജനറൽ സെക്രട്ടറിമാർ), മിസ് മണിബെൻ പട്ടേൽ, മൌ. മൗലാന അബുൽകലാം ആസാദ്, ജഗ്ജീവൻ റാം, എസ്. കെ. പട്ടീൽ, സർദാർ പ്രതാപ്സിംഗ് കൈറൺ, അതുല്യഘോഷ്, പണ്ഡിററ് നെഹ്റു, രാജഗോപാലാചാരി, പണ്ഡിററ് ഗോവിന്ദ് വല്ലഭ പാൻഡ്, കാമരാജനാടാർ, എൻ. ജി. രംഗ, സി ഖേശർ ശർമ്മ, ലക്ഷ്മീനരയിൻ സുധാൻസു, സെത്ഗോവിന്ദദാസ്, ശ്രീമതി പുഷ്പബഹിൻ, മൌ. ബി. എസ്. ഹിരി, ഗോകുൽലാൽ അസാവ.

(10-ാം പേജു് തുടർച്ച)

അങ്ങനെ ബഹുമുഖമായി സംഭാവനകൾ പ്രവഹിക്കുമ്പോൾ, അവരുടെ മരിച്ച ഭർത്താവിന്റെ കൊഴുത്ത സമ്പത്തു മുഴുവൻ വററി വരണ്ടുപോകുമെന്നും അവർക്കു പേടിയുണ്ടായിരുന്നു. പക്ഷേ അതെത്ര വന്നാലും, ആണ്ടുവട്ടത്തിൽ അവരുടെ വീട്ടിൽനിന്നു് "ഓയിൻമെൻറു"കൾക്കായി ചോന്നുപോകുന്ന തുകയോളം വരികയില്ലെന്നു് അവർക്കു് ആശ്വസിക്കാമായിരുന്നു.

മെടഞ്ഞ കുറെ ഓലയെങ്കിലും കൊടുക്കണമെന്നുവരെ അവർ വീണ്ടും പറഞ്ഞുനോക്കി. ഓല "കിച്ചൻഗാർഡനു" ഒരു വേലികെട്ടാൻവേണ്ടി വെച്ചിരിക്കയാണെന്നും അതിനുതന്നെ തികയുമോ എന്നു സംശയമാണെന്നും, അഥവാ മതിയാകുമെന്നിരുന്നാൽത്തന്നെയും, ആ ഉപയോഗം കഴിഞ്ഞിട്ടല്ലാതെ അതിൽ നിന്നെടുക്കാൻ നിവൃത്തിയില്ലെന്നും അന്നാമ്മ അസന്നിഗ്ധമായി പറഞ്ഞുകളഞ്ഞു!! "കിച്ചൻഗാർഡനു" ചുററും പതിനാറുവട്ടം വേലികെട്ടിയാലും മിച്ചം വരത്തക്കവണ്ണം ചുട്ടംകൂട്ടിവച്ചിരുന്ന ആ ഓലക്കുന്നിനെക്കുറിച്ചാണു് അന്നാമ്മ അങ്ങനെ ആശങ്ക പ്രകടിപ്പിച്ചതു്!!

സംഘാംഗങ്ങൾ പിന്നെയൊട്ടും അവിടെ നിന്നില്ല. അതുപോലെ ജീവകാരുണ്യത്തിന്റെ ജലരേഖപോലുമില്ലാത്തിടത്തു് പാഴാക്കിക്കളയുവാനുള്ളതായിരുന്നില്ല അവരുടെ സമയം.

V

ആ ഞായറാഴ്ചത്തെ കുർബാനയ്ക്കിടയ്ക്കു വായിച്ച സുവിശേഷഭാഗത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരുന്നു:

"യഥാർത്ഥത്തിൽ തങ്ങളുടെ പ്രവൃത്തികളെല്ലാം മനുഷ്യരെ കാണിക്കുവാൻ വേണ്ടിയാണു് അവർ ചെയ്യുന്നതു്; അവർ തങ്ങളുടെ ലലാടികകൾക്കു് വീതികൂട്ടുകയും, വസ്ത്രങ്ങൾക്കു് പൊടിപ്പുവർദ്ധിപ്പിക്കുകയും, വിരുന്നുകളിൽ പ്രഥമസ്ഥാനങ്ങളും ജപമണ്ഡപങ്ങളിൽ അഗ്രാസനങ്ങളും അഭിലഷിക്കുകയും ചെയ്യുന്നു." (വി. മത്തായി 23-ാം അദ്ധ്യായം 5—6).

"കപടഭക്തരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! കാരണം നിങ്ങൾ പാനപാത്രത്തിന്റെയും ഭക്ഷണപാത്രത്തിന്റെയും പുറംമാത്രം വെടിപ്പാക്കുന്നു; എന്നാൽ അകമേ കവർച്ചയും അശുദ്ധിയുംകൊണ്ടു് അവ നിറഞ്ഞിരിക്കുന്നു. അന്ധനായ ഫരിസേയാ! പാനപാത്രത്തിന്റെയും ഭക്ഷണപാത്രത്തിന്റെയും ബഹിർഭാഗവുംകൂടി ശുചിയാകുവാൻവേണ്ടി ആദ്യം അന്തർഭാഗം സംശുദ്ധമാക്കുക."

"കപടഭക്തരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! കാരണം, പുറമേ, വെള്ളയടിച്ച മനോജ്ഞമായി കാണപ്പെടുന്നു എങ്കിലും അകമേ, മരിച്ചവരുടെ അസ്ഥികളും എല്ലാവിധ അഴുക്കും നിറഞ്ഞ ശവകുടീരങ്ങൾക്കു സദൃശരാണു് നിങ്ങൾ. ഇവ്വിധം ബാഹ്യമായി നിങ്ങളും മനുഷ്യദൃഷ്ടിയിൽ നീതിമാന്മാരായി കാണപ്പെടുന്നു; പക്ഷേ, നിങ്ങളുടെ അന്തരംഗം കപടഭക്തിയും ദൗഷ്ട്യവും നിറഞ്ഞതത്രെ." (വി. മത്തായി 23-ാം അദ്ധ്യായം 25—28)

പൂജാവസ്ത്രങ്ങൾ ധരിച്ച് ക്രിസ്തുവിന്റെ പ്രതിനിധിയായ പുരോഹിതൻ ഈ സുവിശേഷവാക്യങ്ങൾ വായിച്ചു വ്യാഖ്യാനിക്കുമ്പോൾ അന്നാമ്മയും അതു "ചെവികൊടുത്തു" കേൾക്കുന്നുണ്ടായിരുന്നു.



## പുസ്തകാഭിപ്രായം

### ധ്യാനാഞ്ജലി

(രണ്ടും മൂന്നും ഭാഗങ്ങൾ)

[ഗ്രന്ഥകർത്താ: കെ. പി. ജോസഫ് ബി. എ. ബി. എൽ. വശങ്ങൾ 60, 52. വില 8 ണ. വീതം. എസ്. എച്ച്. ലീഗ്, ആലുവാ]

ധ്യാനാഞ്ജലി ഒന്നാംഭാഗം പ്രസിദ്ധീകൃതമായതിനു ശേഷം കേരളീയകത്തോലിക്കർ കാത്തിരിക്കയായിരുന്നല്ലോ, ബാക്കി ഭാഗങ്ങൾ പ്രതീക്ഷിച്ചുകൊണ്ടു്. ഒന്നാം ഭാഗം നിരൂപണംചെയ്ത അവസരത്തിൽ നിരൂപകൻ പറയുകയുണ്ടായി, മററു രഹസ്യങ്ങളെപ്പററിയുള്ള ധ്യാനസംഗ്രഹവും ഈ തൂലികയിൽനിന്നുതന്നെ പ്രതീക്ഷിക്കുന്നു എന്നു്. (സ. ദീ പു. 23. ലക്കം. 42.) ഇന്നിതാ ആ പ്രതീക്ഷ സഫലമായിരിക്കുന്നു. "ധ്യാനാഞ്ജലി" രണ്ടാംഭാഗത്തിൽ ദുഃഖകരമായ ദൈവരഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനസംഗ്രഹവും മൂന്നാം ഭാഗത്തിൽ മഹിമയുടെ ദൈവരഹസ്യങ്ങളെപ്പററിയുള്ള ധ്യാനസംഗ്രഹവുമാണു് അടങ്ങിയിരിക്കുന്നതു്. ഇപ്രകാരം ധ്യാനാഞ്ജലി മൂന്നു ഭാഗങ്ങളിലായി ജപമാലയിലെ എല്ലാം ദൈവരഹസ്യങ്ങളെക്കുറിച്ചുമുള്ള ധ്യാനസംഗ്രഹം ഉള്ളടക്കിക്കൊണ്ടു് ഗ്രന്ഥകാരൻ സ്വകൃത്യം സ്തുത്യർഹമായി നിർവഹിച്ചിരിക്കുന്നു.

"കവിതാരസചാതുര്യം
വ്യാഖ്യാതാവേത്തിന:കവി"

എന്നുണ്ടല്ലോ. ജപമാലയാകുന്ന മഹാകാവ്യത്തിലെ ഭക്തിരസാമൃതം അജ്ഞവിജ്ഞവ്യത്യാസമെന്യേ ഏവർക്കും പകർന്നുകൊടുക്കുവാനായുള്ള ഗ്രന്ഥകാരന്റെ ശ്രമം സർവഥാ വിജയമകുടം ചൂടിയിരിക്കുന്നു എന്നുതന്നെ പറയാം. ധ്യാനപ്പുസ്തകങ്ങളുടെ ഇടയിൽ ഒരു സമുന്നതസ്ഥാനത്തിനുതന്നെ അർഹമാണു് ഈ ലഘുകൃതികൾ.

ജപമാലഭക്തിമൂലം ലഭിക്കാവുന്ന അനുഗ്രഹങ്ങൾ നിരവധിയാണല്ലോ. എന്നാൽ അനുഗ്രഹപ്രാപ്തിക്കു് ജപമാല വല്ലവണ്ണവും എത്തിച്ചുതീർക്കാതെ നല്ലവണ്ണം എത്തിക്കേണ്ടിയിരിക്കുന്നു. വെറും വാചാപ്രാർത്ഥനയായി പരിഗണിക്കരുതു് ജപമാലയെ. രഹസ്യങ്ങളെപ്പററിയുള്ള ധ്യാനമാണു് അതിന്റെ കാതൽ; ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനതത്വങ്ങളെ "സൂത്ര"രൂപത്തിൽ നിബന്ധിച്ചിരിക്കുന്ന രഹസ്യങ്ങൾവഴി. ഈ രഹസ്യങ്ങളെപ്പററി ധ്യാനിക്കുന്നതിനും തദ്വാരാ ജപമാല ഫലപ്രദമാംവിധം എത്തിക്കുന്നതിനും ഒരുത്തമസഖിയായിരിക്കും നിരൂപണവിഷയങ്ങളായ ഈ കൃതികൾ; അനുദിനം ജപമാല എത്തിക്കുന്ന നമ്മുടെ കുടുംബങ്ങൾ ഈ പുസ്തകങ്ങൾക്കു് താമസംവിനാ സ്വാഗതം നൽകേണ്ടതാണു്.

അനവധാനത നിമിത്തമോ മറേറാ കടന്നുകൂടിയ അച്ചടിപ്പിഴകൾ മിക്കവാറും പരിഹൃതങ്ങളായിട്ടുണ്ടു് ശുദ്ധിപത്രം വഴി. അടുത്ത പതിപ്പിൽ ശുദ്ധിപത്രത്തിന്റെ ആവശ്യം നേരിടുകയില്ലെന്നു പ്രതീക്ഷിക്കാം.

ആകർഷകവും അർത്ഥദ്യോതകവുമായ മുഖചിത്രം. നിർദ്ദോഷവും സുപ്രസന്നവുമായ ഭാഷാശയ്യ; ധ്യാനപ്പുസ്തകങ്ങളിലെ ഭാഷയെപ്പററി പുച്ഛഭാവം നടിക്കുന്നവർ ഇതൊരാവർത്തി വായിക്കട്ടെ! അവരുടെ അഭിപ്രായം പാടേ മാറിപ്പോകും. ഗ്രന്ഥകർത്താവിനു് അകമഴിഞ്ഞ അനുമോദനങ്ങൾ.

(V. P.)

## Thanksgiving

For warding off a possible calamity through the intercession of the Little Flower and Sr. Alphonsa.

T. K. Varghese,
Perumpavoor

ചെറുകഥ

# അന്നാമ്മ

(വറുഗീസ് കാഞ്ഞിരത്തുങ്കൽ)

"ഇപ്പഴാണോ, നീയിതു പറയാനോത്തതു്! ഇനി ഏതായാലും ഞാൻ പള്ളിപ്പോയിവരട്ടെ. വള്ളപ്പുരയുടെ താക്കോലു തന്നെ എവിടെയാണെന്നു നോക്കിപ്പിടിക്കണമെങ്കിൽ നേരം കുറെ എടുക്കും. അപ്പഴേക്കു് കുർബാനയുടെ സമയവും തെററും."

അന്നാമ്മ പള്ളിയിലേക്കു നടന്നുകഴിഞ്ഞു!!

എന്നും കൃത്യസമയത്തേ അന്നാമ്മ പള്ളിയിൽ പോകൂ; ഒടുവിലത്തെ കുർബാനയ്ക്കു് പത്തുമിനിട്ടുമുമ്പേ. അവർ പള്ളിയിലെത്തുമ്പോൾ അച്ചൻ കുർബാന ചൊല്ലാൻ നടയിൽ വന്നിട്ടുണ്ടാവും. എന്നും പതിവാണതു്. ആ "അറാപ്പറ" സമയം കണക്കാക്കിയാണു് അവർ പള്ളിയിൽപോകാനിറങ്ങുന്നതു്.

വീട്ടിൽനിന്നിറങ്ങിയാൽ, അന്നാമ്മ "ഇടവും വലവും" നോക്കാറില്ല. ആരോടും മിണ്ടാറില്ല; എങ്ങും താറിനില്ക്കാറുമില്ല. അങ്ങനെയെങ്ങാനും ഒന്നു രണ്ടു മിനിട്ടു വൈകിപ്പോയാൽ കുർബാനതുടങ്ങിയതിനുമേലേ അവർക്കു പള്ളിയിലെത്തുവാൻ പററുകയുള്ളു. സമയംപോയെന്നുവച്ചു് അല്പം മുറുകിനടക്കാനും അവരെക്കൊണ്ടാവില്ല. എന്നും പതിവുള്ള ആ അലസഗമനംതന്നെ അന്നും.

അന്നാമ്മ പള്ളിയിലേക്കു തിരിക്കുംമുമ്പേ ചെന്നു്, കാര്യം സാധിച്ചു മടങ്ങണമെന്നുവെച്ചാണു് ഇത്താക്കാ അവിടെ എത്തിയതു്. അയാൾ മുററത്തുചെന്നുനിന്നു. ഒന്നുരണ്ടു ചുമച്ചു. അടുക്കളവശത്തേക്കെത്തിനോക്കി. വേലക്കാരിപ്പെണ്ണിനോടു ചോദിച്ചു. അമ്മച്ചി ചമയമുറിയിലാണെന്നു് അവൾ പറഞ്ഞു.

അവർ ഉടുത്തൊരുങ്ങി പുറത്തുവരുവോളം കാത്തുനില്ക്കയല്ലാതെ ഇത്താക്കാ എന്തുചെയ്യും!—സാരമില്ല—വസ്ത്രം മാറിവരാൻ അത്ര വളരെ സമയമൊന്നും വേണ്ടിവരികയില്ല. പാവപ്പെട്ടവരുടെ പെണ്ണുങ്ങൾക്കാണെങ്കിൽ, കിറലും തുന്നലും മററും മറിക്കാനും മറയ്ക്കാനുമൊക്കെ ഇത്തിരി സമയം വേണ്ടിവരും. ഇവർക്കൊക്കെ പെട്ടിയിൽനിന്നു്, ഇസ്തിരിക്കിട്ട പാടേ എടുക്കണം, ഉടുക്കണം, അത്രതന്നെ...... ഏതായാലും അന്നാമ്മയെ കാണാതെ ഒന്നുമാകയില്ലല്ലോ. അവർ വരുവോളം നിന്നേ പററൂ.

ഇത്താക്കാ ഡ്രസ്സിംഗ്റൂമിൻെറ വാതില്ക്കലേക്കുതന്നെ ഉററുനോക്കിക്കൊണ്ടങ്ങനെനിന്നു.... ...

അരമണിക്കൂറിലേറെ കടന്നുപോയതായി ഇത്താക്കായ്ക്കുതോന്നി. ഒരുപക്ഷേ, അയാളുടെ ക്ഷമകേടുകൊണ്ടു തോന്നിയതുമായിരിക്കാം.

എന്നിട്ടും, അന്നാമ്മയുടെ നിഴൽപോലും കാണ്മാനില്ല!

അതിനിടയ്ക്കു് അകത്തൊരു നേരിയ ചുമകേട്ടു. ആളകത്തുണ്ടു്. പുറത്തേക്കിറങ്ങാൻ തുടങ്ങുകയായിരിക്കും. ഇത്താക്കാ ആശ്വസിച്ചു!

മിനിട്ടുകൾ പിന്നെയും പാഞ്ഞുപോയി! അന്നാമ്മ വരുന്നില്ല!!

അയാൾ വീണ്ടും അപ്പുറത്തുചെന്നു് വേലക്കാരിപ്പെണ്ണിനോടു ചോദിച്ചു. അയാളുടെ വെപ്രാളംപിടിച്ച ചോദ്യവും നടപ്പും ആ വേലക്കാരിയെക്കൂടി ചിരിപ്പിച്ചു.

"അമ്മച്ചി പൊറത്തെറങ്ങണേൽ സമേൻ കൊറെ കഴിയണം." അർത്ഥഗർഭമായി തലയാട്ടിക്കൊണ്ടു് അവൾ പറഞ്ഞു.

ഇത്താക്കായ്ക്കു പരിഭ്രമമായി.

"എന്നാൽ നീയൊന്നു ചെന്നുപറ. എൻെറ അത്യാവശ്യംകൊണ്ടാ. രണ്ടേ രണ്ടുവാക്കു പറഞ്ഞാമതി. എൻെറ പെണ്ണൊന്നുചെല്ലു്, എൻെറ പൊന്നുപിള്ള." അയാൾ വേലക്കാരിയെ ശുപാർശ പിടിച്ചു.

"അയ്യയ്യോ! ഞാനില്ല. അമ്മച്ചി തുണിമാറാങ്കേറിയാൽ ആ പ്രദേശത്തുക്കൂടെയെങ്ങാനും വെങ്ങിയാമതി, അന്നുപിന്നെ ഇനിക്കു കെടക്കപ്പൊറുതിയില്ല." വേലക്കാരി അവളുടെ നിസ്സഹായത തുറന്നുകാട്ടി.

ഇത്താക്കായ്ക്കു് എങ്ങും ഇരിപ്പുറയ്ക്കുന്നില്ല. അയാൾ കുറേനേരം തൂണും ചാരി നിന്നു. പിന്നെ നടന്നു. അല്പനേരം ഇരുന്നുനോക്കി. പിന്നെയും എഴുന്നേററു. ഒന്നുരണ്ടുതവണ ഗേററിനടുത്തുചെന്നു നോക്കി; അയാളെ തിരക്കി വീട്ടിൽനിന്നു് ആരെങ്കിലും വരുന്നുണ്ടോ എന്നറിയാൻ. ഇല്ല, ആരെയും കാണുന്നില്ല.

പിന്നെയും വന്നു്, പഴയപടി "ഡ്രസ്സിംഗ്റൂ"മിലേക്കു നോക്കിയിരിപ്പായി.

വീട്ടിലോളം ഒന്നു ചെന്നിട്ടു തിരിച്ചുവന്നെങ്കിലോ! വീട്ടിലെ സ്ഥിതി ഇപ്പോഴെന്തായിരിക്കുമോ! എന്തും ആയിത്തീരാവുന്ന ഒരു നിലപാടിൽ കണ്ടിട്ടാണു് ഇത്താക്കാ അവിടന്നു് ഇറങ്ങിപ്പോന്നതു്.

അല്ല! അന്നാമ്മ പള്ളിയിൽ പോകാൻ ഒരുങ്ങിയിറങ്ങിക്കഴിഞ്ഞു. അന്നാമ്മയുടെ പുറപ്പാടായെന്നു് കീഴ്ക്കൻകാററാണു് ആദ്യം അയാളോടുപറഞ്ഞതു്!

ആദ്യശ്വാസത്തിൽതന്നെ ഇത്താക്കാ അയാളുടെ ആവശ്യത്തിൻെറ ചുമടു് അന്നാമ്മയുടെ മുമ്പിൽ ഇറക്കിവച്ചു. അപ്പോഴാണു് അന്നാമ്മ അതു പറഞ്ഞതു്!!

## II

ഇത്താക്കായ്ക്കു് ഒന്നും പറയാൻതോന്നിയില്ല. അയാൾ പ്രജ്ഞയററവനെപ്പോലെ അവിടെയങ്ങനെനിന്നുപോയി. അതുവരെ അയാളുടെ ഉള്ളുമാത്രമേ പുകയുന്നുണ്ടായിരുന്നുള്ളു. അന്നേരംമുതൽ അയാളുടെ തലയും ചുട്ടുപുകയുവാൻ തുടങ്ങി.

അന്നാമ്മ പടികടന്നു പടിഞ്ഞാറോട്ടു തിരിച്ചു.

ആ വൈകിയ സമയത്തു് ഇത്താക്കാ എന്തുചെയ്യും! എന്തുചെയ്യാനും അയാൾ ഒരുക്കമാണു്, പക്ഷേ ഒന്നും തോന്നുന്നില്ല!

മണിക്കൂറുകളെക്കാൾ വിലയുള്ള നിമിഷങ്ങളാണു് മണിക്കൂറുകളെ സൃഷ്ടിച്ചുകൊണ്ടു കടന്നുപോയതു്! പക്ഷേ, ഇനിയും വൈകിച്ചുകൂടാ. നിമിഷങ്ങൾ കഴിയുന്തോറും രണ്ടു ജീവിതങ്ങളാണു് അപകടത്തിലേക്കു നീങ്ങുന്നതു്! അതേ, രണ്ടു ജീവൻെറ വിലയുള്ള നിമിഷങ്ങളാണു് ഇത്താക്കാ അലസമായി തള്ളിനീക്കുന്നതു്!!

എങ്ങുനിന്നോ ശക്തി സംഭരിച്ചുകൊണ്ടു്, ഇത്താക്കാ പുറത്തേക്കു പാഞ്ഞു. അതൊരു മരണപ്പാച്ചിൽപോലിരുന്നു. അതങ്ങനെയിരിക്കുവാനേ പാടുള്ളുതാനും. രണ്ടു ജീവനാണു് കൈയിൽ അടക്കിപ്പിടിച്ചിരിക്കുന്നതെന്നു് ഇത്താക്കായ്ക്കു് നല്ലബോധമുണ്ടായിരുന്നു.

ഇത്താക്കാ ചാരക്കാരൻ വക്കിയുടെ പടിക്കൽ ചെന്നുനിന്നു; അല്ല, തളർന്നുവീണു. വള്ളത്തിൽ ചാരം കേററിക്കൊണ്ടുനിന്ന വക്കി അതൊക്കെ അപ്പാടെ ഇട്ടെറിഞ്ഞിട്ടു് ഇത്താക്കായുടെ അടുത്തെത്തി. ചകരിതല്ലിച്ചതച്ചുകൊണ്ടിരുന്ന വക്കിയുടെ "പെമ്പിള"യും ഓടിവന്നു.

ഇത്താക്കായ്ക്കു് അയാളുടെ ആവശ്യം ചുരുങ്ങിയവാക്കുകളിൽ പറഞ്ഞൊപ്പിക്കുവാനേ കഴിഞ്ഞുള്ളു. എങ്കിലും ആ ദരിദ്രദമ്പതികൾക്കു് അയാളുടെ വേദനയുടെ ഭാഷ തികച്ചും മനസ്സിലാകുന്നുണ്ടായിരുന്നു.

പക്ഷേ, ചാരം മുഴുവൻ വള്ളത്തിൽനിന്നു വാരിയിറക്കുന്നകാര്യത്തിൽ വക്കി തെല്ലു മനസ്സുകേടു ഭാവിച്ചു. അതു് യാത്രോചിതമാംവണ്ണം ശുചിയാക്കി എടുക്കുന്നതിൽ വന്നുചേരാവുന്ന വിളംബവും, ഒരു പ്രായോഗികചിന്തകനെപ്പോലെ, ആ ചാരക്കച്ചവടക്കാരൻ എടുത്തുകാട്ടി.

അതൊന്നും കൂട്ടാക്കാതെ വക്കിയുടെ "പെമ്പിള" കാര്യത്തിനു് ഒരു തീർപ്പുപറഞ്ഞു.

"പിന്നെ! നിങ്ങളതൊന്നും പറേണ്ട. ഇതങ്ങനെ താളത്തിനു വെയ്ക്കാവുന്ന എടപാടല്ല. ഇന്നലെ പാതിരായ്ക്കു നോവു കെട്ടിതല്ലേ! നേരം ഇത്രേം പെലന്നില്ലേ!! ഇനീം വെച്ചോണ്ടിരുന്നാൽ എന്താ ഒരന്തസ്സാരം? ഈ പറഞ്ഞ നേരംകൊണ്ടു് ആശുത്രീലെത്തിക്കാദന്നാക്കണം. ദൈവം പ്രദാസിച്ചു്, ഒരു മ്നാഴികയ്ക്കുമുമ്പേ, അവൾടെ വിപ്പൊന്നൊടികേറട്ടെ."

വക്കിയുടെ "പെമ്പിള" പ്രസവത്തിൻെറ വേദന ശരിക്കനുഭവിച്ചറിഞ്ഞിട്ടുള്ള ഒരു പെണ്ണായിരുന്നു. വക്കിയും ഇത്താക്കായും ചാരവള്ളത്തിൻെറ അടുക്കലേക്കു നടന്നു.

"ഇതു കല്യാണയാത്രേം മിററുവല്ല," വക്കിയുടെ "പെമ്പിള" തുടർന്നു: "വള്ളത്തിൻെറ വന്തവും ചാലും നോക്കാൻ. ചടേന്നു്, ചാരം കരക്കേററണം. പിന്നെ, രണ്ടോലക്കീറും ഒരു പായും തലേണയുമുണ്ടെങ്കിൽ ധാരാളംമതി. ഇപ്പറഞ്ഞ സമേൻകൊണ്ടു വള്ളം ആശുത്രിക്കടവിലടുക്കണം. അത്ര കരിപടകൊണ്ട സങ്ങതിയാ ഇതു്."

ഇത്താക്കായും വക്കിയുംകൂടി ചാരം വാരിമാററിത്തുടങ്ങി. വക്കിയുടെ "പെമ്പിള"യും മക്കളും ആ കൂലിയില്ലാത്തവേലയിൽ പങ്കുകൊണ്ടു. നിമിഷംകൊണ്ടു് വള്ളം ഒഴിഞ്ഞു. വക്കിയുടെ "പെമ്പിള" പറഞ്ഞപോലെ ഓലക്കീറും നിരത്തി. "പെമ്പിള"യുടെ ശുപാർശപ്രകാരം വക്കിയുംകൂടി വള്ളത്തിൽ കേറി.

അങ്ങനെ, വക്കിയുടെ ചാരവള്ളം, അന്നാമ്മയുടെ കൂടാരവള്ളത്തിനുപകരം രണ്ടു ജീവനെ രക്ഷിക്കുന്ന മഹത്തായ വേലയിൽ പങ്കുവഹിക്കുന്നതിലുള്ള അഭിമാനത്തോടെ, തലയുയർത്തിക്കൊണ്ടു് ആശുപത്രിയെ ലക്ഷ്യമാക്കി ഓളപ്പാത്തികളിൽക്കൂടി ചീറിപ്പാഞ്ഞു.

## III

അന്നു്, അന്നാമ്മയ്ക്കു് പതിവിലേറെ വൈകിയാണു് പള്ളിയിൽനിന്നു പോരാൻ തരപ്പെട്ടതു്. വെള്ളിയാഴ്ചയായിരുന്നതുകൊണ്ടു് "വഴിയാസാക്രു"കഴിക്കാൻ താമസിച്ചു. പിന്നെ, ബാങ്കർ അവറാച്ചൻെറ മിസ്സിയുമായി അല്പനേരം സംസാരിച്ചുനിന്നുപോയി. എങ്കിലും വിശപ്പിൻെറ പരാതികളൊന്നും ആ വയററിൽനിന്നും ഉയർന്നിരുന്നില്ല.

പതിവായി കാപ്പി കുടിക്കാറുള്ള സമയത്തു് വീട്ടിലെത്തിയില്ലെങ്കിൽ അന്നാമ്മയെ തിരക്കി, കാപ്പി പള്ളിയിലേക്കു ചെല്ലുമായിരുന്നു. അന്നും അങ്ങനെ കാപ്പികൊണ്ടുവന്നു. എങ്കിലും അന്നാമ്മയ്ക്കു് കാപ്പികുടി സുഖമായില്ല. അവർ കാപ്പി കുടിക്കാൻ പുറത്തിറങ്ങിയപ്പോഴാണു്, കുർബാന കൈക്കൊണ്ടിട്ടു് വെള്ളം കുടിക്കാഞ്ഞു തലകറങ്ങിവീണ ഒരു അമ്മൂമ്മയെ നാലഞ്ചു പെണ്ണുങ്ങൾകൂടി എടുത്തു പുറത്തുകൊണ്ടുവന്നതു്. അപ്പഴേ "തെർമോഫ്ളാസ്കു്" വേലക്കാരിയുടെ കൈയിൽകൊടുത്തു് വീട്ടിലേക്കയച്ചിട്ടു്, അന്നാമ്മയും ആ ദീനശുശ്രൂഷാരംഗത്തേക്കു് ഒരു നിരീക്ഷകയെപ്പോലെ നീങ്ങിനിന്നു.

അങ്ങനെയങ്ങനെ നേരം കുറെയങ്ങു് "അധികരിച്ചി"ട്ടാണു് അന്നാമ്മ വീട്ടിലേക്കുതിരിച്ചതു്. അല്പം തിടുക്കത്തിലാണവർ നടന്നുപോയതു്.

അന്നാമ്മ പാലം കടന്നു്, അങ്ങോട്ടു തിരിഞ്ഞപ്പോഴാണു് ആ ബഹളം. പട്ടികടിയേററു് ഒരു ചെറുമക്കിടാത്തൻ തെങ്ങിൻതടത്തിൽ വീണുകിടന്നു നിലവിളിക്കുന്നു. അവൻെറ കണങ്കാലിൻെറ പിൻവശത്തുനിന്നു് ചോര ഒലിക്കുന്നുണ്ടു്. അവൻെറ കൈയിലിരുന്ന കുട്ട അകലെത്തെറിച്ചുപോയി. അതിലുണ്ടായിരുന്ന ഉച്ചനിറഞ്ഞ പച്ചരിയും ഗോതമ്പും ദൂരെ ചിതറിക്കിടക്കുന്നു. അവൻ എഴുന്നേല്ക്കുവാൻ പാടുപെടുകയാണു്.

അന്നാമ്മ ആ രംഗം കണ്ടില്ലെന്നു പറഞ്ഞുകൂടാ. എങ്കിലും വീട്ടിൽ ചെന്നിട്ടു് വേലക്കാരിയെ പറഞ്ഞയക്കാമെന്നുവച്ചു് അവർ വീട്ടിലേക്കു നടന്നുപോയി!!

ഏതാനും മിനിട്ടുകൾക്കുമുമ്പു് ദേവാലയത്തിൽവച്ചു്. അവർ ഉൾക്കൊണ്ട "സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പ"മായ ക്രിസ്തുവിൻെറ പ്രതിരൂപം ആ പതിതനിൽ ദർശിക്കുവാൻ ആ സ്ത്രീക്കു കഴിഞ്ഞില്ല. അഗതിപൂജ, പ്രകാരാന്തരേണയുള്ള ഈശ്വരപൂജതന്നെയാണെന്നു് ധരിക്കുവാൻ മനുഷ്യൻ ഇനിയും എത്ര തലമുറകൾകൂടി പിന്നിടണമോ, ആവോ!

അന്നാമ്മയുടെ വേലക്കാരി ആ തെങ്ങിൻതടത്തിൽ വന്നു നോക്കിയപ്പോൾ കുറെ ചോര ഒഴുകിയ പാടുമാത്രമേ അവിടെ കണ്ടുള്ളു. അവിടത്തെ സോഡാലിററിയിലെ "സാമൂഹ്യസേവാദളേ"ത്തിൽപ്പെട്ട ചില അംഗങ്ങൾ ആ വഴി വന്നു്, പട്ടികടികൊണ്ട ആ ഭാഗ്യഹീനനെ പിടിച്ചെഴുന്നേല്പിച്ചു്, മുറിവു വച്ചുകെട്ടി, ചിന്നിച്ചിതറിക്കിടന്നധാന്യമണികൾ പെറുക്കിയെടുത്തു് കുട്ടയിലാക്കി അവനെയും താങ്ങിപ്പിടിച്ചുകൊണ്ടു പൊയ്ക്കഴിഞ്ഞിരുന്നു.

## IV

നാലഞ്ചു സാധുകുടുംബങ്ങൾ കെട്ടിമേയുന്നതിനു് പൊതുജനങ്ങളുടെ സഹായം അഭ്യർത്ഥിക്കുന്നതിനായി സ്ഥലം സെൻറു വിൻസെൻറു ഡി പോൾ സൊസൈററിയിലെ ഏതാനും പ്രവർത്തകാംഗങ്ങൾ വിധവയായ ആ ധനികകുടുംബിനിയുടെ വീട്ടിലെത്തി. ആഗമനോദ്ദേശം അവർ ഗൃഹനായികയെ അറിയിച്ചു. കുറേനേരത്തേക്കു് അവർ ഒന്നുംമിണ്ടിയില്ല. ആഗതർ വീണ്ടും അവരുടെ ആഗമനോദ്ദേശം ഉന്നയിച്ചു.

"ഞാൻ സ്വന്തനിലയിൽത്തന്നെ, പാടുപോലെ പലർക്കും സഹായങ്ങൾ ചെയ്തുകൊണ്ടാണിരിക്കുന്നതു്. നിങ്ങൾക്കു് ഇപ്പോഴെന്തെങ്കിലും സഹായംചെയ്താലും ഞാൻ മററുവിധത്തിൽ ചെയ്യേണ്ടതിനു് ഒരു കുറവും വരികയില്ല. ഇവിടെ വരുന്നവർക്കു് ഞാൻതന്നെ എന്തെങ്കിലും കൊടുക്കാതെ, എല്ലാം നിങ്ങളെ ഏല്പിച്ചിട്ടുണ്ടെന്നു പറഞ്ഞുവിട്ടാൽ പോരല്ലോ. അല്ലെങ്കിൽ ഇവിടെപ്പിന്നെ ആരും ശല്യത്തിനു വരികില്ലെന്നു് നിങ്ങൾ ഉറപ്പുതന്നാൽ വേണ്ടില്ല."

"അങ്ങനെയൊരുറപ്പു് ഞങ്ങൾക്കെങ്ങനെ തരാൻകഴിയും?" അന്നാമ്മ ആവശ്യപ്പെടുന്ന ഉറപ്പിൻെറ യുക്തിശൂന്യതയെ ദ്യോതിപ്പിക്കുമാറു് സംഘാംഗങ്ങൾ പറഞ്ഞു.

"എന്നാൽ, എൻെറ കഴിവുപോലെ ഞാൻതന്നെ കൊടുത്തുകൊള്ളാം. കുറെ നിങ്ങളെ ഏല്പിച്ചിട്ടു് നിങ്ങൾവഴിയായും കുറെ ഞാൻ നേരിട്ടും കൊടുക്കണമെന്നില്ലല്ലോ. ഏതുവഴിക്കായാലും കൊടുക്കേണ്ടതു് ഞാൻതന്നെയാണല്ലോ. എങ്കിൽപിന്നെ നിങ്ങളെ ഏല്പിച്ചിട്ടുവേണമെന്നില്ലല്ലോ. ആവശ്യക്കാർ ഇവിടെ വരുമ്പോൾ അപ്പഴത്തെ സൗകര്യംപോലെ ഞാൻതന്നെ അക്കാര്യം നിർവ്വഹിച്ചുകൊള്ളാം. അതല്ലേ, ഭംഗി?"

ഗർവ്വും ഔദ്ധത്യവുംചുവയ്ക്കുന്ന ആ മറുപടി കേട്ടിട്ടും സഹിഷ്ണുത കൈവിടാതെ, ആ ധർമ്മഭിക്ഷുക്കൾ, വിൻസെൻറു ഡി പോൾ സംഘം സാധുജനസേവനം നിർവ്വഹിക്കുന്ന ഉന്നതമായ മാതൃക ആ ധനികകുടുംബിനിയെ മനസ്സിലാക്കുവാൻ ശ്രമിച്ചു. പക്ഷേ അതൊന്നും അവരെ ആകർഷിച്ചില്ല. വിൻസെൻറു ഡി പോൾ സംഘത്തിലേക്കു് എന്തെങ്കിലും കൊടുത്തുപോയാൽ ആ നിമിഷംമുതൽ അഭയാർത്ഥികളായി ആരുംതന്നെ ആ മുററത്തു കാലെടുത്തു കുത്തുകയില്ലെന്നുള്ളതിനു് മതിയായ ഉറപ്പാണു് അവർക്കു കിട്ടേണ്ടിയിരുന്നതു്!! ആ വിധത്തിലൊരു നിരോധനാജ്ഞ പുറപ്പെടുവിക്കാൻ ആർക്കാണധികാരം!! വിൻസെൻറു ഡി പോൾ സംഘം വഴിയായും പിന്നെ സ്വന്തനിലയിലും,

(ശേഷം 9-ാം പേജിൽ)

**Assisi Sisters of Mary Immaculate**

ഈ സന്യാസിനിസമൂഹത്തിൽ അടുത്ത മേയ് അവസാനത്തിൽ കുറെ അംഗങ്ങളെ സ്വീകരിക്കുന്നതാണു്. അവർ ആരോഗ്യവും ദൈവവിളിയും ഉള്ളവരും ഫാറം VI പാസായവരോ ടി. പരീക്ഷയിൽ ചേർന്നിട്ടുള്ളവരോ, ആശുപത്രിജോലികളിൽ പരിശീലനം സിദ്ധിച്ചിട്ടുള്ളവരൊ ആയിരിക്കണം. വിശദവിവരങ്ങൾ ഇവിടത്തെ മഠങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചോ, താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ എഴുതിയച്ചോ അറിയുക.

Assisi Sisters of Mary Immaculate
Assisi Convent, Green Gardens, Shertallay.

വിമർശനവീഥി

# വി. ലൂക്കായുടെ വിശ്വാസ്യത ഗ്രന്ഥംതന്നെ തെളിയിക്കുന്നു

പുതിയ നിയമത്തിൽപ്പെട്ട "അപ്പസ്തോലന്മാരുടെ നടപടി" എന്ന ഗ്രന്ഥത്തിന്റെ കർത്താവ്, അതിലെ പ്രധാന കഥാനായകന്മാരിൽ ഒരാളായ പൗലോസ് ശ്ലീഹായുടെ സഹചാരിയും സഹകാരിയുമായ വിശുദ്ധ ലൂക്കായാണെന്നും, തന്മൂലം ആ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്ന സംഗതികൾ അവയെപ്പററി നേരിട്ടറിവുള്ള ആൾതന്നെ എഴുതിയതാണെന്നും, അക്കാരണത്താൽ ആ ഗ്രന്ഥം യഥാർത്ഥമായ ചരിത്രഗ്രന്ഥമാണെന്നും അവിശ്വാസികളായ ലിബറൽ വിമർശകന്മാരുടെ അന്വേഷണത്തിന്റെയും പഠനത്തിന്റെയും ഫലമായി തെളിഞ്ഞിട്ടുണ്ടെന്ന് കഴിഞ്ഞ ലേഖനത്തിൽ സവിസ്തരം ചൂണ്ടിക്കാണിച്ചിരുന്നല്ലോ. ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തിൽനിന്നു തന്നെയും ഇതു തെളിയുന്നുണ്ട്. "അപ്പസ്തോലന്മാരുടെ നടപടി" എന്ന പേരിൽനിന്നുതന്നെ അതിന്റെ ഉള്ളടക്കം ഏതാണ്ടു ഗ്രഹിക്കാവുന്നതാണല്ലോ. അതിന്റെ ആദ്യത്തെ പകുതിയിൽ ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം, പരിശുദ്ധാത്മാവിന്റെ വരവ് എന്നിവയെപ്പററിയും ശ്ലീഹന്മാരുടെ ആദ്യത്തെ പൊതുവായ പ്രസംഗങ്ങൾ, പ്രവർത്തനങ്ങൾ മുതലായവയെപ്പററിയുമുള്ള വിവരണങ്ങളാണടങ്ങിയിരിക്കുന്നത്. രണ്ടാമത്തെ പകുതി പൗലോസ് ശ്ലീഹായുടെ മിഷനറിപ്രവർത്തനങ്ങളെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുന്നു. ഈ വിവരണങ്ങളിൽ ഗ്രന്ഥകർത്താവ് അനേകമാളുകളേയും സ്ഥലങ്ങളേയും സംഭവത്തിയതികളേയും കുറിച്ച് പ്രസ്താവിക്കുന്നുണ്ട്. പലസ്തീനാരാജ്യം മുതൽ സിറിയ, ഏഷ്യാമൈനർ, ത്രാസ്, മാസിഡോണിയാ, ഗ്രീസ്, ഇററലി എന്നീ രാജ്യങ്ങളെല്ലാം ഗ്രന്ഥത്തിലെ വിവരണത്തിൽ ഉൾപ്പെടുന്നുണ്ട്. റോഡുകൾ, പട്ടണങ്ങൾ, കടലുകൾ, തുറമുഖങ്ങൾ എന്നിവ പലതും വിവരണത്തിൽ പെട്ടിട്ടുണ്ട്. ബർഗോമാസ്റ്റർ, മജിസ്ട്രേററ്, ഗവർണ്ണർ എന്നിങ്ങനെ പല ഉദ്യോഗപ്പേരുകളും അതിൽ പറഞ്ഞിട്ടുണ്ട്. ആ ഉദ്യോഗം വഹിച്ചിരുന്ന ആളുകളുടെ സ്വന്തം പേരുകളും ഉദ്യോഗസ്ഥലങ്ങളും അവരുടെ സംസാരങ്ങളും ഖണ്ഡിതമായി അതിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. ക്ഷേത്രങ്ങളേയും യഹൂദപ്പള്ളികളേയും കുറിച്ചുള്ള പ്രസ്താവങ്ങളും അതിൽ കാണുന്നുണ്ട്. ആളുകളേയും അവരുടെ സംസാരങ്ങളേയും രേഖപ്പെടുത്തുമ്പോൾ അവരു പയോഗിച്ചിരുന്ന നാട്ടുഭാഷാ ശൈലികൾപോലും നോട്ടുചെയ്തിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ഏ. ഡി. ഒന്നാം നൂററാണ്ടിലെ മദ്ധ്യദശയിലെ "ഗ്രേക്കോ—റോമൻ" ലോകത്തിലാകമാനം സഞ്ചരിക്കുകയും, അക്കാലത്തേയും ആ ലോകത്തേയും നല്ലവണ്ണം അറിഞ്ഞിരിക്കുകയും ചെയ്തിട്ടുള്ള ഒരാളാണ് ഗ്രന്ഥം രചിച്ചതെന്ന് അതു് ഒരാവർത്തി വായിക്കുന്ന ഏവനും കാണാവുന്നതാണ്. ഗ്രന്ഥത്തിലെ ഉള്ളടക്കം ഇങ്ങനെ ഉള്ളതായിരിക്കകൊണ്ട് അതിലെ സംഭവവിവരണങ്ങൾ ചരിത്രദൃഷ്ട്യാ വിശ്വാസയോഗ്യങ്ങളാണോയെന്നു പരിശോധിച്ചറിയുവാൻ പ്രയാസമില്ല. എന്തുകൊണ്ടെന്നാൽ, ഏ. ഡി. ഒന്നാംനൂററാണ്ടിലെ ഗ്രേക്കോ—റോമൻലോകം ചരിത്രത്തിന്റെ മാദ്ധ്യാഹ്നദശയിൽ ഉൾപ്പെട്ടതാണ്; ആ ലോകത്തിലെ സ്ഥിതിഗതികളെ പരാമർശിച്ചെഴുതിയിട്ടുള്ള ഗ്രീക്കുകാരും റോമാക്കാരുമായ അനവധി ഗ്രന്ഥകാരന്മാരുടെ കൃതികൾ നമുക്കു ലഭിച്ചിട്ടുണ്ട്. അതിനുപുറമെ ആധുനികകാലത്തു പുരാണവസ്തു പരിശോധകന്മാരായ വിദഗ്ദ്ധപണ്ഡിതന്മാരുടെ ഗവേഷണഫലമായി ആ ലോകത്തെപ്പററി കൂടുതൽ അറിവുസിദ്ധിച്ചിട്ടുമുണ്ട്. സംഭവങ്ങളേയും ആളുകളേയും സ്ഥലങ്ങളേയും തിയതികളേയും മററും കുറിച്ച് നമുക്ക് ഇങ്ങനെ ലഭിച്ചിട്ടുള്ള അറിവുകളോടു നടപടിഗ്രന്ഥത്തിലെ വിവരണങ്ങൾ തട്ടിച്ചുനോക്കിയാൽ മതി, ചരിത്രദൃഷ്ട്യാ അതു വിശ്വാസയോഗ്യമായ രേഖയാണോയെന്നു നിർണ്ണയിക്കുവാൻ.

## സാക്ഷിമൊഴി

നീതിന്യായക്കോടതിയിൽ വിസ്തരിക്കപ്പെടുന്ന സാക്ഷികളുടെ മൊഴികൾ വിശ്വാസയോഗ്യങ്ങളാണോ എന്നറിയുവാൻ സ്വീകരിക്കപ്പെട്ടിരിക്കുന്ന മാർഗ്ഗം തന്നെയാണ് നാം ഇവിടേയും ഉപയോഗിക്കേണ്ടതു്. കോടതിയുടെ വിചാരണയ്ക്കു വിഷയമാകുന്ന സംഭവം സാക്ഷാൽ നടന്നതാണോ എന്നു കോടതിക്കു മുൻകൂട്ടി അറിവില്ലല്ലോ. ആ അറിവു ലഭിക്കുവാൻ കോടതി സാക്ഷിമൊഴികളെ ആശ്രയിക്കുന്നു. സാക്ഷി പരിപൂർണ്ണമായും വിശ്വാസയോഗ്യനാണെന്നു ബോദ്ധ്യംവന്നാൽ സംഭവത്തെപ്പററി അയാൾ നല്കുന്ന മൊഴികൾ കോടതി സ്വീകരിക്കുകയും തദനുസരണം വിധി പ്രസ്താവിക്കുകയും ചെയ്യുന്നു. എന്നാൽ സാക്ഷി വിശ്വാസയോഗ്യനാണെന്നു കോടതിക്കു ബോദ്ധ്യംവരുന്നതെങ്ങനെയാണ്? സാക്ഷിമൊഴികളുടെ പരിശോധനയാലാണ്. മററുവഴിക്കു സൂക്ഷ്മമായി അറിയാവുന്ന മററു പല വിവരങ്ങളോടും സാക്ഷിമൊഴികളെ തട്ടിച്ചുനോക്കും. ആ വിവരങ്ങളോടു സാക്ഷിമൊഴികൾ പരിപൂർണ്ണമായും യോജിച്ചിരിക്കുന്നുണ്ടെന്നു തിരിച്ചും മറിച്ചും ചെയ്യുന്ന പല ക്രോസ്സ്ചോദ്യങ്ങൾക്കുശേഷം തെളിഞ്ഞാൽ സാക്ഷി വിശ്വാസയോഗ്യനാണെന്നു ബോദ്ധ്യപ്പെടും. അങ്ങനെയുള്ള സാക്ഷി, കോടതി മററുമാർഗ്ഗേണ അറിഞ്ഞിട്ടില്ലാത്തതും വിചാരണയ്ക്കു വിഷയീഭവിച്ചിരിക്കുന്നതുമായ സംഭവത്തെപ്പററി നല്കുന്ന മൊഴിയും വിശ്വാസയോഗ്യമായി കോടതി ഗണിക്കുകയാണു ചെയ്യുന്നതു്. "അപ്പസ്തോലനടപടി"യുടെ കർത്താവ് ആ ഗ്രന്ഥംവഴി നല്കുന്ന മൊഴികളെ ഈവിധം പരിശോധിച്ചാൽ ക്രിസ്തുവിനേയും ആദിമക്രിസ്ത്യാനികളേയും സംബന്ധിച്ച അവയിലടങ്ങിയിരിക്കുന്ന വിവരങ്ങൾ വിശ്വാസയോഗ്യങ്ങൾ — യഥാർത്ഥസംഭവങ്ങളെ കുറിക്കുന്നവകൾ — ആണോയെന്നു നിർണ്ണയിക്കുവാൻ കഴിയുന്നതാണ്.

## ഉദ്യോഗപ്പേരുകൾ

ഒന്നാമതായി, ഗ്രന്ഥത്തിൽ കൊടുത്തിട്ടുള്ള വിവിധ ഭരണാധികാരികളുടെ ഉദ്യോഗപ്പേരുകൾതന്നെയെടുക്കാം. ഏ. ഡി. ഒന്നാം നൂററാണ്ടിലെ റോമാസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന പ്രോവിൻസുകളിൽ ചിലതു ചക്രവർത്തിയുടെ നേരിട്ടുള്ള ഭരണത്തിലും, വേറെചിലതു സെനററിന്റെ കീഴിലുമായിരുന്നു. ആദ്യത്തെ ഇനത്തിൽപ്പെട്ട പ്രാധാന്യംകൂടിയ പ്രോവിൻസുകളിലെ ഭരണാധികാരികളെ "പ്രോപ്രേററർ" (Propraetor) എന്നും, പ്രാധാന്യം കുറഞ്ഞവയിലെ ഭരണാധികാരികളെ "പ്രോക്യുറേററർ" (Procurator) എന്നും വിളിച്ചിരുന്നു. രണ്ടാമത്തെ ഇനത്തിൽപ്പെട്ട പ്രോവിൻസുകളിലെ ഭരണാധികാരികളെ "പ്രോകോൺസൽ" (Proconsul) എന്നാണു വിളിച്ചിരുന്നതു്. ഈ രണ്ടിനം പ്രോവിൻസുകൾ പലപ്പോഴും ചക്രവർത്തിയിൽനിന്നു സെനററിലേക്കും, മറിച്ചും, കൈമാററപ്പെടുകയും ചെയ്തിരുന്നു. മാത്രമല്ല, പ്രത്യേകം ചില സ്ഥലങ്ങളിലെ ഭരണാധികാരികൾക്കു പലപ്പോഴും പ്രത്യേകം ഉദ്യോഗപ്പേരുകളും ഉണ്ടായിരുന്നു. അതിനാൽ റോമൻ പ്രോവിൻസുകളുടെ ചരിത്രമെഴുതുന്നവർക്ക് അവയെപ്പററി സൂക്ഷ്മമായ അറിവില്ലെങ്കിൽ ഈ ഉദ്യോഗപ്പേരുകൾ പറയുന്നതിൽ പിശകുവരാൻ വളരെ എളുപ്പമുണ്ട്. എന്നിട്ടും നടപടിഗ്രന്ഥത്തിന്റെ കർത്താവിനു് അക്കാര്യത്തിൽ ഒരു പിശകുപോലും വന്നിട്ടില്ലെന്നുള്ളതു ചിന്തനീയമാണ്.

## ദൃഷ്ടാന്തം 1

ഉദാഹരണമായി, സൈപ്രസ് (Cyprus) എന്ന ദ്വീപിലെ കാര്യമെടുക്കാം. ഈ ദ്വീപിലെ ഭരണാധികാരിയെക്കുറിച്ചു ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. പൗലോസ്ശ്ലീഹാ തന്റെ ഒന്നാമത്തെ മിഷനറിസഞ്ചാരത്തിൽ ഈ ദ്വീപിൽ ചെന്നപ്പോൾ അവിടത്തെ ഭരണാധികാരിയുമായി പരിചയപ്പെടാനിടയായെന്നും, ശ്ലീഹായുടെ പ്രസംഗങ്ങൾകേട്ട് അദ്ദേഹം ക്രിസ്തുവിൽ വിശ്വസിച്ചുവെന്നും മററും ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു. ഈ ഭരണാധികാരിയുടെ ഉദ്യോഗപ്പേരും സ്വന്തംപേരും ഗ്രന്ഥത്തിൽ കുറിച്ചിരിക്കുന്നതു്, "പ്രോകോൺസൽ സേർജിയൂസ് പൗളൂസ്" (Proconsul Sergius Paulus) എന്നാണ് (XIII-7). പ്രോകോൺസൽ എന്ന ഉദ്യോഗപ്പേരു പിശകാണെന്നു ചില ചരിത്രവിമർശകന്മാർ വാദിച്ചിരുന്നു. കാരണം ആ ദ്വീപു ചക്രവർത്തിയുടെ നേരിട്ടുള്ള ഭരണത്തിലായിരുന്നു. തന്മൂലം അതിലെ ഭരണാധികാരിയുടെ ഉദ്യോഗപ്പേരു "പ്രോപ്രേററർ" എന്നോ "പ്രോക്യുറേററർ" എന്നോ ആയിരിക്കണം. എന്നാൽ പിശകുപററിയതു് ആ ചരിത്രവിമർശകന്മാർക്കാണെന്നു സ്പഷ്ടമായിത്തെളിഞ്ഞു. എങ്ങനെയെന്നാൽ, സൈപ്രസ് ആദ്യം ചക്രവർത്തിയുടെ നേരിട്ടുള്ള ഭരണത്തിൻകീഴിലായിരുന്നെങ്കിലും പിന്നീടൊരിക്കൽ, അതായതു് നഃഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്ന സംഭവങ്ങൾ നടന്നതിനു മുമ്പ്, ആ ദ്വീപ് കൈമാറി; ചക്രവർത്തി അതു സെനററിനു കൊടുക്കുകയും പകരം വേറൊരു പ്രോവിൻസ് എടുക്കുകയും ചെയ്തു. അതിനാൽ അവിടത്തെ ഭരണാധികാരിയുടെ അന്നത്തെ ഉദ്യോഗപ്പേരു് ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതുപോലെ പ്രോകോൺസൽ എന്നുതന്നെയായിരുന്നു; അല്ലാതെ ചരിത്രവിമർശകന്മാർ വിചാരിച്ചപോലെ ആയിരുന്നില്ല. ഈ വസ്തുത ആ ദ്വീപിലുള്ള സോളി (Soli) എന്ന സ്ഥലത്തു കണ്ടെടുക്കപ്പെട്ട ശിലാലിഖിതത്തിൽനിന്നു തെളിഞ്ഞിരിക്കുന്നു. അതിൽ അന്നത്തെ ഭരണാധികാരിയുടെ ഉദ്യോഗപ്പേരും സ്വന്തം പേരും ഒരുമിച്ചു "പ്രോകോൺസൽ പൗളൂസ്" എന്നാണ് കൊടുത്തിരിക്കുന്നതു്. (Cyprus, by Cesnola London 1877, p425). ഇതിൽ പ്രോകോൺസൽ, അദ്ദേഹത്തിന്റെ ഉദ്യോഗപ്പേരാണ്; പൗളൂസ്, അദ്ദേഹത്തിന്റെ സ്വന്തം പേരാണ്. ഈ പൗളൂസ് നഃ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന "സേർജിയൂസ് പൗളൂസ്" തന്നെയാണെന്നു ന്യായമായി വിചാരിക്കാം. അക്കാലത്തിനുശേഷം സൈപ്രസ് ദ്വീപു വീണ്ടും കൈമാറുകയും, അങ്ങനെ അതു ചക്രവർത്തിയുടെ നേരിട്ടുള്ള ഭരണത്തിലാവുകയും ചെയ്തുവെന്നുള്ളതും പ്രസ്താവ്യമാണ്. കണ്ടാലും! നടപടിഗ്രന്ഥത്തിന്റെ കർത്താവ് സംഗതികൾ രേഖപ്പെടുത്തിയിട്ടുള്ളതു് എത്ര സൂക്ഷ്മമായ ജ്ഞാനത്തോടുകൂടിയായിരിക്കുന്നു! ഇതരചരിത്രഗ്രന്ഥങ്ങളോട് അതു യോജിക്കുന്നുവെന്നു മാത്രമല്ല, അവയിൽ വിട്ടുകളഞ്ഞിട്ടുള്ളതു പൂരിപ്പിക്കുകയും ചെയ്യുന്നുണ്ട്. താൻ വിവരിക്കുന്ന സംഗതികളെക്കുറിച്ച് ശരിയായി അന്വേഷിച്ചറിഞ്ഞിട്ടുള്ള ഒരു ഗ്രന്ഥകാരനിലല്ലാതെ ഇത്ര വിസ്മയനീയമായ സൂക്ഷ്മജ്ഞാനം നമുക്കു കാണുവാൻ സാധിക്കുകയില്ല.

## ദൃഷ്ടാന്തം 2

ഇനി വേറൊരുദാഹരണം പറയാം. പൗലോസ്ശ്ലീഹാ, "അക്കായിയ" (Achaia) എന്ന (ഇപ്പോഴത്തെ ഗ്രീസിൽ പെട്ട) ഒരു പ്രോവിൻസിൽ നടത്തിയ മിഷനറിപ്രവർത്തനങ്ങളെ വിവരിക്കുകയിൽ അവിടത്തെ ഭരണാധികാരിയെക്കുറിച്ചു നടപടിഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതു്, "ഗാല്ലിയോ (Gallio) അക്കായിയായിലെ പ്രോകോൺസലായിരുന്നകാലത്തു്" എന്നാണ്. ഈ പ്രോവിൻസും കൈമാററത്തിനു വിഷയീഭവിച്ചിട്ടുണ്ടെന്നു് ചരിത്രത്തിൽനിന്നറിയാം. ഏ. ഡി. 44-നു മുമ്പ് അതു കുറെ വർഷക്കാലത്തേക്കു ചക്രവർത്തിയുടെ നേരിട്ടുള്ള ഭരണത്തിൻകീഴിലായിരുന്നു. എന്നാൽ ഏ. ഡി. 66-നു ശേഷം അതു സ്വതന്ത്രരാജ്യമായിത്തീർന്നു. ഈ രണ്ടു കാലഘട്ടത്തിനും മദ്ധ്യത്തിലാകട്ടെ, അതു സെനററിന്റെ ഭരണത്തിൽ പെട്ടിരുന്നു. ആ മദ്ധ്യഘട്ടത്തിൽ നടന്ന സംഭവങ്ങളാണു നടപടിഗ്രന്ഥത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നതു്. അതിനാൽ അക്കാലത്തെ ഭരണാധികാരിയെ "പ്രോകോൺസൽ" എന്നു വിളിച്ചിരിക്കുന്നതു ശരിയായിരിക്കുന്നു. ഈ വസ്തുതയ്ക്കു് ആ പ്രോവിൻസിൽ "ഡെൽഫി" (Delphi) എന്ന സ്ഥലത്തു കുറെ കൊല്ലങ്ങൾക്കു മുമ്പ് കണ്ടെടുക്കപ്പെട്ട ഒരു ശിലാലിഖിതം സാക്ഷ്യം വഹിക്കുന്നുണ്ട്. ഏ. ഡി. 52-ൽ "ഗാല്ലിയോ" ആ പ്രോവിൻസിൽ പ്രോകോൺസലായിരുന്നുവെന്നാണ് അതിൽ കാണുന്നതു് (Palestine Exploration, quarterly, July 1913). നഃ ഗ്രന്ഥത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന സംഗതികൾ ഈ കാലത്തുതന്നെയാണ് നടന്നതെന്നു നമുക്കറിയുകയും ചെയ്യാം.

## ദൃഷ്ടാന്തം 3

ഇതുപോലെ വേറെയും ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാനുണ്ട്. പൗലോസ്ശ്ലീഹാ തന്റെ മൂന്നാമത്തെ മിഷനറിയാത്ര കഴിഞ്ഞു് ജറുശലേമിൽ മടങ്ങിച്ചെന്നപ്പോൾ അദ്ദേഹത്തെ ശത്രുക്കൾ പിടിച്ചു ബന്ധിക്കുകയും, സ്ഥലത്തെ റോമൻ അധികാരിയുടെ മുമ്പിൽ അദ്ദേഹത്തെപ്പററി പരാതിപ്പെടുകയും, അധികാരി ശ്ലീഹായെ ചമ്മട്ടികൊണ്ടടിപ്പിക്കുവാൻ നിശ്ചയിക്കുകയും ചെയ്യുകയുണ്ടായി. താൻ ഒരു റോമാപൗരനാണെന്നും, അതിനാൽ തന്നെ ചമ്മട്ടികൊണ്ട് അടിക്കുവാൻ പാടുള്ളതല്ലെന്നും ശ്ലീഹാ വാദിച്ചതിനാൽ സ്ഥലത്തെ റോമൻ ഭരണാധികാരിയായ ഫെലിക്സ് (Felix) അദ്ദേഹത്തെ പട്ടാളക്കാരുടെ അകമ്പടിയോടുകൂടി സെസറിയായിലെ ഭരണാധികാരിയായ ഫെസ്റ്റസിന്റെ (Festus) പക്കലേക്ക് അയച്ചു. ഈ വിവരങ്ങൾ നഃ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ പ്രസ്തുതാധികാരികളുടെ ഉദ്യോഗപ്പേർ "പ്രോക്യുറേററർ" (ഗവർണ്ണർ, എന്നാണു കൊടുത്തിട്ടുള്ളതു് (XXIII-26; XXVI-30). ഇതുംവളരെ ശരിയായിരിക്കുന്നെന്നു ചരിത്രത്തിൽനിന്നു നാമറിയുന്നു.

## ദൃഷ്ടാന്തം 4

പൗലോസ്ശ്ലീഹാ സെസറിയായിൽ ഫെസ്റ്റസെന്ന ഗവർണ്ണരുടെ അധീനത്തിൽ തടവുകാരനായിരിക്കുകയിൽ യൂദയായിലെ നാടുവാഴിയായ അഗ്രിപ്പാ (Agrippa) അവിടെ വരികയും, ആ സന്ദർഭത്തിൽ ശ്ലീഹായെപ്പററി ഗവർണ്ണർ നാടുവാഴിയോട് സംസാരിക്കുകയും ചെയ്ത വിവരങ്ങൾ നഃ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ ഗവർണ്ണർ റോമാചക്രവർത്തിയെ "അധിനാഥൻ" (Lord) എന്നു വിളിക്കുന്നതായിട്ടാണ് കാണിച്ചിട്ടുള്ളതു് (XXV-26). ഇതിൽ നഃ ഗ്രന്ഥത്തിന്റെകർത്താവിനു പിശകുപററിയെന്നു ചരിത്രവിമർശകന്മാർ വിചാരിച്ചിരുന്നു. കാരണം, ഗവർണ്ണർമാർ ചക്രവർത്തിമാരെ അധിനാഥൻ എന്നു വിളിക്കുന്ന സമ്പ്രദായം ഗ്രന്ഥത്തിലെ സംഭവങ്ങൾ നടന്ന കാലത്തു് പതിവുള്ളതായി ചരിത്രകാരന്മാർക്ക് അറിവില്ലായിരുന്നു. അക്കാലത്തെ റോമാ ചക്രവർത്തി "നീറോ" (Nero) ആയിരുന്നു. അക്കാലത്തിനു് അനേകം കൊല്ലങ്ങൾക്കുശേഷം, ഡൊമീഷ്യൻ (Domitian) എന്നദ്ദേഹം ചക്രവർത്തിയായിരുന്ന കാലംമുതൽക്കേ (ഏ. ഡി. 81-96) ആ സംബോധനാസമ്പ്രദായം നടപ്പുണ്ടായിരുന്നുള്ളുവെന്നാണ് ചരിത്രകാരന്മാർധരിച്ചുവച്ചിരുന്നതു്. എന്നാൽഇവിടേയുംപിശകുപററിയതു് ചരിത്രവിമർശകന്മാർക്കാണെന്നു തെളിഞ്ഞു. എങ്ങനെയെന്നാൽ, നീറോ ചക്രവർത്തിയുടെ കാലത്തുള്ള ഒരു ലിഖിതം കണ്ടുകിട്ടിയിട്ടുണ്ട് (Papyri). അതിൽ ചക്രവർത്തിയെ അധിനാഥൻ എന്നാണ് സംബോധന ചെയ്തിരിക്കുന്നതു് (Deissmen, New Light in the New Testament). അതിനാൽ ഈ സംഗതിയിലും നഃ ഗ്രന്ഥത്തിന്റെ കർത്താവിനുള്ള വിസ്മയനീയമായ സൂക്ഷ്മജ്ഞാനം പ്രത്യക്ഷമാകുന്നു.

സിസ്റ്റർ അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

T. M. Annakutty

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam.

# Sathya Deepam

Vol. 24 Ernakulam May 2, 1951 No. 35




## ആ ചിത്രം!

എന്റെ പിതാവിന്റെ അടുക്കൽനിന്നു് നിങ്ങൾക്കു ഞാൻ അയക്കുന്ന പാറക്ലേത്താ—എന്റെ പിതാവിന്റെ അടുക്കൽനിന്നു് പുറപ്പെടുന്ന ആ സത്യാത്മാവു—വരുമ്പോൾ അവൻ എന്നെക്കുറിച്ചു് സാക്ഷ്യപ്പെടുത്തും. നിങ്ങൾ ആദിമുതൽ എന്നോടുകൂടി ഇരിക്കകൊണ്ടു് നിങ്ങളും സാക്ഷ്യപ്പെടുത്തും. നിങ്ങൾ ഇടറാതിരിക്കേണ്ടതിനായി ഇവ നിങ്ങളോടു ഞാൻ പറഞ്ഞിരിക്കുന്നു. എന്തെന്നാൽ അവർ തങ്ങളുടെ സംഘങ്ങളിൽനിന്നു് നിങ്ങളെ പുറത്താക്കും. നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു് ബലിസമർപ്പിക്കുന്നു എന്നു വിചാരിക്കുന്ന സമയം വരികയുംചെയ്യും. എന്നാൽ അവർ എന്റെ പിതാവിനെയാകട്ടെ എന്നെയാകട്ടെ അറിഞ്ഞിട്ടില്ലാത്തതുകൊണ്ടു് ഇങ്ങനെചെയ്യും. ആ സമയം വരുമ്പോൾ ഞാൻ ഇതു നിങ്ങളോടു പറഞ്ഞിട്ടുണ്ടെന്നു് ഓർക്കേണ്ടതിനു് ഇവ നിങ്ങളോടു പറഞ്ഞിരിക്കുന്നു. എന്നാൽ ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരുന്നതുകൊണ്ടു് നിങ്ങളോടു് ഇവ മുമ്പേ പറഞ്ഞില്ല. (സ്വർഗ്ഗാരോഹണം ഇടഞായർ; സുവിശേഷം: യോഹ. XV-26-XVI-4).

കുറെകൊല്ലങ്ങൾക്കുമുമ്പു് റോമിൽവച്ചു് നടത്തപ്പെട്ട അഖിലലോകകത്തോലിക്കാ കലാപ്രദർശനത്തിലേക്കു് അയച്ചുകൊടുപ്പാനായി, ഇന്ത്യയിൽ താമസിച്ചിരുന്ന ഹോളണ്ടുകാരനായ ഒരു ചിത്രകാരൻ കലാഭംഗി കവിഞ്ഞൊഴുകിയിരുന്ന ഒരു ചിത്രം തയ്യാറാക്കുകയുണ്ടായി. ഇന്ത്യയിൽ ക്രിസ്തുവിനുവേണ്ടി ജീവൻ ഹോമിച്ച രക്തസാക്ഷികളെ എല്ലാവരേയും ഉൾക്കൊള്ളിച്ചുള്ള ഒരു ചിത്രമായിരുന്നു അതു്. പക്ഷെ, നിർഭാഗ്യവശാൽ, അപ്പോഴേക്കും രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുകയും, തന്നിമിത്തം ആ ചിത്രം റോമയിലേക്കു് എത്തിക്കുവാൻ സാധിക്കാതെ വരികയുംചെയ്തു. വടക്കെ ഇന്ത്യയിൽ എവിടെയോ—അല്ലഹബാദു് സെമ്മിനരിയിലാണെന്നു തോന്നുന്നു—അതു് ഇന്നും സംപൂജ്യമായി സൂക്ഷിക്കപ്പെട്ടുവരുന്നു. കുറെ നാൾ മുമ്പു് ആ ചിത്രത്തിന്റെ ഫോട്ടോ ഒരു മാസികയിൽ കാണുവാനിടയായി. ഇന്ത്യയിലെ രക്തസാക്ഷികളിൽ മിക്കപേരും—എല്ലാവരുംതന്നെ എന്നു പറയാം—യൂറോപ്യന്മാരാണെന്നുള്ള പരമാർത്ഥം ആ ചിത്രത്തിൽ സ്ഫടികസ്ഫുടം തെളിഞ്ഞുവിളങ്ങി. വിദൂരദേശങ്ങളിൽനിന്നു നാടും വീടും പരിത്യജിച്ചു് നമ്മുടെ ഭാരതഭൂമിയിൽ അവർ വരികയും ആ മണ്ണിൽത്തന്നെ അവർ ക്രിസ്തുവിനുവേണ്ടി രക്തംചിന്തി മരിക്കയുംചെയ്തുവെന്നുള്ളതു് ഭാരതീയരായ നമ്മെ ലജ്ജിപ്പിക്കുവാനും ഉത്തേജിപ്പിക്കുവാനും പര്യാപ്തമാണെന്നുള്ളതിൽ സംശയമില്ല. സ്വതന്ത്രഭാരതത്തിൽ ഒരുപക്ഷേ മതമർദ്ദനങ്ങൾ ഉണ്ടാകുകയാണെങ്കിൽ നമ്മിൽ എത്രപേർ ക്രിസ്തുവിനുവേണ്ടി രക്തസാക്ഷികളായി മരണം കൈവരിക്കുവാൻ തയ്യാറാകുമെന്നുള്ള ചോദ്യവും ഓരോരുത്തരുടേയും മനസ്സിൽ ഉദിച്ചുയരാതിരിക്കയില്ല. ഭാരതത്തിൽ—വീരപ്രസൂവായ ഭാരതത്തിൽ — ക്രിസ്തുവിനുവേണ്ടി രക്തം ചിന്തി മരിച്ചവർ പലരും ഉണ്ടായിരിക്കാം; അവരുടെ ചെയ്തികൾ നമുക്കു് അജ്ഞാതങ്ങളായിരിക്കാം; ജഗദ്ഗായകരായ കോകിലങ്ങൾ മാത്രം അവരുടെ അപദാനങ്ങൾ പ്രകീർത്തിക്കയും, സൂര്യൻമാത്രം അവരുടെ ശവകുടീരങ്ങളിൽ കാഞ്ചനസൂനങ്ങൾ വർഷിക്കയും ചെയ്യുന്നുണ്ടായിരിക്കാം. എങ്കിലും നമുക്കു് സുജ്ഞാതരായ ഭാരതീയ രക്തസാക്ഷികൾ തുലോം വിരളമാണെന്നുതന്നെ പറയാം. യൂറോപ്യൻ രാജ്യങ്ങളിലെ രക്തസാക്ഷികളുടെ സംഖ്യ വളരെ വലുതാണു്. ചൈനയിലും ജപ്പാനിലും കുറെ രക്തസാക്ഷികളെങ്കിലും തങ്ങളുടെ മാതൃഭൂമിയെ സ്വജീവരക്തത്താൽ ആർദ്രമാക്കിയിട്ടുണ്ടു്. ഇന്ത്യയിലാകട്ടെ രക്തസാക്ഷികളിൽ ഒട്ടുമുക്കാലുംതന്നെ യൂറോപ്യൻ വൈദികരും മിഷനറിമാരുമാണു്. ഇപ്പോൾ വിദേശീയരെല്ലാം ഭാരതം ഭാരതീയർക്കു മാത്രമായി വിട്ടുംവച്ചു് നമ്മോടു യാത്ര പറഞ്ഞുപോകയാണു്. ഈ സന്ദർഭത്തിലാണു് മേലുന്നയിച്ച പ്രശ്നം കൂടുതൽ ഗൗരവാവഹമായി പ്രത്യക്ഷപ്പെടുന്നതു്. സ്വതന്ത്രഭാരതത്തിൽ മതമർദ്ദനങ്ങൾ ഉണ്ടാകുകയാണെങ്കിൽ നമ്മിൽ എത്ര പേർ ക്രിസ്തുവിനുവേണ്ടി രക്തം ചിന്തിക്കൊണ്ടു് മരിക്കുവാൻ തയ്യാറാണു്? ഓരോരുത്തരും ഹൃദയത്തിന്മേൽ കൈവെച്ചുകൊണ്ടു് ഉത്തരം കണ്ടുപിടിക്കട്ടെ.

ക്രിസ്തുവിനുവേണ്ടി, രക്തം ചിന്തിക്കൊണ്ടുപോലും, സാക്ഷ്യം വഹിക്കുന്നതിനുള്ള അവശ്യവ്യവസ്ഥ ക്രിസ്തുനാഥൻ തന്നെ നിർദ്ദേശിക്കുന്നുണ്ടു്. "നിങ്ങൾ ആദിമുതൽ എന്നോടുകൂടി ഇരിക്കകൊണ്ടു് നിങ്ങളും സാക്ഷ്യപ്പെടുത്തും." ക്രിസ്തുവിനോടുകൂടി സംയോജിച്ചിരിക്കുന്നവനുമാത്രമേ ക്രിസ്തുവിനുവേണ്ടി സാക്ഷ്യം വഹിക്കുവാൻ സാദ്ധ്യമാകയുള്ളു. സഭാചരിത്രത്തിന്റെ ഏടുകൾ പരിശോധിച്ചുനോക്കുമ്പോൾ ശ്ലീഹന്മാരുടെ കാലം മുതൽ ഇന്നുവരെയും ക്രിസ്തുവിനെ ഉപേക്ഷിച്ചവർ—മർദ്ദനങ്ങളും കഷ്ടനഷ്ടങ്ങളും ഭയന്നുകൊണ്ടു് ക്രിസ്തുവിനുവേണ്ടി സാക്ഷ്യം വഹിക്കുവാൻ ഉൾക്കരുത്തില്ലാതിരുന്നവർ—ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു നിദാനം അവർ ക്രിസ്തുവിനോടുകൂടി സംയോജിക്കാത്തവരായിരുന്നു എന്നുള്ളതാണു്. വെറും നാമമാത്ര കത്തോലിക്കരായി—ഞായറാഴ്ച കത്തോലിക്കർ മാത്രമായി—ജീവിക്കുന്നവർ ക്രിസ്തുവിനോടുകൂടി സംയോജിക്കപ്പെട്ടിട്ടില്ല. തന്നിമിത്തം ക്രിസ്തുവിനുവേണ്ടി സാക്ഷ്യം വഹിക്കേണ്ട സന്ദർഭങ്ങൾ വരുമ്പോൾ അവരെല്ലാം ക്രിസ്തുവിനെ ഉപേക്ഷിക്കയോ മൗനംപാലിക്കയോ ചെയ്യുന്നു. യൂറോപ്പിൽ പല രാജ്യങ്ങളിലും നിരീശ്വരത്വവും ഭൗതികത്വവും മൂർത്തിമത്തായുള്ള ഗവമെന്റുകളുടെ ഭീഷണികളും മർദ്ദനങ്ങളും ഭയന്നുകൊണ്ടും ചില സ്വാർത്ഥലാഭങ്ങളെ ഇച്ഛിച്ചുകൊണ്ടും ക്രിസ്തുവിനേയും സഭയേയും ഉപേക്ഷിക്കുവാനും ഒററിക്കൊടുക്കുവാനുമുള്ള മനസ്ഥിതി പലരിലും കാണുന്നതു് ഇതുകൊണ്ടുതന്നെയാണു്. നമ്മുടെ ഈ കേരളക്കരയിലും ഇങ്ങനെയുള്ള നാമമാത്രകത്തോലിക്കർ ധാരാളമില്ലേ എന്നു സംശയിക്കത്തക്ക സംഭവവികാസങ്ങൾ പലപ്പോഴും സംജാതമാകുന്നുണ്ടു്. രക്തം ചിന്തിക്കൊണ്ടു ക്രിസ്തുവിനുവേണ്ടി മരിക്കുവാനുള്ള സാഹചര്യങ്ങൾ ഒരുപക്ഷേ നമ്മെ അഭിമുഖീകരിച്ചില്ലെങ്കിലും ക്രിസ്തുവിനുവേണ്ടിയും അദ്ദേഹ മണവാട്ടിയായ തിരുസ്സഭയ്ക്കുവേണ്ടിയും ചില ത്യാഗങ്ങൾ, അസൗകര്യങ്ങൾ, പണനഷ്ടം, പരിഹാസങ്ങൾ എന്നിവയെല്ലാം സഹിക്കുന്നതിനെങ്കിലുമുള്ള വിശ്വാസതീക്ഷ്ണത നമുക്കുണ്ടോ? ചെറിയ ചെറിയ ത്യാഗങ്ങൾ ക്രിസ്തുവിനുവേണ്ടി അനുഭവിക്കുവാനുള്ള സന്നദ്ധത നമുക്കുണ്ടെങ്കിലേ രക്തം ചിന്തുവാനുള്ള സന്ദർഭം സംജാതമാകുമ്പോൾ നാം ഇടറാത്ത മനസ്സോടും പതറാത്ത പാദങ്ങളോടുംകൂടി ഉറച്ചുനിന്നുകൊണ്ടു് മരണം കൈവരിക്കയുള്ളു. അതിനു് നാം എപ്പോഴും ക്രിസ്തുവിനോടുകൂടി സംയോജിച്ചു് വിശ്വാസതീക്ഷ്ണതയുള്ളവരായി വ്യാപരിക്കണം.

ക്രിസ്തുനാഥൻ സ്വശിഷ്യർക്കു മുന്നറിയിപ്പു നൽകുന്നു: "അവർ തങ്ങളുടെ സംഘങ്ങളിൽനിന്നു നിങ്ങളെ പുറത്താക്കും. നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു് ബലിസമർപ്പിക്കുന്നു എന്നു വിചാരിക്കുന്ന സമയം വരികയും ചെയ്യും." സംഘത്തിൽനിന്നുള്ള ബഹിഷ്കരണം ഒരു വലിയ മഹറോൻ ശിക്ഷപോലെയായിരുന്നു. ക്രിസ്തുവിനു് ഈ ശിക്ഷ അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. (യോഹ. X, 50-56) യഹൂദന്മാരുടെ "താൽമൂദ്" എന്ന ഗ്രന്ഥത്തിൽ കാണുന്ന ഒരു ഐതിഹ്യമനുസരിച്ചു് തന്റെ ക്രൂശുമരണത്തിനു നാല്പതുദിവസം മുമ്പാണു് ക്രിസ്തുനാഥനെ യഹൂദർ സംഘത്തിൽനിന്നു ബഹിഷ്കരിച്ചതു്. 400 പുരോഹിതന്മാർ കാഹളധ്വനി മുഴക്കിക്കൊണ്ടാണത്രെ ആ ചടങ്ങു് നിർവ്വഹിച്ചതു്. ജനനത്തിൽത്തന്നെ കുരുടനായിരുന്ന ഒരുവനു് ക്രിസ്തു കാഴ്ച നൽകി; അവനാകട്ടെ യഹൂദപ്രമാണികൾക്കെതിരായി ക്രിസ്തുവിനുവേണ്ടി വാദിച്ചതുകൊണ്ടു് സംഘത്തിൽനിന്നു് ബഹിഷ്കരിക്കപ്പെട്ടു. ഈശോ വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായാണെന്നു പറയുന്ന സകലരേയും സംഘത്തിൽനിന്നു നിഷ്കാസനം ചെയ്യണമെന്നു് യഹൂദപ്രമാണികൾ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. (യോഹ. IX-22). ശ്ലീഹന്മാരെല്ലാവരുംതന്നെ ഇപ്രകാരം നിഷ്കാസനം ചെയ്യപ്പെട്ടിരുന്നുവെന്നുള്ളതിൽ സംശയലേശമില്ല. (1 Cor. IV, 10-13). ഇന്നും ഇങ്ങനെയുള്ള ബഹിഷ്കരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ടു്. ക്രിസ്തുവിനെ ഏററുപറയുകയും സഭയുടെ പഠനങ്ങൾ മുറുകെപ്പിടിക്കയും ചെയ്യുന്നതുകൊണ്ടു് പലരും വീട്ടിൽനിന്നും നാട്ടിൽനിന്നും ബഹിഷ്കരിക്കപ്പെടുന്നു; രാഷ്ട്രീയ പാർട്ടികളിൽനിന്നു പുറന്തള്ളപ്പെടുന്നു; മന്ത്രിസഭയിൽനിന്നു് നീക്കം ചെയ്യപ്പെടുന്നു; രാഷ്ട്രത്തിന്റെ ശത്രുക്കളായി മുദ്രകുത്തപ്പെടുന്നു. ഇരിമ്പുയവനികയ്ക്കുള്ളിൽ, റഷ്യയുടെ കരാളദംഷ്ട്രങ്ങൾക്കുള്ളിൽ, അമർന്നുപോയിട്ടുള്ള രാജ്യങ്ങളിൽ "ജനകീയ കോടതികൾ" എന്ന പേരിൽ നടക്കുന്ന പ്രഹസനങ്ങളിൽവെച്ചു് ക്രിസ്തുവിന്റെ യഥാർത്ഥശിഷ്യന്മാർക്കു ലഭിക്കുന്ന നിഷ്കാസനവും മർദ്ദനങ്ങളും പ്രസിദ്ധങ്ങളാണല്ലോ. ഇങ്ങനെയുള്ള ബഹിഷ്കരണങ്ങൾ ഉൾക്കരുത്തോടുകൂടിത്തന്നെ അഭിമുഖീകരിക്കാനുള്ള വിശ്വാസതീക്ഷ്ണത നമുക്കുണ്ടോ?

ക്രിസ്തുശിഷ്യരെ വധിക്കുന്ന ഏവനും താൻ ദൈവത്തിനു ബലിസമർപ്പിക്കുന്നുവെന്നു വിചാരിക്കുന്ന സമയം വരുമെന്നു ക്രിസ്തുനാഥൻ പ്രവചിച്ചിട്ടുണ്ടു്. മതപീഡനങ്ങളുടെ ചരിത്രം വായിക്കുമ്പോൾ ഇതു നമുക്കു് സ്പഷ്ടമാകുന്നുമുണ്ടു്. മതവിദ്വേഷത്തിന്റെ കൊടുംവഹ്നിയിൽ ഇങ്ങനെ നിരവധി ക്രൈസ്തവർ ആഹുതിചെയ്യപ്പെട്ടിട്ടുണ്ടു്. എന്നാൽ അന്നും ഇന്നുമായി ഒരു വ്യത്യാസമുണ്ടു്: അതായതു്, ഇന്നു് ദൈവത്തിന്റെ സ്ഥാനം രാഷ്ട്രം കരസ്ഥമാക്കിയിരിക്കുന്നു. ക്രിസ്തുശിഷ്യരെ മർദ്ദിക്കുന്നവർ രാഷ്ട്രദേവനെ പ്രസാദിപ്പിക്കുന്നുവെന്നു വിചാരിക്കുന്നു. ഈ രാഷ്ട്രാരാധന പാശ്ചാത്യദേശങ്ങളിൽനിന്നു ഇപ്പോൾ ഇന്ത്യയിലേക്കും ഇറക്കുമതി ചെയ്യപ്പെട്ടിട്ടുണ്ടു്. ദൈവത്തെ മാററിവെച്ചുകൊണ്ടും അവഗണിച്ചുകൊണ്ടും തൽസ്ഥാനത്തു് ഭാരതാംബികയെ പ്രതിഷ്ഠിച്ചു് ആരാധിക്കുവാനുള്ള അഭിവാഞ്ഛ ഇന്നത്തെ ബാലികാബാലന്മാരിലും കുത്തിവെക്കപ്പെടുന്നുണ്ടു്. ദേശീയബോധം ഒരു പൗരനു് കൂടിയേ കഴിയൂ. എന്നാൽ അതിനു ദൈവത്തെ അവഗണിക്കുന്നതെന്തിനു്? പണ്ടു വിദ്യാലയങ്ങളിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടാണു് ക്ലാസ്സുകൾ ആരംഭിച്ചിരുന്നതു്. എന്നാൽ ഇന്നാകട്ടെ ഓരോ മുടന്തൻന്യായങ്ങൾ പറഞ്ഞുകൊണ്ടു്, തൽസ്ഥാനത്തു് രാഷ്ട്രാരാധനയാണു് നടക്കുന്നതു്. അങ്ങനെ ദൈവത്തിന്റെ സ്ഥാനം രാഷ്ട്രം കൈവശപ്പെടുത്തുമ്പോൾ ക്രിസ്തുശിഷ്യന്മാർക്കു് ക്രിസ്തുവിന്റെ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യാനും ക്രിസ്തുവിനുവേണ്ടി സാക്ഷ്യംവഹിക്കുവാനുമുള്ള അവസരങ്ങൾ നേരിടും. ഇന്ത്യ ഹിന്ദുക്കൾക്കു് എന്നുള്ള വാദഗതിക്കാർ ക്രിസ്തുശിഷ്യന്മാരെ മർദ്ദിക്കുമ്പോൾ തങ്ങൾ ഭാരതദേവിയെ പ്രസാദിപ്പിക്കുകയാണെന്നു തെററിദ്ധരിക്കും. ക്രിസ്ത്യാനികൾ രാഷ്ട്രത്തിന്റെ ശത്രുക്കളാണെന്നു മുദ്രയടിക്കപ്പെടും. തൽഫലമായി അവരെ മൂലവിച്ഛേദം ചെയ്യേണ്ടതാണെന്നുള്ള അഭിപ്രായഗതിയും ഉത്ഭവിക്കും. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ക്രിസ്തുവിനുവേണ്ടി മർദ്ദനങ്ങൾ സഹിക്കുവാൻ—വിദ്വേഷമോ വെറുപ്പോ കൂടാതെ സന്തോഷസമന്വിതം സഹിക്കുവാൻ—നാം തയ്യാറാണോ? ജീവൻ ഹോമിക്കുവാൻ നാം സന്നദ്ധരാണോ? ഈയൊരു സന്നദ്ധത നമുക്കു് ലഭിക്കണമെങ്കിൽ നാം പാപരഹിതമായ ജീവിതവും വിശ്വാസതീക്ഷ്ണതയുംമൂലം ക്രിസ്തുവിനോടുകൂടി സംയോജിച്ചിരിക്കണം.

(ജെ. ചെമ്മണ്ണൂർ)

## സിഷ്യ ബാങ്ക് ക്ലിപ്തം

ഹെഡ്ഡാഫീസ്:—ആലപ്പുഴ

ബ്രാഞ്ചസ്: മണിമല—പുളിങ്കുന്നു

ഡിപ്പോസിററുകൾ സ്വീകരിക്കുക, പണം കടം കൊടുക്കുക, ഡ്രാഫ്ററു്, ബില്ല മുതലായവ കൊടുക്കുകയും വാങ്ങുകയും ചെയ്യുക തുടങ്ങി എല്ലാ ബാങ്കു പ്രവർത്തനങ്ങളും നടത്തുന്നു.

പലിശനിരക്കു് അടങ്ങിയ കൂടുതൽ വിവരങ്ങൾ ഏതെങ്കിലും ആഫീസിൽനിന്നും അറിയാവുന്നതാണു്.

എ. സി. മാത്യു, ബി. എ., സി. എ., ഐ. ഐ. ബി.

(സിക്രട്ടറി)

സുവർണ്ണപണയം

കുറഞ്ഞപലിശ. കൂടുതൽ നിരക്കു്

**ബാങ്ക് ഓഫ് കൊച്ചിൻ ക്ലിപ്തം**

എറണാകുളം

മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ, വില്ലിങ്ങ്ടൺ ഐലൻഡ്